ISSN 2582-2764



# അറിവോരം

ARIVORAM - OFFICIAL NEWSLETTER OF KERALA LEGISLATIVE ASSEMBLY
Vol. 4 | Issue 1 | Bimonthly | February 2024 | Thiruvananthapuram | Page 20 | Price ₹ 10

» 05 വണ്ടിപ്പെരിയാറിലെ പോക്സോ കേസിൽ നീതി നിഷേധിക്കരുത്
» 11 നദികളെ പുനരുജ്ജീവിപ്പിക്കാനുള്ള നടപടികളുമായി നിയമസഭാ സമിതി
» 20 നവകേരളം യാഥാർഥ്യത്തിലേക്ക്

സഭാധ്യക്ഷന്റെ പേജ്



## കുമാരനാശാൻ എന്ന വിപ്ലവകാരി

എ.എൻ. ഷംസീർ
സ്പീക്കർ



'ഈഴവരുടേയും മറ്റ് പിന്നോക്ക സമുദായക്കാരുടേയും രാഷ്ട്രീയ സാമൂഹിക അവശതകൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് ചില നടപടികളെടുക്കാൻ തുടങ്ങിയതിൽ ഞാൻ സംതൃപ്തനാണ്. എങ്കിലും ചില കാര്യങ്ങൾ കൂടെ ശ്രദ്ധിപ്പാനുണ്ട്. തീണ്ടൽ ഇവയിലൊന്നാണ്. ഇക്കാര്യത്തെ കുറിച്ച് ഒന്നിലേറെ തവണ ബോധിപ്പിച്ചിട്ടുള്ളതാണ്. ചില സ്ഥലങ്ങളിൽ ഈഴവർക്കും മറ്റ് പിന്നോക്കക്കാർക്കും നിരോധനമേർപ്പെടുത്തൽ ഇപ്പോഴുമുണ്ട്. ദക്ഷിണ തിരുവിതാംകൂറിലും ഉത്തര തിരുവിതാംകൂറിലും നിരോധനാജ്ഞകളെഴുതിയ നോട്ടീസ് ബോർഡുകൾ ഇപ്പോഴുമുണ്ട്. ഇത് അവരെ പൊതു സ്ഥലങ്ങളിൽ പ്രവേശിപ്പിക്കുന്നതിൽ നിന്ന് വിലക്കുന്നതിന് പുറമേ അവരുടെ ആത്മാഭിമാനത്തെ വ്രണപ്പെടുത്തുന്നതിനും കാരണമായി ഭവിക്കുന്നുണ്ട്. ഗവൺമെന്റ് ഇതിന് പരിഹാരമുണ്ടാക്കാൻ നടപടികളെടുക്കണമെന്ന് ഞാനപേക്ഷിക്കുന്നു...'

മഹാകവി എൻ കുമാരൻ ആശാൻ
ശ്രീമൂലം പ്രജാസഭ, മാർച്ച് ഒന്ന്, 1916

മഹാകവി കുമാരനാശാന്റെ ജീവിതം സാമൂഹ്യ പരിഷ്കരണ നവോത്ഥാന മുന്നേറ്റങ്ങൾക്ക് ഊർജ്ജം പകർന്നുകൊണ്ടുള്ള ഒരു മഹാഗാഥയായിരുന്നു. കവിതയിൽ അദ്ദേഹം പറയുന്ന കഥയും സൃഷ്ടിക്കുന്ന പാത്രവും പ്രതിപാദിക്കുന്ന പ്രമേയവും കൽപ്പിക്കുന്ന സ്വരൂപവുമെല്ലാം കുറ്റമറ്റ രീതിയിൽ തികവുള്ളതായിരുന്നതുപോലെ അദ്ദേഹത്തിന്റെ സാമൂഹ്യ ഇടപെടലുകളും പരിപൂർണ്ണമായിരുന്നു.

കവി, പൊതുപ്രവർത്തകൻ തുടങ്ങിയ മേഖലകളിൽ തിളങ്ങിനിൽക്കെയാണ് നൂറ് വർഷങ്ങൾക്ക് മുൻപ് എൻ. കുമാരൻ ആശാൻ വിടവാങ്ങിയത്. 1924 ജനുവരി 16 ന് പല്ലനയാറിന്റെ ആഴങ്ങളിൽ നഷ്ടപ്പെടുമ്പോൾ അദ്ദേഹത്തിന് അമ്പത്തിയൊന്ന് വയസ്സാണ്. അന്നവിടെ മുങ്ങിത്താണത് സമകാലിക മലയാള കവികളിൽ ഏറ്റവും പ്രമുഖനായ വ്യക്തിത്വം മാത്രമായിരുന്നില്ല. സ്വാമി വിവേകാനന്ദൻ ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ച മലയാളനാടിനെ പ്രബുദ്ധമാക്കാൻ യത്നിച്ച ഒരു പൊതുപ്രവർത്തകനും സാമാജികനും കൂടിയായിരുന്നു.

മലയാള കവിതയുടെ ഭാവരൂപങ്ങളിൽ നവീനമായ പ്രകാശം പരത്തിയ മഹാകവിത്രയത്തിൽ പല കാരണങ്ങളാൽ പ്രഥമഗണനീയനാണ് കുമാരനാശാൻ. കവി എന്നതിലുപരി കേരളത്തിന്റെ സാമൂഹ്യ പരിഷ്കരണത്തിന് വേണ്ടി പ്രവർത്തിച്ച നവോത്ഥാന നായകൻ കൂടിയായിരുന്നു അദ്ദേഹം.

1873 ൽ ചിറയിൻകീഴ് താലൂക്കിലെ കായിക്കരയിലാണ് കുമാരനാശാൻ ജനിച്ചത്. ആ കാലത്തെ രീതിയനുസരിച്ച് ഗുരുമുഖത്ത് നിന്നും സംസ്കൃതം അഭ്യസിച്ചു. തുടർന്ന് കായിക്കരയിലെ ഒരു സർക്കാർ വിദ്യാലയത്തിലും പഠിച്ചു. വളരെ ചെറുപ്പത്തിൽ തന്നെ കുമാരന് ശ്രീനാരായണ ഗുരുവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ കഴിഞ്ഞിരുന്നു. ഗുരുവിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കുമാരനെ ആശാനാക്കി മാറ്റുന്നതിൽ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. ബാംഗ്ലൂരിലും മദ്രാസിലും കൽക്കത്തയിലും ലഭിച്ച വിദ്യാഭ്യാസത്തിലൂടെ ലോകത്തെ പുരോഗമനപരമായി നോക്കിക്കാണാൻ ആശാന് സാധിച്ചു. വ്യക്തിത്വ വികാസത്തിന്റെ കാര്യത്തിൽ വിദ്യാഭ്യാസം വഹിക്കുന്ന പങ്കിനെ കുറിച്ച് തിരിച്ചറിഞ്ഞതും ഈഴവാദി പിന്നാക്കക്കാരുടെ വിദ്യാഭ്യാസ അവകാശങ്ങൾക്ക് വേണ്ടി സാമാജികനെന്ന നിലയിലും അല്ലാതെയും നിരന്തരം പോരാടിയതുമൊക്കെ ഇത്തരം തിരിച്ചറിവുകളുടെ പിൻബലത്തിലാണ്.

കുമാരനാശാൻ ബാല്യത്തിലേ കവിതകൾ എഴുതാൻ തുടങ്ങിയിരുന്നു. തന്റെ കവിതാവാസനയെ നിരന്തരം തേച്ചുമിനുക്കി മൂർച്ചപ്പെടുത്തിയ അദ്ദേഹം 1908 ലാണ് വീണപൂവ് രചിച്ചത്. ദുരവസ്ഥ, നളിനി, ചണ്ഡാലഭിക്ഷുകി, ഒരു സിംഹപ്രസവം, കരുണ തുടങ്ങിയ പ്രധാനപ്പെട്ട കവിതകളെല്ലാം തുടർന്നുള്ള പതിനാറ് വർഷങ്ങളിൽ പ്രകാശിതമായി. അതിന് മുന്നേ തന്നെ നാരായണ ഗുരു സ്ഥാപിച്ച എസ്. എൻ. ഡി. പി. യോഗവുമായി ചേർന്ന് ആശാൻ പ്രവർത്തിക്കുന്നുണ്ട്. 1904 ൽ യോഗം സ്ഥാപിതമാവുമ്പോൾ അതിന്റെ ആദ്യത്തെ സെക്രട്ടറി അദ്ദേഹമായിരുന്നു. വിവേകോദയം മാസികയുടെ പത്രാധിപരായും ആശാൻ പ്രവർത്തിച്ചു. എസ്. എൻ. ഡി. പി. യെ ജാതിവ്യവസ്ഥയ്ക്കെതിരെ പൊരുതുവാനുള്ള ഒരു സംഘടിത ശക്തിയാക്കി മാറ്റിയതിൽ ആശാനുള്ള പങ്ക് വലുതാണ്. കുമാരനാശാൻ അന്നത്തെ സമൂഹത്തിൽ കാഴ്ചവച്ച ബഹുമുഖങ്ങളായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമെന്നുള്ള നിലയ്ക്കാണ് ശ്രീമൂലം പ്രജാസഭയിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ടത്. സമാജികത്വത്തെ പുരോഗമനോന്മുഖവും മാതൃകാപരവുമാക്കി വിനിയോഗിക്കാൻ അദ്ദേഹത്തിന് സാധിച്ചു. പ്രജാസഭയിൽ മുഴങ്ങിയ മഹാകവിയുടെ ശബ്ദം ജാതി ജീർണ്ണതയുടെയും അസമത്വത്തിന്റെയും കറുപ്പ് കലർന്ന അന്നത്തെ സാമൂഹ്യവ്യവസ്ഥയെ തിരുത്താനുള്ള ഊർജ്ജപ്രവാഹമായിരുന്നു.

കുമാരനാശാനെ, അക്ഷരങ്ങൾ കൊണ്ട് വിപ്ലവം സൃഷ്ടിച്ച മലയാളത്തിലെ മഹാകവി എന്ന് അടയാളപ്പെടുത്താറാണ് പതിവ്. അതിനുമപ്പുറം അദ്ദേഹം ജീവിച്ച കാലഘട്ടത്തിലെ സാമൂഹ്യ പരിഷ്കർത്താവ് എന്ന നിലയിൽ നടത്തിയ പ്രവർത്തനങ്ങൾ പലപ്പോഴും ചർച്ചയാവാറില്ല. അദ്ദേഹത്തിന്റെ കവിതകളിലെന്ന പോലെ പ്രജാസഭയിൽ നടത്തിയ പ്രസംഗങ്ങളും അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾക്ക് വേണ്ടിയുള്ളതായിരുന്നു. 1914 ലും 1920 ലും കുമാരനാശാൻ പ്രജാസഭയിൽ നടത്തിയ പ്രസംഗങ്ങൾ നമ്മുടെ നിയമസഭാ ലൈബ്രറിയിൽ നിന്നും ഞാൻ വായിച്ചിട്ടുണ്ട്. സമൂഹത്തിലെ പിന്നാക്ക വിഭാഗത്തിലുള്ളവർ സമൂഹത്തിൽ അഭിമുഖീകരിച്ച അസമത്വങ്ങൾക്കെതിരെ, ജാതീയമായ ഉച്ചനീചത്വങ്ങൾക്കെതിരെ അദ്ദേഹത്തിന്റെ ശബ്ദം സഭയിൽ ഉയർന്നു. വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് സ്കൂൾ പ്രവേശനത്തിനും സർക്കാർ ജോലി നിഷേധിക്കപ്പെട്ടവർക്ക് ജോലിക്ക് വേണ്ടിയും ക്ഷേത്രങ്ങളുടെ പരിസരങ്ങളിൽ പോലും പോകാൻ അനുവാദമില്ലാതെ മാറ്റി നിർത്തപ്പെടുന്നതിനെതിരായും തുടങ്ങി പിന്നാക്ക വിഭാഗങ്ങളിലുള്ളവരുടെ രാഷ്ട്രീയ സാമൂഹിക അവശതകൾ പരിഹരിക്കുന്നതിന് അന്നത്തെ ഗവൺമെന്റിനെ നിർബന്ധിതമാക്കുന്ന ഇടിമുഴക്കം തന്നെയായിരുന്നു ആശാനിലൂടെ പ്രജാസഭയിൽ മുഴങ്ങിയത്. അദ്ദേഹത്തിന്റെ ജീവിതത്തിലെ എഴുത്തുപർവ്വം പോലെ തന്നെ പ്രധാനമാണ് ഈ ഇടപെടലുകളും. പക്ഷെ, അതിനെ വിശദീകരിക്കാനും വ്യാഖ്യാനിക്കാനും പഠനവിധേയമാക്കി അടയാളപ്പെടുത്താനും വേണ്ടത്ര പരിശ്രമങ്ങൾ ഉണ്ടാവുന്നില്ലെന്നത് ഒരു പരിമിതിയായി കാണേണ്ടതുണ്ട്. അതിനെ മറികടക്കാനുള്ള പരിശ്രമം കേരളത്തിൽ ഉയർന്നുവരണം.

പ്രൊഫ. ജോസഫ് മുണ്ടശ്ശേരി പറഞ്ഞത് പോലെ, കുമാരനാശാൻ ഒരു വിപ്ലവകാരിയാണ്. നിയോക്ലാസിസത്തിന്റെ മരവിപ്പിൽ നിന്നും മലയാള കവിതക്ക് റൊമാന്റിസത്തിന്റെ പുതുജീവൻ നൽകുകയും അതിനെ സാംസ്കാരിക നവോത്ഥാനത്തിന്റെ യുഗത്തിലേക്ക് നയിക്കുകയും ചെയ്തു എന്നതാണ് മുണ്ടശ്ശേരി സൂചിപ്പിച്ച ആ വിപ്ലവം. സാഹിത്യത്തിലും സാംസ്കാരിക ജീവിതത്തിലും സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിലും വിപ്ലവകരമായ നിലപാടുകൾ കൈക്കൊണ്ട മഹാകവി കുമാരനാശാൻ വിട പറഞ്ഞ് നൂറ് വർഷം പിന്നിടുമ്പോൾ, ശ്രീമൂലം പ്രജാസഭയിൽ അദ്ദേഹം ഉയർത്തിയ ശബ്ദത്തെ, കൂടുതൽ വിപുലമായും സൂക്ഷ്മാർത്ഥത്തിലും ഉയർത്തിപ്പിടിച്ച് കേരള സമൂഹത്തെ കൂടുതൽ പുരോഗമനപരവും സമത്വപൂർണ്ണവുമാക്കാൻ സാധിക്കേണ്ടതുണ്ട്.

എം.പി. അപ്പൻ രചിച്ച 'വിശ്വമഹാകവി' എന്ന കവിതയിലെ ചില വരികൾ ഉദ്ധരിച്ചുകൊണ്ട് ഈ മുഖക്കുറിപ്പ് അവസാനിപ്പിക്കാം.

"കൊടിയ ചങ്ങല വെട്ടിനീക്കി വിലങ്ങുമൻപൊട്ടു മാറ്റിയ
 അടിമകൾക്കരുളീ സ്വതന്ത്രത ദിവ്യമായൊരു ശക്തിപോൽ!
ചങ്കുറപ്പെഴുമെത്രതരുണഹരീന്ദ്രരാണണിയായ് നിര
ന്നങ്കമാടിയതങ്ങു സേനയെ വീറിയന്നു നയിക്കയാൽ!

അടിയുറച്ചൊരു ജാതിതന്നുടെ നെടിയകോട്ട തകർന്നുപോയ്
കിടുകിടെന്നു വിറയ്ക്കയായ് സ്മൃതി പടുഭവാൻ പട നീക്കവേ.
ഐതിഹാസികമായിരുന്നു ഭവാന്റെ സമര, മതോരുകിൽ
ഭാവിലോകപരമ്പരയ്ക്കുമുദിച്ചിടും പുളകാങ്കുരം.

ചിന്തതൻപ്രഭ വിതറിടും തവകലയെ വന്നെതിരേൽക്കുവാൻ
ഹന്ത! വെമ്പലിയന്നു സുമഹിതലോകസാഹിതി നിൽക്കയാൽ
ഇന്നു ഞങ്ങൾ കൃതാർത്ഥരാ, യഭിമാനതുന്ദിലരായ് തുലോം
ഇന്നു ഞങ്ങടെ കണ്ണുനിറയുകയാണു വിശ്വമഹാകവേ!"

## പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനം

പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനം 2024 ജനുവരി 25 ന് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെ ആരംഭിച്ചു. നിയമസഭാ ചരിത്രത്തിലെ ഏറ്റവും ദൈർഘ്യം കുറഞ്ഞ നയപ്രഖ്യാപന പ്രസംഗമാണ് ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാൻ നടത്തിയത്. തുടർന്ന് 2024 ജനുവരി 29 ന് സി.പി.ഐ. നിയമസഭാ കക്ഷി നേതാവ് ഇ. ചന്ദ്രശേഖരൻ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് നന്ദിപ്രമേയം അവതരിപ്പിച്ചു. അന്തരിച്ച മുൻ സാമാജികർക്ക് അന്നേദിവസം സഭ ചരമോപചാരം അർപ്പിച്ചു. 2024 ജനുവരി 25 മുതൽ മാർച്ച് 27 വരെ 32 ദിവസങ്ങളിൽ സമ്മേളനം ചേർന്ന് പൂർണ്ണ ബജറ്റ് പാസ്സാക്കുന്ന തരത്തിലുള്ള കലണ്ടർ ആയിരുന്നു നിശ്ചയിച്ചിരുന്നത്. എന്നാൽ 2024 ജനുവരി 30 ന് സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ 12 ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം ഫെബ്രുവരി 5 ാം തീയതി അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ്, വോട്ട് ഓൺ അക്കൗണ്ട് എന്നിവ അവതരിപ്പിക്കാനും തുടർന്ന് ഫെബ്രുവരി 12, 13, 14 തീയതികളിൽ ബജറ്റിന്മേൽ പൊതുചർച്ചയും സമ്മേളനത്തിന്റെ അവസാന ദിവസമായ ഫെബ്രുവരി 15 ന് വോട്ട് ഓൺ അക്കൗണ്ടിന്മേൽ ചർച്ചയും വോട്ടെടുപ്പും നടത്തുന്നതിനുമാണ് നിശ്ചയിച്ചിട്ടുള്ളത്. സമ്മേളനത്തിൽ 3 ബില്ലുകൾ അവതരിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.



## മൊഴിമുഴക്കം

"അനുകമ്പയായ മധുരത്താൽ
നിറഞ്ഞതായിരിക്കണം മനുഷ്യ മനസ്സ്"
ചട്ടമ്പി സ്വാമികൾ

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ....

## പൈതൃക നഗരിയെ തൊട്ടറിഞ്ഞ് തലശ്ശേരി ഹെറിറ്റേജ് റൺ

**എ.എൻ.ഷംസീർ**
തലശ്ശേരി




തലശ്ശേരി നഗരത്തിലെ പൈതൃക സ്മാരകങ്ങളെ വലംവച്ചുള്ള ഹെറിറ്റേജ് റൺ സീസൺ മൂന്ന് സമാപിച്ചു. പൈതൃക നഗരിയായ തലശ്ശേരിയിലെ പ്രധാന ചരിത്ര സ്മാരകങ്ങളും ടൂറിസം കേന്ദ്രങ്ങളും ലോകത്തിന് പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് എല്ലാ വർഷവും ഹെറിറ്റേജ് റൺ സംഘടിപ്പിക്കുന്നത്.

പതിനെട്ട് കിലോമീറ്റർ ദൈർഘ്യമുള്ള ഹെറിറ്റേജ് റണ്ണിന്റെ സീസൺ മൂന്നിൽ ആയിരത്തി അഞ്ഞൂറോളം പേർ അണിനിരന്നു. വി. ആർ. കൃഷ്ണയ്യർ മെമ്മോറിയൽ മുനിസിപ്പൽ സ്റ്റേഡിയത്തിൽ നിന്ന് ആരംഭിച്ച ഹെറിറ്റേജ് റൺ കെ.വി. സുമേഷ് എം.എൽ.എ. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ, വൈസ് പ്രസിഡന്റ് ബിനോയ് കുര്യൻ, നഗരസഭ അധ്യക്ഷ ജമുനറാണി ടീച്ചർ, ജില്ലാ കലക്ടർ അരുൺ കെ. വിജയൻ, സബ് കലക്ടർ സന്ദീപ് കുമാർ എന്നിവർ ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്തു.

പുരുഷ വിഭാഗത്തിൽ ആദ്യ മൂന്നു സ്ഥാനങ്ങളും കെനിയൻ കായിക താരങ്ങൾ കൈയടക്കി. സൈമൺ മൈവ നിവാങ്കി, ടിമൺ കിമുടൈ, കിസ്‌മോസ് കിപ്കോറിർ ബിവോട്ട് എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വനിതാ വിഭാഗത്തിൽ പത്തനംതിട്ടയിലെ റീബ അന്ന ജോർജ്, എൻ. പൗർണമി, എറണാകുളത്തെ ടി.പി. ആസ എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. വിജയികൾക്ക് യഥാക്രമം 50,000, 25,000, 10,000 രൂപ വീതം സമ്മാനമായി നൽകി.

സീസൺ ഒന്നിൽ കേരളത്തിലുള്ളവർ മാത്രമാണ് പങ്കെടുത്തിരുന്നതെങ്കിൽ സീസൺ രണ്ടിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ളവരുടെ പങ്കാളിത്തമുണ്ടായി. കെനിയക്ക് പുറമേ ഘാന, സ്വീഡൻ, ഓസ്‌ട്രേലിയ എന്നിവിടങ്ങളിലേയും കായിക താരങ്ങൾ ഹെറിറ്റേജ് റൺ സീസൺ മൂന്നിന്റെ ഭാഗമായി.

തലശ്ശേരി സ്റ്റേഡിയത്തിൽ നിന്ന് ആരംഭിച്ച ഹെറിറ്റേജ് റൺ കോട്ട, സെന്റ് ജോൺ ആംഗ്ലിക്കൻ ചർച്ച്, ജവഹർഘട്ട്, പിക്ച്ചർ സ്ട്രീറ്റ്, ഫയർ ടാങ്ക് കുളം, കടൽപാലം, ഇന്ദിര പാർക്ക്, ചാലിൽ പി. എച്ച്.സി. ഹാർബർ റോഡ്, അറക്കളംമുക്ക്, ശ്രീ ജഗന്നാഥ ക്ഷേത്രം, സ്പോർട്ടിങ് അറീന, ശ്രീ രാമസ്വാമി ക്ഷേത്രം, മഞ്ഞോടി, പുല്ലമ്പിൽ, കണ്ടിക്കൽ, എരഞ്ഞോളിപാലം, ചിരക്കര, ടൗൺഹാൾ, ബാങ്ക് ഓഡിറ്റോറിയം, മണവാട്ടി ജംഗ്ഷൻ, ലോഗൻസ് റോഡ്, അബ്ദുൽകലാം ജംഗ്ഷൻ, പഴയ ബസ് സ്റ്റാന്റ്, ഒ.വി. റോഡ്, സംഗമം ജംഗ്ഷൻ, ഗുഡ്ഷെഡ് റോഡ്, കുയ്യാലി, കൊടുവള്ളി സ്കൂൾ, കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ജംഗ്ഷൻ, ഗസ്റ്റ് ഹൗസ്, ജോസ്ഗിരി, കോടതി, ട്രഷറി വഴി സ്റ്റേഡിയം ഗ്രൗണ്ടിൽ സമാപിച്ചു.

## കാഞ്ഞിരംപാറ കരിത്തോട് റോഡ് ഉദ്ഘാടനം

**വി.കെ.പ്രശാന്ത്**
വട്ടിയൂർക്കാവ്

വട്ടിയൂർക്കാവ് നിയോജക മണ്ഡലം എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 23 ലക്ഷം രൂപ ചെലവഴിച്ച് നവീകരിച്ച കാഞ്ഞിരംപാറ കരിത്തോട് റോഡിന്റെ ഉദ്ഘാടനം വി.കെ. പ്രശാന്ത് എം.എൽ.എ. നിർവ്വഹിച്ചു. കരിത്തോട് മേഖലയിൽ സിവറേജ് ലെയിൻ എത്തിക്കുന്ന പ്രവൃത്തി എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 26.6 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിരുന്നു. ഈ പ്രവൃത്തി ചെയ്തപ്പോൾ തകർന്ന കരിത്തോട് റോഡും സമീപത്തുള്ള ചെന്നശ്ശേരി റോഡുമാണ് നവീകരിച്ചത്. കാഞ്ഞിരംപാറ വാർഡ് മുൻ കൗൺസിലർ വസന്തകുമാരി, സംഘാടക സമിതി അംഗങ്ങൾ, കെ.പി.ആർ.എ. സെക്രട്ടറി, കോൺട്രാക്ടർ എന്നിവർ പങ്കെടുത്തു.



## നൂറോളം കുടുംബങ്ങളെ പുനരധിവസിപ്പിച്ചു

**കെ.ശാന്തകുമാരി**
കോങ്ങാട്

കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിലെ പാമ്പൻതോട്, വെള്ളത്തോട് പട്ടികവർഗ്ഗ കോളനിയിലെ 92 കുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകി സംസ്ഥാന സർക്കാർ. റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി ഒൻപത് കോടി ഇരുപത് ലക്ഷം രൂപയും സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് ഒരു കോടി എൺപത്തി നാല് ലക്ഷം രൂപയും ഉപയോഗപ്പെടുത്തിയാണ് തൊണ്ണൂറ്റിരണ്ട് കുടുംബങ്ങളെ പുനരധിവസിപ്പിച്ചത്. വീടുകളുടെ സമർപ്പണ ഉദ്ഘാടനം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ നിർവ്വഹിച്ചു. സ്ഥലം എം.എൽ.എ. കെ.ശാന്തകുമാരി, ഒറ്റപ്പാലം സബ് കളക്ടർ ധർമ്മലശ്രീ, ടി.ഡി.ഒ. ഷമീന കെ.എം. മുതലായവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.



സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ....

## സമഗ്രം പെരിന്തൽമണ്ണ പദ്ധതി

**നജീബ് കാന്തപുരം**
പെരിന്തൽമണ്ണ

പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന സുസ്ഥിര വികസന പദ്ധതിയായ 'സമഗ്രം പെരിന്തൽമണ്ണ'യുടെ ആഭിമുഖ്യത്തിൽ ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്തിൽ ഫാഷൻ ഡിസൈനിംഗ് കോഴ്സിന് തുടക്കമായി. വനിതകളെ സാമ്പത്തികമായി സ്വയംപര്യാപ്തരാക്കുക, സംരംഭകരാക്കി മാറ്റുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. ഫാഷൻ ഡിസൈനിംഗ് മേഖലയിൽ മൂന്നു മാസം നീണ്ടു നിൽക്കുന്ന വിദഗ്ധ പരിശീലനമാണ് സൗജന്യമായി നൽകുന്നത്. ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്തിലെ വട്ടപ്പറമ്പ് അംഗൻവാടിയിൽ ആരംഭിക്കുന്ന കോഴ്സിൽ അമ്പത് വനിതകൾക്കാണ് ആദ്യഘട്ടത്തിൽ പരിശീലനം നൽകുന്നത്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിനൊപ്പം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായവും പദ്ധതി പ്രകാരം ഉറപ്പാക്കും.

ആലിപ്പറമ്പ് പഞ്ചായത്തിൽ കോഴ്സിന്റെ ഉദ്ഘാടനം നജീബ് കാന്തപുരം എം.എൽ.എ. നിർവ്വഹിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷന്മാർ, മറ്റ് ജനപ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



## 'വിരൽത്തുമ്പിൽ എം.എൽ.എ' : എത്തി ഈ വീട്ടിൽ വെളിച്ചം



പ്ലസ് വൺ വിദ്യാർഥിനി സോഹക്കും സഹോദരനായ ഒമ്പതാം ക്ലാസുകാരൻ സനിൻ അഹമ്മദിനും ഇനി വൈദ്യുതി വെളിച്ചത്തിൽ പഠിക്കാം. വീട്ടിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ മെഴുകുതിരി വെളിച്ചത്തിൽ പഠിക്കുകയായിരുന്ന വിദ്യാർഥികൾക്കാണ് നജീബ് കാന്തപുരം എം.എൽ.എ. യുടെ ഇടപെടലിനെ തുടർന്ന് വൈദ്യുതി വെളിച്ചത്തിൽ പഠിക്കാനുള്ള സൗകര്യമൊരുങ്ങിയത്. നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന 'വിരൽത്തുമ്പിൽ എം.എൽ.എ.' പദ്ധതിയിൽ ലഭിച്ച പരാതിയെത്തുടർന്നാണ് എം.എൽ.എ. വിഷയത്തിൽ ഇടപെട്ടത്. വൈദ്യുതി ഇല്ലാത്തതു മൂലം ഇവർ നേരിടുന്ന ദുരിതം സംബന്ധിച്ച് സ്കൂളിലെ അധ്യാപകൻ സുബൈറാണ് വിരൽത്തുമ്പിൽ എം.എൽ.എ. പദ്ധതിയുടെ വാട്ട്സാപ്പ് നമ്പറിലേക്ക് പരാതി അയച്ചത്. പദ്ധതിയുടെ വോളണ്ടിയർമാർ ഇവരുടെ വീട് സന്ദർശിച്ച് രേഖകൾ ശരിയാക്കുന്നതടക്കമുള്ള കാര്യങ്ങൾ ഏറ്റെടുത്തു.

പൊതുജനങ്ങളുടെ പരാതികളും നിർദ്ദേശങ്ങളും കേൾക്കുന്നതിനായി നജീബ് കാന്തപുരം എം.എൽ.എ. നടപ്പാക്കുന്ന പദ്ധതിയാണ് 'വിരൽത്തുമ്പിൽ എം.എൽ.എ.' 9847305060 എന്ന വാട്ട്സാപ്പ് നമ്പറിലേക്കാണ് പരാതികളും നിർദ്ദേശങ്ങളും അയക്കേണ്ടത്. പൊതുജനങ്ങളുടെ പരാതി ഒരേ സമയം എം.എൽ.എ. ക്കും എം.എൽ.എ. ഓഫീസിലെ പ്രത്യേക ഡെസ്കിലേക്കും ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥ മേധാവികൾക്കും ലഭിക്കും. അതത് വകുപ്പുകൾ ഈ പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കും. വിവിധ ഓഫീസുകളുമായി ബന്ധപ്പെടേണ്ട ഘട്ടങ്ങളിൽ എം.എൽ.എ. ഓഫീസിലെ ജീവനക്കാർ ഉദ്യോഗസ്ഥരുമായി ബന്ധപ്പെടും. ഓഫീസുകൾ കയറിയിറങ്ങാതെ പൊതുജനങ്ങളുടെ പരാതികൾക്ക് പരിഹാരം കാണുകയാണ് വിരൽത്തുമ്പിൽ എം.എൽ.എ. എന്ന പദ്ധതിയുടെ ലക്ഷ്യം.



## നാടോടി കലകളുടെ പൂരാഘോഷമായി 'വൈപ്പിൻ വസന്തോത്സവം 2023'

**കെ.എൻ.ഉണ്ണികൃഷ്ണൻ**
വൈപ്പിൻ

ടൂറിസം വികസനത്തിനും സാംസ്കാരിക വിനിമയ മുന്നേറ്റത്തിനും ഊർജ്ജം പകരാൻ ലക്ഷ്യമിട്ട് കെ. എൻ. ഉണ്ണികൃഷ്ണൻ എം. എൽ. എ. സംഘടിപ്പിച്ച രണ്ടു ദിവസത്തെ 'വൈപ്പിൻ വസന്തോത്സവം 2023' നാടൻ കലകളുടെ പൂരാഘോഷമായി. ചെറായി ബീച്ചിലെ വോയിറ്റോ വില്ലയിൽ അഞ്ചു സംസ്ഥാനങ്ങളിലെ വൈവിധ്യമാർന്ന എട്ട് കലാരൂപങ്ങളാണ് രണ്ട് ദിവസങ്ങളിലായി അവതരിപ്പിച്ചത്. 120 കലാകാരന്മാരും കലാകാരികളും പരിപാടിയിൽ ഭാഗഭാക്കായി.

കേരളത്തിന്റെ മാരി തെയ്യം, പുലികളി എന്നിവയ്ക്കു പുറമേ തമിഴ്നാടിന്റെ തപ്പാട്ടം, സിലമ്പാട്ടം, കർണാടകയുടെ ഡൊല്ലു കുനിത, കംസാലെ, ഒഡീഷയുടെ ദല്ഖായി, തെലങ്കാനയിലെ ഗുസ്സാഡി എന്നീ കലാരൂപങ്ങൾ അരങ്ങേറിയത് കലാസ്വാദകർക്ക് നവ്യാനുഭവമായി.

പരിപാടിയുടെ ഉദ്ഘാടനം കെ. എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ. നിർവ്വഹിച്ചു. തഞ്ചാവൂർ സൗത്ത് സോൺ കൾച്ചറൽ സെന്ററിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച വസന്തോത്സവത്തിന്റെ ഏകോപനം നിർവ്വഹിച്ചത് ലോക ധർമ്മി നാടക വീടാണ്.

## കുറുമ്പയം എൽ.പി. സ്കൂളിന് ഇരുനില മന്ദിരം

**ഡി.കെ. മുരളി**
വാമനപുരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കല്ലറ പഞ്ചായത്തിലെ കുറുമ്പയം എൽ.പി സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുന്നതിനോടൊപ്പം മണ്ഡലത്തിലെ എല്ലാ സർക്കാർ വിദ്യാലയങ്ങളുടേയും മുഖച്ഛായയും മാറുകയാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഒരു കോടി രൂപ ചെലവഴിച്ചാണ് സ്മാർട്ട് ക്ലാസ് മുറികളോട് കൂടിയ സ്കൂൾ കെട്ടിടം നിർമ്മിച്ചത്. 2023 നവംബർ 13 ന് പുതിയ ഇരുനില മന്ദിരം പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വാമനപുരം എം.എൽ.എ. ഡി.കെ മുരളി അധ്യക്ഷത വഹിച്ചു. 4,200 സ്ക്വയർ ഫീറ്റിൽ രണ്ട് നിലകളിലായി, ഭിന്നശേഷി സൗഹൃദമായ ശുചിമുറികളും ആറ് ക്ലാസ്മുറികളും അടങ്ങുന്നതാണ് കെട്ടിടം.

പുതിയ സ്കൂൾ കെട്ടിടം മലയോര ഗ്രാമീണ മേഖലയായ കുറുമ്പയത്തിന്റെ പ്രൈമറി വിദ്യാഭ്യാസമേഖലയ്ക്ക് മുതൽക്കൂട്ടാവുകയാണ്. എഴുപത്തിയഞ്ച് വർഷങ്ങൾക്ക് മുമ്പ് സ്ഥാപിതമായ കുറുമ്പയം എൽ.പി. സ്കൂളിന് ആധുനികസൗകര്യങ്ങളോടെയുള്ള ബഹുനില മന്ദിരം നിർമ്മിക്കണമെന്ന നാട്ടുകാരുടെ ദീർഘകാലമായുള്ള ആവശ്യം കൂടിയാണ് ഇതോടെ നിറവേറിയത്. കുറുമ്പയം



സ്കൂൾ അങ്കണത്തിൽ നടന്ന ചടങ്ങിൽ രാജ്യസഭാംഗം എ.എ. റഹീം മുഖ്യാതിഥിയായി. കല്ലറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിസി ജി.ജെ, വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജി.കോമളം, ജില്ലാ പഞ്ചായത്തംഗം ബിൻഷ ബി. ഷറഫ്, വാമനപുരം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എസ്.എം. റാസി, കല്ലറ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എസ്. നജിൻഷ, ത്രിതല പഞ്ചായത്തംഗങ്ങൾ, ഉദ്യോഗസ്ഥർ, നാട്ടുകാർ, രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവരും പങ്കെടുത്തു.

സ്പീക്കറുടെ പൊതു പരിപാടികൾ

## കണ്ണപുരം ഗ്രാമപഞ്ചായത്തിൽ ലൈഫിന്റെ നിറപുഞ്ചിരി



കണ്ണപുരം ഗ്രാമപഞ്ചായത്ത് ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ലൈഫ് ഭവന പദ്ധതിയിലൂടെ പൂർത്തീകരിച്ച നാൽപത് വീടുകളുടെ താക്കോൽ ദാനം നിർവ്വഹിച്ച് നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ. ഓരോരുത്തരിലും വിരിയുന്ന നിറ പുഞ്ചിരി മനസ്സിനെ കുളിരണിയിപ്പിക്കുന്നതായും നാടിന്റെ വികസന പ്രവർത്തനങ്ങൾ ജനങ്ങളെ പങ്കാളികളാക്കി എങ്ങനെ ആസൂത്രണം ചെയ്യാം എന്നത് തദ്ദേശ സ്ഥാപനങ്ങൾ കൂടുതൽ ആലോചിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ജനങ്ങളിൽ നിന്നും ധനസമാഹരണം നടത്തി വിവിധ സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവ യാഥാർഥ്യമാക്കിയിട്ടുണ്ടെന്ന് പറഞ്ഞ അദ്ദേഹം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടെ രാഷ്ട്രീയ സംഘടനകൾ, സന്നദ്ധ പ്രവർത്തകർ, വ്യവസായികൾ തുടങ്ങിയവരുടെ സഹായങ്ങൾ ഉപയോഗപ്പെടുത്തി ഭൂമിയില്ലാത്തവർക്ക് ഭൂമി കണ്ടെത്തുന്നതിനും ഭവന നിർമ്മാണത്തിനായുള്ള സഹായങ്ങൾ സമാഹരിക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങൾ കൂടുതൽ ശ്രദ്ധ കൊടുക്കണമെന്നും അഭ്യർത്ഥിച്ചു.

എം. വിജിൻ എം. എൽ. എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ വി.ഇ.ഒ., കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്, കണ്ണപുരം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് തുടങ്ങിയവരും പങ്കെടുത്തു.

കണ്ണപുരം ഗ്രാമപഞ്ചായത്തിൽ ഇതുവരെ 80 ലൈഫ് ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ഇവയിൽ 40 ഭവനങ്ങളുടെ താക്കോൽ കൈമാറുകയും ചെയ്തിട്ടുണ്ട്.

ഡെപ്യൂട്ടി സ്പീക്കറുടെ പൊതുപരിപാടികൾ

## കൊടുമൺ പഞ്ചായത്തിന് സ്മാർട്ട് കൃഷിഭവൻ

കൊടുമൺ പഞ്ചായത്തിൽ സ്മാർട്ട് കൃഷി ഭവൻ നിർമ്മിക്കുമെന്ന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ. ഒരു കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. നവകേരള സദസ്സുമായി ബന്ധപ്പെട്ട് നടത്തിയ കാർഷിക സെമിനാറും വിപണന മേളയും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.




സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ....

## എരുമേലി പിൽഗ്രിം അമിനിറ്റി സെന്റർ നവീകരിച്ചു

**സെബാസ്റ്റ്യൻ കുളത്തുങ്കൽ**
പൂഞ്ഞാർ

എരുമേലിയിൽ എത്തുന്ന ശബരിമല തീർത്ഥാടകരുടെ സൗകര്യത്തിനായി സംസ്ഥാന ടൂറിസം വകുപ്പിന് കീഴിൽ കോട്ടയം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ നാലര ഏക്കർ സ്ഥലത്ത് പ്രവർത്തിച്ചു വന്നിരുന്ന എരുമേലി പിൽഗ്രിം അമിനിറ്റി സെന്റർ ഒരു കോടി രൂപ ചെലവിൽ നവീകരിച്ചു. നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി റോഡ് കോൺക്രീറ്റ് ചെയ്യുകയും അമിനിറ്റി സെന്ററിലെ റൂമുകൾ നവീകരിച്ച് സ്യൂട്ട് റൂമുകളും എക്സിക്യൂട്ടീവ് റൂമുകളുമാക്കി മാറ്റുകയും മുറികൾ ഫർണിഷ് ചെയ്യുകയും ഡോർമെറ്ററികൾ നവീകരിക്കുകയും ചെയ്തു. കൂടാതെ വയറിങ്, പ്ലംബിങ്, ടോയ്‌ലറ്റുകളുടെ നവീകരണം, സീലിംഗ്, പെയിന്റിംഗ്, മുറ്റം ടൈൽ വിരിക്കൽ തുടങ്ങിയ പ്രവൃത്തികളും നടത്തി. പൊതുമേഖല സ്ഥാപനമായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (SILK) നായിരുന്നു നിർമ്മാണ ചുമതല.

നവീകരിച്ച എരുമേലി പിൽഗ്രിം അമിനിറ്റി സെന്ററിന്റെ ഉദ്ഘാടനം സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. യുടെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ സംസ്ഥാന പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി. എ. മുഹമ്മദ് റിയാസ് ഓൺലൈനായി നിർവ്വഹിച്ചു. അമിനിറ്റി സെന്ററിന്റെ രണ്ടാംഘട്ട



നവീകരണ പ്രവർത്തനങ്ങൾക്കായി ഒന്നരക്കോടി രൂപ അധികമായി അനുവദിക്കുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി അറിയിച്ചു. കോട്ടയം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്, മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ഡി.ടി.പി.സി. സെക്രട്ടറി, സിൽക്ക് റീജണൽ മാനേജർ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ, സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകർ തുടങ്ങിയവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ



വി.ഡി.സതീശൻ
പ്രതിപക്ഷ നേതാവ്

പ്രതിപക്ഷ നേതാവിന്റെ പേജ്



# വണ്ടിപ്പെരിയാറിലെ പോക്സോ കേസിൽ നീതി നിഷേധിക്കരുത്

ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാറിലെ ചുരക്കുളം എസ്റ്റേറ്റിലെ ലയത്തിൽ 2021 ജൂൺ 30 ന് ആറു വയസ്സുള്ള പെൺകുട്ടിയെ പീഡിപ്പിച്ചു കൊലപ്പെടുത്തിയ കേസിലെ പ്രതിയായ അർജ്ജുനെ വെറുതെ വിട്ട കട്ടപ്പന അതിവേഗ പോക്സോ കോടതിയുടെ വിധി കേരള സമൂഹത്തിലാകെ കടുത്ത നിരാശയും രോഷവും ആണ് സൃഷ്ടിച്ചിരിക്കുന്നത്. ദൃക്സാക്ഷികൾ ഇല്ലാത്ത കേസുകളിൽ ശാസ്ത്രീയ തെളിവുകളും സാഹചര്യ തെളിവുകളും തെളിവുനിയമ പ്രകാരം സമഗ്രമായി പരിശോധിച്ച് പ്രതിയിലേക്ക് എത്തുന്നതിൽ അന്വേഷണ ഉദ്യോഗസ്ഥർക്ക് സംഭവിച്ച പാളിച്ചയാണ് ഇത്തരത്തിലൊരു വിധി പ്രസ്താവത്തിന് കാരണമായത്. ഈ പെൺകുട്ടിയും കുടുംബവും താമസിക്കുന്ന അതേ ലയത്തിൽ തന്നെ താമസിക്കുന്ന പ്രതി കുട്ടിയുടെ മാതാപിതാക്കൾ അതിരാവിലെ ജോലിക്ക് പോകുന്നവരാണ് എന്നറിയാവുന്ന ആളും കുടുംബവുമായി അടുപ്പം പുലർത്തുന്ന വ്യക്തിയുമാണ്.

കേവലം 6 വയസ്സുള്ള ദളിത് സമുദായ അംഗമായ പെൺകുട്ടിയെ ഇത്തരത്തിൽ പീഡിപ്പിച്ചു കൊലപ്പെടുത്തിയ കേസിൽ അന്വേഷണ ഉദ്യോഗസ്ഥർ പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമ നിയമവും ബാലനീതി നിയമവും സംബന്ധിച്ച യാതൊരു നടപടിക്രമവും പാലിച്ചിട്ടില്ല. ഇന്ത്യൻ ഭരണഘടന അനുച്ഛേദം 14 ഉറപ്പു നൽകുന്ന തുല്യ നീതിയും 15, 19, 21, 23, 25 അനുച്ഛേദങ്ങൾ ഉറപ്പു നൽകുന്ന സുരക്ഷിത ബാല്യത്തിനായുള്ള നിയമങ്ങളും വ്യവസ്ഥകളും ഇവിടെ ലംഘിക്കപ്പെട്ടിരിക്കുകയാണ്. കൂടാതെ, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പ് 376(3) അനുസരിച്ച് 16 വയസ്സിന് താഴെയുള്ള പെൺകുട്ടികളെ പീഡനത്തിനിരയാക്കുന്ന കുറ്റത്തിന് 20 വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ തടവും പിഴയുമാണ് ചുമത്തുന്നത്. ഇതു കൂടാതെ, കേരളത്തിലെ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് 2013 ജൂൺ 3 ാം തീയതി മുതൽ കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ പ്രവർത്തിച്ചു വരുന്നുണ്ട്. കുട്ടികളാണ് ഭാവിയുടെ വാഗ്ദാനവും സമ്പത്തുമെന്ന തിരിച്ചറിവിന്റെയും കരുതലിന്റെയും പേരിൽ 2012 ൽ കുട്ടികളെ ലൈംഗിക അതിക്രമങ്ങളിൽ നിന്നും സംരക്ഷിക്കുന്ന ആക്ട് ഇന്ത്യയിൽ നിർമ്മിച്ചിട്ടുണ്ട്. വണ്ടിപ്പെരിയാറിലെ കേസ് അന്വേഷിച്ച പോലീസ് ഉദ്യോഗസ്ഥരും പ്രോസിക്യൂഷനും വേണ്ടത്ര ജാഗ്രതയോടെ പ്രവർത്തിച്ചില്ല എന്ന് നിസ്സംശയം പറയാം. ഈ കേസിലെ അന്വേഷണ ഉദ്യോഗസ്ഥർ ഈ ഹീനകൃത്യം നടന്നതിന്റെ പിറ്റേദിവസം ആണ് സ്ഥലത്ത് എത്തിയതുപോലും. കേസ് തെളിയിക്കുന്നതിനുള്ള സാമ്പിളുകൾ ശേഖരിക്കുന്നതിലും വിരലടയാള പരിശോധന നടത്തുന്നതിലും സംഭവിച്ച വീഴ്ച ഇവിടെ വ്യക്തമാകുന്നു. ഭരണ രാഷ്ട്രീയ ഇടപെടലുകൾ സ്വതന്ത്രവും നീതിയുക്തവുമായ കേസന്വേഷണത്തിന് വിലങ്ങുതടിയായതിനാലാണ് ഈ കേസിലെ ഏക പ്രതിയെ കുറ്റകൃത്യവുമായി നേരിട്ട് ബന്ധിപ്പിക്കുന്ന ശാസ്ത്രീയ തെളിവുകൾ ശേഖരിക്കുന്നതിനും ആധുനിക കുറ്റാന്വേഷണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും പോലീസിന് കഴിയാതെ പോയത് എന്നത് സമൂഹത്തിൽ വളരെയധികം ചർച്ച ചെയ്യപ്പെട്ടതും ഇപ്പോഴും സജീവ ചർച്ചയ്ക്ക് വിധേയമായിരിക്കുകയുമാണ്.

കുറ്റകൃത്യം സംബന്ധിച്ച പരിശോധനകൾ കൃത്യമായി പൂർത്തീകരിച്ച് സംശയാതീതമായി പ്രതിയിലേക്ക് എത്താൻ കഴിയുമായിരുന്നു എന്നിരിക്കെ സൂക്ഷ്മതയില്ലാതെ കുറ്റപത്രം തയ്യാറാക്കിയ പോലീസും പ്രോസിക്യൂഷനും ചെയ്തത് അക്ഷന്തവ്യമായ തെറ്റും കൃത്യനിർവഹണത്തിലെ ഗുരുതരമായ വീഴ്ചയുമാണ്. അക്കാര്യം കൊണ്ട് മാത്രമാണ് കോടതിക്ക് പ്രതിയെ വെറുതെ വിടേണ്ടതായ വിധിപ്രസ്താവം പുറപ്പെടുവിക്കേണ്ടി വന്നത് എന്ന കോടതിയുടെ നിരീക്ഷണം അമ്പരപ്പിക്കുന്നതാണ്.

അട്ടപ്പാടിയിലെ മധുവിന്റെ കൊലപാതക കേസിലും വാളയാറിലെ പെൺകുട്ടികളുടെ കൊലപാതക കേസിലും ഈ കേസിലും കുറ്റാന്വേഷണത്തിൽ വേണ്ടത്ര സൂക്ഷ്മത ഉണ്ടായിരുന്നില്ല എന്നുള്ളത് വ്യക്തമാണ്. കൊല്ലപ്പെട്ടവർ എല്ലാവരുംതന്നെ പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗത്തിൽപ്പെട്ടവരാണ്.

സമൂഹത്തിൽ സമസ്ത വിഭാഗം ജനങ്ങൾക്കും തുല്യനീതി ഉറപ്പാക്കേണ്ടത് ഭരണകൂടത്തിന്റെ ചുമതലയാണ്. ഇത് പാലിക്കുവാൻ നിയമപ്രകാരം എല്ലാവർക്കും ഉത്തരവാദിത്വമുണ്ട്. ഈ കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ച് കേസ് നടത്തിയിട്ടുപോലും ക്രൂരമായ പീഡനത്തിന് വിധേയയായി കൊല്ലപ്പെട്ട പെൺകുട്ടിക്ക് നീതി ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് പരിഷ്കൃതമെന്ന് അഭിമാനിക്കുന്ന കേരള സമൂഹത്തിന് അപമാനകരമാണ്.

ഈ കേസിൽ പ്രതിയെ വെറുതെ വിട്ട വിധി കേട്ട് കോടതി വളപ്പിൽ നിന്ന് കുട്ടികളുടെ മാതാപിതാക്കളുടെ ചങ്കുപൊട്ടിയുള്ള നിലവിളിയും വേദനയും ഹൃദയഭേദകമായിരുന്നു. സ്വയം കുറ്റസമ്മതം നടത്തിയ അർജ്ജുന് കോടതി വിധിക്കുന്ന ശിക്ഷ ഏതെന്ന് അറിയാൻ കാത്തിരുന്നവർക്കും തികച്ചും അവിശ്വസനീയമായ വിധിപ്രസ്താവമാണ് കോടതിയിൽനിന്ന് ഉണ്ടായത്. ഈ വിധി സൃഷ്ടിക്കുന്ന പ്രതികരണങ്ങളും ആശങ്കയും നവകേരളത്തിന് ഒട്ടും ഭൂഷണമല്ല. തങ്ങളുടെ മകൾക്ക് നീതി ലഭിക്കുന്നതിന് വേണ്ടി ഒരു അച്ഛനും അമ്മയും കേഴുമ്പോൾ നീതി ലഭ്യമാക്കാൻ അവരോടൊപ്പം ഏതറ്റം വരെ പോകാനും ആവശ്യമായ നിയമസഹായം നൽകാനും ഞങ്ങൾ കൂടെ ഉണ്ടാകും. ഈ മാതാപിതാക്കളുടെ സങ്കട നിവർത്തി വരുത്തേണ്ടത് കേരളത്തിന്റെ ആകെ ഉത്തരവാദിത്വമാണ് എന്നതാകണം നമ്മുടെ നിലപാട്. കൊലക്കേസ് പ്രതിയും ഒപ്പം ബന്ധുക്കളും മരണപ്പെട്ട കുട്ടിയുടെ കുടുംബത്തെ ഇല്ലാതാക്കുമെന്ന് ഭീഷണിപ്പെടുത്തുകയുണ്ടായി. അതേത്തുടർന്ന് കുടുംബത്തിന് പോലീസ് സംരക്ഷണം വേണമെന്ന് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിരിക്കുകയാണ് കുടുംബം. എന്നാൽ പോലീസിന്റെ ഉദാസീനത മൂലം കുട്ടിയുടെ പിതാവും മുത്തച്ഛനും ആക്രമിക്കപ്പെട്ടു. വണ്ടിപ്പെരിയാർ ടൗണിൽവച്ച് പ്രതിയുടെ ബന്ധുവായ പാൽരാജ് കുട്ടിയുടെ പിതാവിനെ കുത്തിക്കൊലപ്പെടുത്താൻ ശ്രമിച്ചു.

ഇങ്ങനെ ഗൗരവതരമായ പല അപഭ്രംശങ്ങളും ഉണ്ടായ ഈ കേസ് പുനരന്വേഷിക്കാൻ സർക്കാർ തയ്യാറാവണം. വിചാരണ കോടതിയുടെ വിധിക്കെതിരെ അപ്പീൽ പോകുകയും ഇന്ത്യൻ ശിക്ഷാനിയമം അനുശാസിക്കുന്ന പരമാവധി ശിക്ഷ പ്രതിയ്ക്കുറപ്പാക്കുകയും വേണം. കുട്ടിയുടെ കൊലപാതകത്തിൽ പട്ടികജാതി- പട്ടികവർഗ്ഗ പീഡനപ്രകാരം അന്വേഷണം നടത്തിയിരുന്നെങ്കിൽ ലഭിക്കുമായിരുന്ന സാമ്പത്തിക സഹായം ഇരയായ കുട്ടിയുടെ കുടുംബത്തിന് നൽകുകയും മതിയായ പോലീസ് സുരക്ഷ ഉറപ്പാക്കുകയും ചെയ്യണം. ഇക്കാര്യത്തിൽ കേരള സമൂഹം ഒന്നാകെ ക്രൂരമായി കൊലചെയ്യപ്പെട്ട ആറുവയസ്സുകാരിക്ക് നീതി ലഭ്യമാക്കാൻ ഒന്നിച്ചുനിന്ന് പോരാടാൻ തയ്യാറാകണം. കൃത്യവും സുതാര്യവുമായ അന്വേഷണം നടത്തി ഏറ്റവും ദുർബലരായ ജനവിഭാഗങ്ങൾക്ക് തുല്യനീതി ലഭ്യമാക്കുക എന്ന ഭരണഘടനാ ഉത്തരവാദിത്വം ഇവിടെ നിറവേറ്റപ്പെടണം.

ഇതരസഭാ വാർത്തകൾ

## പശ്ചിമ ബംഗാൾ നിയമസഭയ്ക്ക് മ്യൂസിയം

പശ്ചിമ ബംഗാളിന്റെ സമ്പന്നമായ ചരിത്രം, അതിന്റെ ഉത്ഭവം, സ്വാതന്ത്ര്യത്തിന് മുൻപുണ്ടായിരുന്ന ലെജിസ്ലേറ്റീവ് കൗൺസിലിന്റെ പ്രവർത്തനം, ബ്രിട്ടീഷുകാരിൽ നിന്നുള്ള അധികാര കൈമാറ്റം എന്നിവ ചിത്രീകരിക്കുന്ന ഒരു മ്യൂസിയം പശ്ചിമ ബംഗാൾ നിയമസഭയിലെ പ്ലാറ്റിനം ജൂബിലി സ്മാരക മന്ദിരത്തിൽ മുഖ്യമന്ത്രി മമത ബാനർജി ഉദ്ഘാടനം ചെയ്തു. 2000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള മ്യൂസിയത്തിൽ സ്വാതന്ത്ര്യ സമര സേനാനികൾ, സംസ്ഥാന നേതാക്കൾ, നിയമസഭാ സാമാജികർ തുടങ്ങിയവരുടെ ശിൽപങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിലേയും വിദേശ രാജ്യങ്ങളിലേയും കലാരൂപങ്ങളുടെ ഫൈബർ ഗ്ലാസ് പ്രതിനിധാനങ്ങളും വിശ്വവിഖ്യാതരായ ചിത്രകാരന്മാരുടെ ചിത്രങ്ങളും പ്രദർശനത്തിനായി ഒരുക്കിയിട്ടുണ്ട്. പശ്ചിമ ബംഗാൾ സ്പീക്കർ ബിമൻ ബന്ദോപാധ്യായയും മന്ത്രിമാരും സാമാജികരും ചടങ്ങിൽ പങ്കെടുത്തു.






ഇതര സംസ്ഥാന നിയമസഭാ സമിതികളുടെ സന്ദർശനം

## ബിഹാർ നിയമസഭയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ കേരള നിയമസഭാ സന്ദർശനം

ബിഹാർ നിയമസഭയുടെ പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതി പഠന പര്യടന പരിപാടിയുടെ ഭാഗമായി 2023 ഡിസംബർ 27 ന് കേരള നിയമസഭ സന്ദർശിച്ചു. സമിതി ചെയർമാൻ ഹരിനാരായൺ സിംഗിനോടൊപ്പം സമിതി അംഗങ്ങളായ സഞ്ജയ് സരോഗി, പ്രമോദ് കുമാർ, വിനോദ് നാരായൺ ഝാ എന്നിവരും പര്യടന പരിപാടിയിൽ പങ്കെടുത്തു. കേരള നിയമസഭയുടെ പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുമായി ബിഹാർ നിയമസഭാംഗങ്ങൾ സംയുക്ത യോഗം ചേർന്നു. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ. സംയുക്ത യോഗത്തിൽ അധ്യക്ഷത വഹിച്ചു. സമിതി അംഗങ്ങളായ അൻവർ സാദത്ത്, ഡി.കെ. മുരളി, പി.നന്ദകുമാർ, പി.ഉബൈദുള്ള, നിയമസഭാ സെക്രട്ടറി എ.എം. ബഷീർ എന്നിവരും യോഗത്തിൽ പങ്കെടുത്തു. നിയമസഭാ മന്ദിരം സന്ദർശിച്ച സമിതി നിയമസഭാ സ്പീക്കറുമായും കൂടിക്കാഴ്ച നടത്തി. സമിതി അംഗങ്ങൾക്ക് സ്പീക്കർ നവവത്സരാശംസകൾ നേരുകയും ഉപഹാരം നൽകുകയും ചെയ്തു.

## ഹിമാചൽ പ്രദേശ് നിയമസഭ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ കേരള നിയമസഭാ സന്ദർശനം

ഹിമാചൽ പ്രദേശ് നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി 2024 ജനുവരി 10 ന് കേരള നിയമസഭ സന്ദർശിച്ചു. സമിതി ചെയർമാൻ ഡോ.ഹസൻ രാജ് എം.എൽ.എ. യെ കൂടാതെ സമിതി അംഗങ്ങളായ കോവൽ സിംഗ് പത്താനിയ, ഡോ. ജനക് രാജ്, മലേന്ദർ രാജൻ എന്നീ സാമാജികരും സന്ദർശന സംഘത്തിലുണ്ടായിരുന്നു. കേരള നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുമായി ഹിമാചൽ പ്രദേശ് നിയമസഭാംഗങ്ങൾ സംയുക്ത യോഗം ചേർന്നു. സമിതി ചെയർമാൻ സണ്ണി ജോസഫ്, എം.എൽ.എ, സാമാജികരായ മഞ്ഞളാംകുഴി അലി, സി.എച്ച്. കുഞ്ഞമ്പു, മാത്യു ടി. തോമസ്, എം.രാജഗോപാൽ. തോമസ് കെ. തോമസ് എന്നിവർ യോഗത്തിൽ പങ്കെടുത്തു. തുടർന്ന് സംഘം കേരള നിയമസഭാ ഹാൾ സന്ദർശിച്ചു.

## മേഘാലയ നിയമസഭയിലെ ഐ.ടി. ഉദ്യോഗസ്ഥരുടെ കേരള സന്ദർശനം

മേഘാലയ നിയമസഭയിലെ ഐ.ടി. ഉദ്യോഗസ്ഥർ 2023 ഡിസംബർ 1 ന് കേരള നിയമസഭ സന്ദർശിച്ചു. പുതുതായി നിർമ്മിക്കുന്ന മേഘാലയ നിയമസഭാ മന്ദിരത്തിൽ ഏർപ്പെടുത്തേണ്ട ഐ.ടി. അനുബന്ധ സൗകര്യങ്ങൾ സംബന്ധിച്ച പ്രാഥമിക പഠനം നടത്തുക എന്നതായിരുന്നു സന്ദർശന ലക്ഷ്യം. കേരള നിയമസഭയിൽ ഏർപ്പെടുത്തിയിട്ടുള്ള ഇൻഫർമേഷൻ ടെക്നോളജി, ഡിജിറ്റൈസേഷൻ എന്നിവയുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ മനസ്സിലാക്കിയ സംഘം നിയമസഭാ സെക്രട്ടറി എ.എം. ബഷീറുമായി കൂടിക്കാഴ്ച നടത്തി. ഐ.ടി. വിഭാഗം അഡീഷണൽ സെക്രട്ടറി പി. ഹരിയുടെ അധ്യക്ഷതയിൽ വീഡിയോ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ കേരള നിയമസഭയിലെ ഐ.ടി. സംവിധാനങ്ങൾ, ഇൻഫ്രാസ്ട്രക്ച്ചർ എന്നിവയെക്കുറിച്ച് വിശദമായി ചർച്ച നടന്നു. സഭാനടപടികളുടെ ഡിജിറ്റൈസേഷനു വേണ്ടി തയ്യാറാക്കി വരുന്ന ഇ-നിയമസഭ ആപ്ലിക്കേഷൻ സംബന്ധിച്ച് ഐ.ടി. വിഭാഗം ഉദ്യോഗസ്ഥർ യോഗത്തിൽ സംസാരിച്ചു. സഭാനടപടികളുടെ ഓൺലൈൻ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനായി അസംബ്ലി ഹാൾ, ഡാറ്റാ സെന്റർ എന്നിവയും സംഘം സന്ദർശിച്ചു. കമ്പ്യൂട്ടർ പ്രോഗ്രാമർ ഡാപ്മോർ മെർവീൻ, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായ സിർപ്പോയ് ഹിമ്വീറ്റ, വിവേക് മോമിൻ, ഡയൻഗർത്തി ഖർപ്രാൻ, ജിദാഹൻ സൊഹ്‌ലിയ, ലമോണ ഡിയോഗ്ഡോ, ഗാർഡീനിയ പാകിൻടൈൻ എന്നിവരാണ് സംഘത്തിൽ ഉണ്ടായിരുന്നത്.

## വർക്ക് ഷോപ്പ് ഓൺ ചാമ്പ്യൻസ് ഫോർ ജെൻഡർ ഇക്വാലിറ്റി

കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷന്റെ ഭാഗമായി കോമൺവെൽത്ത് വിമെൻ പാർലമെന്റേറിയൻ നെറ്റ് വർക്കിന്റെ ആഭിമുഖ്യത്തിൽ 2023 ഡിസംബർ 6 മുതൽ 8 വരെ ടാൻസാനിയയിലെ ഡാർ എസ് സലാമിൽ 'Champions for Gender Equality' എന്ന വിഷയത്തിൽ നടന്ന വർക്ക് ഷോപ്പിൽ കേരള നിയമസഭയെ പ്രതിനിധീകരിച്ച് സാമാജികരായ കാനത്തിൽ ജമീല, കെ. ബാബു (നെന്മാറ) എന്നിവർ പങ്കെടുത്തു.




## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അഖിലേന്ത്യാ പഠനപര്യടന പരിപാടി

രാജ്യത്ത് റിയൽ എസ്റ്റേറ്റ് മേഖലയിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കുന്നതിനായി ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ദി റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആന്റ് ഡെവലപ്മെന്റ്) ആക്റ്റ്, 2016 (RERA)-ന് കീഴിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച 2018 ലെ ദി കേരള റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആന്റ് ഡെവലപ്മെന്റ്) (K-RERA) ചട്ടങ്ങൾ ഇതര സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയതുമായി താരതമ്യ പഠനം നടത്തണമെന്ന ഉദ്ദേശ്യത്തോടെ കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി പഠനപര്യടന പരിപാടി സംഘടിപ്പിച്ചു. ഡൽഹി, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലെ ബന്ധപ്പെട്ട വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുമായി സമിതി കൂടിക്കാഴ്ച നടത്തുകയും ഈ സംസ്ഥാനങ്ങളിലെ റിയൽ എസ്റ്റേറ്റ് മേഖലയുടെ നിയന്ത്രണത്തിനായി രൂപീകരിച്ച റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി (RERA) യുടെ പ്രവർത്തനം മനസ്സിലാക്കുകയും ചെയ്തു. പഠനപര്യടന പരിപാടിയുടെ ഭാഗമായി കേന്ദ്ര ഭരണ പ്രദേശമായ ആൻഡമാൻ-നിക്കോബർ ദ്വീപുകളും ഡൽഹി, പഞ്ചാബ്, ഹരിയാന എന്നിവിടങ്ങളിലെ വിധാൻ സൗധങ്ങളും പുതിയ പാർലമെന്റ് മന്ദിരവും (സൻസദ് ഭവൻ) സമിതി സന്ദർശിച്ചു.



നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

## നിയമസഭാ സെക്രട്ടറിക്ക് യാത്രയയപ്പ്





നിയമസഭാ നടപടിക്രമങ്ങൾ വേഗത്തിലും ആഴത്തിലും മനസ്സിലാക്കിയ സെക്രട്ടറിയായിരുന്നു എ.എം. ബഷീർ എന്ന് നിയമസഭാ സ്പീക്കർ. ജൂഡീഷ്യൽ സർവ്വീസിലേക്ക് മടങ്ങിയ നിയമസഭാ സെക്രട്ടറി എ.എം. ബഷീറിന് 2023 ഡിസംബർ 28 ന് നിയമസഭാ സമുച്ചയത്തിലെ ആർ.ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ ഔദ്യോഗിക യാത്രയയപ്പ് നൽകി സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിന്റെ ഉദ്ഘാടനം സ്പീക്കർ എ.എൻ.ഷംസീർ നിർവ്വഹിച്ചു. നിയമസഭാ സ്പെഷ്യൽ സെക്രട്ടറി സ്വാഗതം ആശംസിച്ച ചടങ്ങിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ സർവ്വീസ് സംഘടനാ പ്രതിനിധികൾ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. എ.എം ബഷീറിന്റെ നിയമസഭയിലെ ഔദ്യോഗിക മുഹൂർത്തങ്ങൾ കോർത്തിണക്കി സഭാ ടി.വി. തയ്യാറാക്കിയ വീഡിയോയുടെ പ്രദർശനവും തദവസരത്തിൽ നടന്നു. നിയമസഭയുടെ ഉപഹാരം സ്പീക്കർ എ.എൻ. ഷംസീർ സെക്രട്ടറിക്ക് സമ്മാനിച്ചു.

നെടുമങ്ങാട് കുടുംബ കോടതി ജഡ്ജിയായിരിക്കെയാണ് എ.എം.ബഷീർ നിയമസഭാ സെക്രട്ടറിയായി 2022 ആഗസ്റ്റിൽ നിയമിതനായത്. വായന ലഹരിയാക്കി അക്ഷരങ്ങളുടെ ലോകത്തേക്ക് പുതിയ വാതായനങ്ങൾ തുറന്ന കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം ഒന്ന്, രണ്ട് പതിപ്പുകളുടെ വിജയകരമായ നടത്തിപ്പിന്റെ അമരക്കാരനായിരുന്നു അദ്ദേഹം. കേരള നിയമസഭ കടലാസ് രഹിതമാക്കുന്നതിനായി രൂപീകരിച്ച ഇ-നിയമസഭ ആപ്ലിക്കേഷൻ, കേരള നിയമസഭ സെക്രട്ടേറിയറ്റിൽ ബയോ മെട്രിക് പഞ്ചിംഗ് എന്നിവ നടപ്പിലാക്കുന്നതിൽ അദ്ദേഹത്തിന്റെ ഇടപെടലുകൾ ശ്രദ്ധേയമാണ്. നിയമസഭാ പരിസരം ഹരിതാഭമാക്കുന്നതിനായി നിരവധി പദ്ധതികൾ അദ്ദേഹം ആസൂത്രണം ചെയ്തിരുന്നു. നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവായ അദ്ദേഹം തികഞ്ഞ ഒരു സംഘാടകൻ കൂടിയാണ്.

നിയമസഭാ സെക്രട്ടറി എ.എം. ബഷീർ ജൂഡീഷ്യൽ സർവ്വീസിലേക്ക് മടങ്ങിയതിനെ തുടർന്ന് സ്പെഷ്യൽ സെക്രട്ടറി ഷാജി സി. ബേബിക്ക് സെക്രട്ടറിയുടെ അധിക ചുമതല നൽകി. 1993 ൽ നിയമസഭാ സെക്രട്ടേറിയറ്റിൽ ജോലിയിൽ പ്രവേശിച്ച ഷാജി സി. ബേബി സർവ്വീസസ്, നിയമനിർമ്മാണം, നിയമസഭാ ഹോസ്റ്റൽ, വിവിധ സമിതി വിഭാഗങ്ങൾ എന്നിവയുടെ ചുമതല വഹിച്ചിട്ടുണ്ട്. മുൻ സ്പീക്കർ ജി. കാർത്തികേയന്റെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി, കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

## അസിസ്റ്റന്റ് വിഭാഗം ജീവനക്കാർക്ക് പരിശീലന പരിപാടി



കേരള നിയമസഭയുടെ പരിശീലന വിഭാഗമായ കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ & പാർലമെന്ററി സ്റ്റഡി സെന്റർ (പി .എസ്.) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് വിഭാഗം ജീവനക്കാർക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു. 2023 ഡിസംബർ 14, 16 തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ 5 –ഇ കോൺഫറൻസ് ഹാളിൽ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് റൂൾസ് സംബന്ധിച്ച വിഷയത്തിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ പൊതു ഭരണവകുപ്പ് റിട്ട. അഡീഷണൽ സെക്രട്ടറി വി.വി.മൊയ്തുണ്ണി സ്റ്റേറ്റ് സർവ്വീസും സബോർഡിനേറ്റ് സർവ്വീസും തമ്മിലുള്ള വ്യത്യാസം, കെ.എസ്.ആർ., കെ.എസ്. & എസ്.എസ്.ആർ., സർക്കാർ ജീവനക്കാരുടെ നിയമനം, സീനിയോറിറ്റി, പ്രൊബേഷൻ, പ്രൊമോഷൻ, ലീവ്, പെൻഷൻ, അച്ചടക്ക നടപടികൾ തുടങ്ങിയവ ഉൾപ്പെടെയുള്ള സർവ്വീസ് വിഷയങ്ങളിൽ ക്ലാസ്സ് നയിച്ചു. രണ്ട് ദിവസങ്ങളിലായി സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ നൂറ്റി ഇരുപത്തിയൊന്ന് അസിസ്റ്റന്റുമാർ പങ്കെടുത്തു.

പുതിയതായി ജോലിയിൽ പ്രവേശിച്ച അസിസ്റ്റന്റുമാർക്ക് 2024 ജനുവരി 3, 4 തീയതികളിലായി സംഘടിപ്പിച്ച പരിശീലന പരിപാടിയുടെ ആദ്യ ദിനത്തിൽ നിയമസഭാ തെരഞ്ഞെടുപ്പിലെയും നിയമസഭാ രൂപീകരണത്തിലെയും വിവിധ ഘട്ടങ്ങൾ, നിയമസഭയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച നടപടിക്രമങ്ങൾ, ചട്ടങ്ങൾ, റൂളിംഗുകൾ, കീഴ്വഴക്കങ്ങൾ, നിയമസഭാംഗങ്ങളുടെ ചുമതലകൾ, നിയമസഭാ സെക്രട്ടേറിയറ്റിലെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനം, ജോലികൾ എന്നീ വിഷയങ്ങളെ സംബന്ധിച്ച് ജോയിന്റ് സെക്രട്ടറി ജി. പി. ഉണ്ണികൃഷ്ണൻ വിശദീകരിച്ചു. രണ്ടാം സെഷനിൽ വിവിധ വിഭാഗങ്ങളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, അവ കൃത്യമായി പരിപാലിക്കേണ്ടതിന്റെ ആവശ്യകത, ഓഫീസ് സമയക്രമം, ഫയലുകളുടെ തയ്യാറാക്കൽ, സൂക്ഷിപ്പ്, ഡിസ്പോസൽ എന്നിവയിൽ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ, വിഭാഗങ്ങളിലെയും കാര്യാലയത്തിലെയും പ്രവർത്തനങ്ങളിൽ പാലിക്കേണ്ട പൊതുമര്യാദകൾ, പേഴ്സണൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതിന്റെ ആവശ്യകത, കത്തിടപാടുകളുടെ വിവിധ മാതൃകകൾ എന്നിവയെ സംബന്ധിച്ച് 'സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ' ആധാരമാക്കി ജോയിന്റ് സെക്രട്ടറി ആർ. എസ്. സന്തോഷ് കുമാർ ക്ലാസ്സ് നയിച്ചു.

രണ്ടാം ദിനം നിയമസഭാ സെക്രട്ടേറിയറ്റിലെ വിവിധ സമിതി വിഭാഗങ്ങൾ, അവയുടെ പ്രവർത്തനങ്ങൾ, വിവിധ സമിതികളിലേക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പ്, കാലാവധി, പ്രവർത്തനം സംബന്ധിച്ച ചട്ടങ്ങൾ എന്നിവയെക്കുറിച്ച് ഡെപ്യൂട്ടി സെക്രട്ടറി ജോമി കെ. ജോസഫും നിയമസഭാചോദ്യങ്ങൾ, ചോദ്യോത്തരവേളയുടെ സമയക്രമം, നടപടിക്രമങ്ങൾ, ചോദ്യങ്ങളുടെ തയ്യാറാക്കൽ, നറുക്കെടുപ്പ്, ഉത്തരങ്ങൾ നൽകേണ്ടുന്ന വിധം, നിലവിലുള്ള ചട്ടങ്ങൾ എന്നിവയെ സംബന്ധിച്ച് അണ്ടർ സെക്രട്ടറി ദിനേഷ് കുമാർ കെ. യും സംസാരിച്ചു. ബില്ലുകൾ നിയമമാകുന്നത് വരെയുള്ള വിവിധ ഘട്ടങ്ങൾ, നിയമനിർമ്മാണ പ്രക്രിയയിൽ നിയമസഭയും നിയമസഭാ സെക്രട്ടേറിയറ്റും വഹിക്കുന്ന പങ്ക്, അവയുമായി ബന്ധപ്പെട്ട് വിവിധ വിഭാഗങ്ങളുടെയും സമിതികളുടെയും ചുമതലകൾ എന്നിവയെക്കുറിച്ച് അണ്ടർ സെക്രട്ടറി ദീപക് എസ്. വി. ക്ലാസ്സ് നയിച്ചു. കെ-ലാംപ്സ് (പി.എസ്) ജോയിന്റ് ഡയറക്ടർ ബിന്ദു എസ്. എൽ. പരിശീലനവേളയിലെ അസിസ്റ്റന്റുമാരുടെ പ്രകടനം വിലയിരുത്തി. രണ്ട് ദിവസങ്ങളിലായി നടന്ന പരിശീലന പരിപാടിയിൽ ഇരുപത്തിരണ്ട് അസിസ്റ്റന്റുമാർ പങ്കെടുത്തു.



## നേത്ര പരിശോധനാ ക്യാമ്പ്

സാമാജികർക്കും ജീവനക്കാർക്കുമായി 2023 ഡിസംബർ 6 ന് നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ പ്രിസൈസ് ഐ കെയറിന്റെ ആഭിമുഖ്യത്തിൽ നേത്ര പരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു. വിഷൻ ടെസ്റ്റ്, ഡോക്ടർ കൺസൾട്ടേഷൻ, ക്യാമ്പിൽ പങ്കെടുത്ത എല്ലാവരുടെയും നാല് കുടുംബാംഗങ്ങൾക്ക് സൗജന്യ നേത്ര പരിശോധനയും ഡോക്ടർ കൺസൾട്ടേഷനും ലഭ്യമാക്കുന്ന പ്രിവിലേജ് കാർഡിന്റെ വിതരണം എന്നിവ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചിരുന്നു. നിരവധി ജീവനക്കാർ പരിപാടിയിൽ പങ്കെടുത്തു.

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

## കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം (രണ്ടാം പതിപ്പ്) മാധ്യമ അവാർഡ്

2023 നവംബർ 1 മുതൽ 7 വരെ കേരള നിയമസഭാ മന്ദിരത്തിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര പുസ്തകോത്സവം രണ്ടാം പതിപ്പ് സംബന്ധിച്ച വാർത്തകൾ മികച്ച രീതിയിൽ റിപ്പോർട്ട് ചെയ്ത പത്ര, ദൃശ്യ-ശ്രാവ്യ, ഓൺലൈൻ മാധ്യമങ്ങൾക്ക് മാധ്യമ അവാർഡുകൾ പ്രഖ്യാപിച്ചു. വാർത്തകൾ മികച്ച രീതിയിൽ റിപ്പോർട്ട് ചെയ്ത മാധ്യമങ്ങൾക്ക് നാല് അവാർഡുകളും മികച്ച റിപ്പോർട്ടർ, ഫോട്ടോഗ്രാഫർ, ക്യാമറാമാൻ എന്നിവർക്കായി മൂന്ന് അവാർഡുകളുമാണ് ഏർപ്പെടുത്തിയിരുന്നത്. പതിനായിരം രൂപയും സർട്ടിഫിക്കറ്റും അടങ്ങുന്നതാണ് അവാർഡ്. 2023 ഒക്ടോബർ 17 മുതൽ നവംബർ 8 വരെയുള്ള തീയതിക്കുള്ളിൽ പ്രസിദ്ധീകരിച്ചതും സംപ്രേഷണം ചെയ്തതുമായ വാർത്തകൾ, റിപ്പോർട്ടുകൾ എന്നിവയാണ് അവാർഡിനായി പരിഗണിച്ചത്.

അച്ചടി മാധ്യമ വിഭാഗത്തിൽ മെട്രോവാർത്ത, ദൃശ്യ മാധ്യമ വിഭാഗത്തിൽ മീഡിയ വൺ ചാനൽ, ശ്രാവ്യ മാധ്യമ വിഭാഗത്തിൽ റെഡ് എഫ്. എം, ഓൺലൈൻ വിഭാഗത്തിൽ ETV ഭാരത് എന്നിവ അവാർഡിനർഹരായി. മികച്ച റിപ്പോർട്ടറായി കലാകൗമുദി ദിനപത്രത്തിലെ ചീഫ് റിപ്പോർട്ടർ, ബി.വി. അരുൺകുമാറും മികച്ച ഫോട്ടോഗ്രാഫറായി ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ്സിലെ പ്രിൻസിപ്പൽ ന്യൂസ് ഫോട്ടോഗ്രാഫർ ദീപു ബി.പി. യും മികച്ച ക്യാമറാമാനായി മാതൃഭൂമി ന്യൂസിലെ സീനിയർ ക്യാമറാമാൻ പ്രേം ശശി എസും തെരഞ്ഞെടുക്കപ്പെട്ടു.

ദൃശ്യ മാധ്യമ വിഭാഗത്തിൽ കേരള വിഷൻ ന്യൂസിനും മികച്ച റിപ്പോർട്ടർ (വ്യക്തിഗതം) വിഭാഗത്തിൽ മാതൃഭൂമി ന്യൂസിലെ റിപ്പോർട്ടർ എ.കെ. സ്റ്റീഫനും പ്രത്യേക ജൂറി പുരസ്കാരം ലഭിച്ചു. 5000 രൂപയും സർട്ടിഫിക്കറ്റും അടങ്ങുന്നതാണ് പ്രത്യേക ജൂറി പുരസ്കാരം.

## ആധാർ അപ്ഡേഷൻ ക്യാമ്പ്

നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കുമായി ഹൗസ് കീപ്പിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ആധാർ അപ്ഡേഷൻ ക്യാമ്പ് സംഘടിപ്പിച്ചു. 2024 ജനുവരി 16,17 തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ 5 E കോൺഫറൻസ് ഹാളിൽ കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. ക്യാമ്പിന്റെ സേവനം ജീവനക്കാർക്ക് ഉപയോഗപ്രദമായിരുന്നു.

## കടന്നപ്പള്ളി രാമചന്ദ്രനും കെ.ബി.ഗണേഷ് കുമാറും മന്ത്രിസഭയിലേക്ക്





സംസ്ഥാന മന്ത്രിസഭയിൽ പുതിയ മന്ത്രിമാരായി കോൺഗ്രസ് (എസ്) ലെ രാമചന്ദ്രൻ കടന്നപ്പള്ളിയും കേരള കോൺഗ്രസ് (ബി)യിലെ കെ.ബി.ഗണേഷ് കുമാറും 2023 ഡിസംബർ 29 ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

2021 ലെ മന്ത്രിസഭാ രൂപീകരണ വേളയിൽ ഏകാംഗ കക്ഷികൾക്ക് രണ്ടരവർഷം മന്ത്രിസ്ഥാനം പങ്കിട്ടു നൽകണമെന്നുള്ള ധാരണയുടെ അടിസ്ഥാനത്തിൽ മന്ത്രിമാരായ അഹമ്മദ് ദേവർ കോവിൽ, ആന്റണി രാജു എന്നിവർക്ക് പകരമായാണ് പുതിയ മന്ത്രിമാർ സ്ഥാനമേറ്റത്. വി.എൻ. വാസവൻ കൈകാര്യം ചെയ്തിരുന്ന രജിസ്ട്രേഷൻ വകുപ്പ്, അഹമ്മദ് ദേവർ കോവിൽ കൈകാര്യം ചെയ്തിരുന്ന മ്യൂസിയം, പുരാവസ്തു, പുരാരേഖാ വകുപ്പ് എന്നിവയുടെ ചുമതല രാമചന്ദ്രൻ കടന്നപ്പള്ളിക്കും ആന്റണി രാജു കൈകാര്യം ചെയ്തിരുന്ന ഗതാഗതം, ജലഗതാഗതം, മോട്ടോർ വാഹന വകുപ്പുകളുടെ ചുമതല കെ.ബി.ഗണേഷ് കുമാറിനും നൽകി. അഹമ്മദ് ദേവർ കോവിൽ കൈകാര്യം ചെയ്തിരുന്ന തുറമുഖ വകുപ്പിന്റെ ചുമതല വി.എൻ.വാസവനാണ് നൽകിയിരിക്കുന്നത്.

കോൺഗ്രസ് എസിന്റെ സംസ്ഥാന പ്രസിഡന്റും കണ്ണൂർ മണ്ഡലത്തിൽ നിന്നുമുള്ള സാമാജികനുമായ രാമചന്ദ്രൻ കടന്നപ്പള്ളി മൂന്നാം തവണയാണ് മന്ത്രിയാകുന്നത്. കേരള കോൺഗ്രസ് (ബി) ചെയർമാനും നടനുമായ കെ.ബി. ഗണേഷ് കുമാർ പത്തനാപുരം എം.എൽ.എ.യും മുൻമന്ത്രിയുമാണ്. രാജ്ഭവൻ അങ്കണത്തിൽ നടന്ന ചടങ്ങിൽ ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും സന്നിഹിതരായിരുന്നു.

## വിജ്ഞാനപഥം



ചാൾസ് ഡയസ്

1. കേരളത്തിൽ നിന്നും ലോക്സഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ആദ്യ ആംഗ്ലോ ഇന്ത്യൻ പ്രതിനിധി ?

   ചാൾസ് ഡയസ്



സി.ജി. ജനാർദ്ദനൻ

2. കേരള നിയമസഭയിൽ അവിശ്വാസ പ്രമേയത്തിന് നോട്ടീസ് നൽകിയ ആദ്യ അംഗം?

   സി.ജി. ജനാർദ്ദനൻ
   (രണ്ടാം നിയമസഭ 1961)



ലക്ഷ്മി എൻ. മേനോൻ

3. കേരളത്തിൽ നിന്നുള്ള ആദ്യ വനിതാ കേന്ദ്രമന്ത്രി?

   ലക്ഷ്മി എൻ. മേനോൻ

4. കൊച്ചി, തിരു-കൊച്ചി, കേരള നിയമസഭകളിലും ലോക്സഭ, രാജ്യസഭ എന്നിവയിലും അംഗമായിരുന്ന വ്യക്തി?

   കെ. കരുണാകരൻ



കെ. കരുണാകരൻ

5. രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ മത്സരിച്ച ആദ്യ മലയാളി?

   ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ
   (1987ൽ ആർ. വെങ്കിട്ടരാമനെതിരെ മത്സരിച്ച് പരാജയപ്പെട്ടു)



ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ

6. കേരളത്തിന്റെ മുഖ്യമന്ത്രി പദവി വഹിച്ച ശേഷം ഉപമുഖ്യമന്ത്രിയുടെ പദവി വഹിച്ച വ്യക്തി?

   സി. എച്ച്. മുഹമ്മദ് കോയ



സി.എച്ച്. മുഹമ്മദ് കോയ

7. ഒരേ സമയം സംസ്ഥാന മന്ത്രിയും ലോക്സഭാംഗവും പഞ്ചായത്ത് പ്രസിഡന്റുമായിരുന്ന മലയാളി?

   ആർ. ബാലകൃഷ്ണ പിള്ള

8. അടിയന്തരാവസ്ഥ കാലത്ത് കേരളാ ഗവർണ്ണർ ആരായിരുന്നു?

   എൻ.എൻ. വാഞ്ചു



ആർ. ബാലകൃഷ്ണ പിള്ള

9. മലയാള ഭാഷാ ബിൽ പാസാക്കിയ വർഷം?

   2015

10. സംസ്ഥാനത്ത് ലോക്സഭയിലേക്കും നിയമസഭയിലേക്കും ഒരേ സമയം തെരഞ്ഞെടുക്കപ്പെട്ട ഒരംഗം നിയമസഭാംഗത്വം രാജി വയ്ക്കുകയും ലോക്സഭാംഗത്വം നിലനിർത്തുകയും ചെയ്തു. ആരാണ് ആ വ്യക്തി?

    ശ്രീകണ്ഠൻ നായർ



എൻ.എൻ. വാഞ്ചു

# ചിത്രജാലകം



75 ാം റിപ്പബ്ലിക് ദിനാഘോഷത്തോടനുബന്ധിച്ച് 2024 ജനുവരി 26 ന് കേരള നിയമസഭാ അങ്കണത്തിൽ നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ വാച്ച് ആൻഡ് വാർഡ് നൽകിയ ഗാർഡ് ഓഫ് ഓണർ സ്വീകരിക്കുന്നു.



15 ാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിന്റെ ആദ്യ ദിനമായ 2024 ജനുവരി 25 ന് നയപ്രഖ്യാപനത്തിനായി എത്തിയ ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാനെ മുഖ്യമന്ത്രി പിണറായി വിജയൻ സ്വീകരിക്കുന്നു.



രക്തസാക്ഷി ദിനമായ ജനുവരി 30 ന് മഹാത്മാഗാന്ധിയുടെ പ്രതിമയിൽ സ്പീക്കർ എ.എൻ. ഷംസീർ പുഷ്പാർച്ചന നടത്തുന്നു.

വേർപാട്

## കാനം രാജേന്ദ്രൻ: ഇടതുപക്ഷ നിലപാടുകളിൽ ഉറച്ചു നിന്ന നേതാവ്



മുൻ എം.എൽ.എ. കാനം രാജേന്ദ്രൻ (73) 2023 ഡിസംബർ 8 ന് അന്തരിച്ചു. 2015 മുതൽ സി.പി.ഐ. സംസ്ഥാന സെക്രട്ടറിയായി പ്രവർത്തിച്ച് വരികയായിരുന്നു. സി.പി.ഐ. സംസ്ഥാന കമ്മിറ്റി അംഗവും കോട്ടയം ജില്ലാ സെക്രട്ടറിയുമായിരിക്കെ 1982 ൽ വാഴൂരിൽ നിന്ന് ഏഴാം കേരള നിയമസഭയിലേക്ക് ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട കാനം രാജേന്ദ്രൻ 1987 ലും വീണ്ടും ഇതേ മണ്ഡലത്തിൽ നിന്ന് നിയമസഭാംഗമായി. 1968 ൽ എ.ഐ.വൈ.എഫിലൂടെ രാഷ്ട്രീയ രംഗത്തെത്തിയ കാനം, ഇരുപതാം വയസ്സിൽ എ.ഐ.വൈ.എഫ്. സംസ്ഥാന സെക്രട്ടറിയും സി.പി.ഐ. സംസ്ഥാന കൗൺസിൽ അംഗവുമായി. ഇരുപത്തഞ്ചാം വയസ്സിൽ സംസ്ഥാന സെക്രട്ടേറിയറ്റിലെത്തിയ കാനം 1978 ൽ എ.ഐ.വൈ.എഫ്. സംസ്ഥാന കമ്മിറ്റി സെക്രട്ടറിയായി. എ.ഐ.വൈ.എഫ്. ദേശീയ കൗൺസിൽ വൈസ് പ്രസിഡന്റ്, എ.ഐ.ടി.യു.സി. സംസ്ഥാന സെക്രട്ടറി, പ്രസിഡന്റ്, സി.പി.ഐ. സംസ്ഥാന കൗൺസിൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1984-87 കാലയളവിൽ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച നിയമസഭാ സമിതിയുടെ ചെയർമാനായിരുന്നു. എ.ഐ.റ്റി.യു.സി. അഖിലേന്ത്യാ ജനറൽ കൗൺസിൽ വൈസ് പ്രസിഡന്റ്, ദേശീയ കൗൺസിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ച് ദേശീയ തലത്തിൽ ശ്രദ്ധ നേടി. മാക്ക പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. 2015 മാർച്ച് 2 ന് കോട്ടയത്ത് ചേർന്ന സംസ്ഥാന സമ്മേളനത്തിൽ ഐകകണ്ഠ്യേനയാണ് കാനത്തെ സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുത്തത്. തുടർന്ന് 2018 ലും 2022 ലും കാനം പാർട്ടി സെക്രട്ടറിയായി. പി.കെ.വാസുദേവൻ നായർക്ക് ശേഷം കോട്ടയം ജില്ലയിൽ നിന്ന് സി.പി.ഐ. സംസ്ഥാന സെക്രട്ടറിയായ വ്യക്തിയായിരുന്നു അദ്ദേഹം.

നിയമസഭാംഗമായിരിക്കെ കാനം രാജേന്ദ്രൻ സഭയിൽ അവതരിപ്പിച്ച സ്വകാര്യബിൽ വോട്ടിനിട്ടാണ് സംസ്ഥാനത്ത് നിർമ്മാണ തൊഴിലാളി നിയമം പാസ്സാക്കിയത്. ബില്ലിന് അവതരണാനുമതി തേടിയപ്പോൾ അദ്ദേഹം സജീവമായി ചർച്ചയിൽ പങ്കെടുത്ത് നിയമത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തിയിരുന്നു. സൗമ്യനും കർക്കശക്കാരനുമായിരുന്ന കാനം വിവാദങ്ങളിൽ നിന്ന് പരമാവധി ഒഴിഞ്ഞു നിന്ന കമ്മ്യൂണിസ്റ്റ് നേതാവായിരുന്നു. ഇടതുപക്ഷ ഐക്യം ശക്തിപ്പെടുത്തി മുന്നണിയെ ശരിയായ പാതയിലൂടെ നയിക്കുന്നതിന് നേതൃത്വപരമായ പങ്ക് വഹിച്ച വ്യക്തിയായിരുന്നു കാനം.

ജനയുഗം ദിനപത്രത്തിന്റെയും നവയുഗം മാസികയുടെയും ചീഫ് എഡിറ്ററായിരുന്നു. സമകാലിക സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങളെ അടിസ്ഥാനമാക്കി 'നവമാധ്യമ കാലത്തെ ഇടത് ചേരി' എന്ന ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഭാര്യ വനജയും രണ്ട് മക്കളുമടങ്ങുന്നതാണ് കുടുംബം.

## കെ.പി. വിശ്വനാഥൻ, മുൻ മന്ത്രി



മുൻ മന്ത്രി കെ.പി.വിശ്വനാഥൻ (83) 2023 ഡിസംബർ 15 ന് അന്തരിച്ചു. പ്രമുഖ കോൺഗ്രസ് നേതാവായിരുന്ന കെ.പി.വിശ്വനാഥൻ അഞ്ച്, ആറ് കേരള നിയമസഭകളിൽ കുന്നംകുളം മണ്ഡലത്തെയും, എട്ട്, ഒൻപത്, പത്ത്, പതിനൊന്ന് കേരള നിയമസഭകളിൽ കൊടകര മണ്ഡലത്തെയും പ്രതിനിധീകരിച്ചു. 1991 ജൂലൈ 2 മുതൽ 1994 നവംബർ 16 വരെയും 2004 സെപ്റ്റംബർ 5 മുതൽ 2005 ഫെബ്രുവരി 10 വരെയും വനം വകുപ്പ് മന്ത്രിയായിരുന്നു. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച നിയമസഭാ സമിതി ചെയർമാൻ (2005-06), ചൊവ്വന്നൂർ ബ്ലോക്ക് വികസന സമിതി ചെയർമാൻ, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്, സംസ്ഥാന കേരകർഷക ഫെഡറേഷൻ പ്രസിഡന്റ്, കെ.പി.സി.സി. അംഗം, എ.ഐ.സി.സി. അംഗം, ഖാദി ബോർഡ് അംഗം, കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് അംഗം, കേരള സംസ്ഥാന സഹകരണ ബാങ്ക് ഡയറക്ടർ, കോൺഗ്രസ് നിയമസഭാ കക്ഷി സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം തൃശ്ശൂർ ശ്രീ കേരള വർമ്മ കോളേജ് ബാസ്കറ്റ് ബോൾ ടീം ക്യാപ്റ്റനും ഹോക്കി ടീം അംഗവും ആയിരുന്നു. ആന്റി നർക്കോട്ടിക് കൗൺസിൽ ഓഫ് ഇന്ത്യയുടെ ദേശീയ അവാർഡ്, തൃശ്ശൂർ കൾച്ചറൽ സെന്ററിന്റെ മികച്ച പാർലമെന്റേറിയനുള്ള അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

ഭാര്യ എം.പി. ലളിത, രണ്ട് മക്കൾ.

## ടി.എച്ച്. മുസ്തഫ, മുൻ മന്ത്രി



മുൻ മന്ത്രി ടി.എച്ച്.മുസ്തഫ (82) 2024 ജനുവരി 14 ന് അന്തരിച്ചു. മുതിർന്ന കോൺഗ്രസ് നേതാവായിരുന്ന ടി.എച്ച്. മുസ്തഫ 1991-95 ലെ കരുണാകരൻ മന്ത്രിസഭയിൽ ഭക്ഷ്യ, സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയായിരുന്നു. ആലുവ മണ്ഡലത്തിൽ നിന്ന് അഞ്ചാം കേരള നിയമസഭയിലെത്തിയ അദ്ദേഹം ഏഴ്, എട്ട്, ഒൻപത്, പതിനൊന്ന് നിയമസഭകളിൽ കുന്നത്തുനാട് മണ്ഡലത്തെ പ്രതിനിധീകരിച്ചു. കേരള നിയമസഭയിൽ പ്രോടെം സ്പീക്കർ (1982), കോൺഗ്രസ് പാർലമെന്ററി പാർട്ടി ഉപനേതാവ്, കേരള പ്രദേശ് കർഷക കോൺഗ്രസ് പ്രസിഡന്റ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ്, ഐ.എൻ.ടി.യു.സി ദേശീയ കൗൺസിൽ അംഗം, കേന്ദ്ര സർക്കാരിന്റെ ഹജ്ജ് ഗുഡ്‌വിൽ ഡെലിഗേഷൻ അംഗം, കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് ഡയറക്ടർ, കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് വൈസ് ചെയർമാൻ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ പ്രസിഡന്റ്, റബ്ബർ മാർക്ക് ചെയർമാൻ, കുസാറ്റ് സെനറ്റ് അംഗം, കേരള കാർഷിക സർവ്വകലാശാല സെനറ്റ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ റിഫ്കാ ബീഗം. എട്ട് മക്കളുണ്ട്.

## കെ. കുഞ്ഞിരാമൻ, മുൻ എം.എൽ.എ.



തൃക്കരിപ്പൂർ മുൻ എം.എൽ.എ. കെ.കുഞ്ഞിരാമൻ (82) 2023 ഡിസംബർ 13 ന് അന്തരിച്ചു. പന്ത്രണ്ട്, പതിമൂന്ന് കേരള നിയമസഭകളിൽ അംഗമായിരുന്നു. വിദ്യാർഥി രാഷ്ട്രീയത്തിലൂടെ പൊതുരംഗത്തെത്തിയ കെ.കുഞ്ഞിരാമൻ സ്റ്റുഡന്റ്സ് ഫെഡറേഷൻ സംസ്ഥാന ജോയിന്റ് സെക്രട്ടറി, സി.പി.ഐ.(എം.) കാസർഗോഡ് ജില്ലാ കമ്മിറ്റി സെക്രട്ടറി, സംസ്ഥാന കമ്മിറ്റി അംഗം, കർഷക തൊഴിലാളി യൂണിയൻ കാസർഗോഡ് ജില്ലാ സെക്രട്ടറി, തോട്ടം തൊഴിലാളി യൂണിയൻ നീലേശ്വരം മണ്ഡലം സെക്രട്ടറി, ബാലസംഘം സംസ്ഥാന രക്ഷാധികാരി, കാസർഗോഡ് ഡിസ്ട്രിക് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ആന്റ് മെഡിക്കൽ റിസർച്ച് സെന്റർ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ആയുർവേദ ഡോക്ടറും പാരമ്പര്യ അസ്ഥിരോഗ വൈദ്യനും ആയിരുന്നു.

ഭാര്യ എൻ.റ്റി.കെ. സരോജിനി. അഞ്ച് മക്കൾ.

## വലയിൽ നിന്ന്




1960-70 കാലഘട്ടങ്ങളിൽ സൈക്കിൾ ഓടിക്കാൻ നൽകിയിരുന്ന ലൈസൻസ്

നിയമസഭാ സമിതി റിപ്പോർട്ടിലൂടെ

# നദികളെ പുനരുജ്ജീവിപ്പിക്കാനുള്ള നടപടികളുമായി നിയമസഭാ സമിതി

കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി മുമ്പാകെ കേരളത്തിലെ വിവിധ നദികളും പുഴകളും നേരിടുന്ന മാലിന്യ പ്രശ്നങ്ങൾ സംബന്ധിച്ച് ലഭിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കാസർഗോഡ് ജില്ലയിലെ നദികളായ തേജസ്വിനി പുഴ, ചന്ദ്രഗിരി പുഴ, എറണാകുളം ജില്ലയിലെ കടമ്പ്രയാർ, കോട്ടയം ജില്ലയിലെ മൂവാറ്റുപുഴയാർ എന്നിവ സമിതി സന്ദർശിക്കകയും ഈ രംഗത്തെ വിദഗ്ധരിൽ നിന്നും വിവരശേഖരണവും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും ചെയ്തു. സന്ദർശനങ്ങളുടെയും തെളിവെടുപ്പ് യോഗങ്ങളുടെയും വിവര ശേഖരണത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമിതി (2021-23) യുടെ പത്താമത് റിപ്പോർട്ട് സമിതി അധ്യക്ഷൻ ഇ.കെ.വിജയൻ എം.എൽ.എ. 2023 സെപ്റ്റംബർ 14 ന് സഭയിൽ സമർപ്പിച്ചു.

ജലവിതരണം പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്നും സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും സ്ഥല ജല വിനിയോഗ ഭൂപടം തയ്യാറാക്കണമെന്നും ജലാശയങ്ങളിലെ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മലിനീകരണം തടയാൻ ജനപങ്കാളിത്തത്തോടെയുള്ള ജാഗ്രതാ സമിതികൾ രൂപീകരിക്കണമെന്നും ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഔദ്യോഗിക അനൗദ്യോഗിക തലങ്ങളിൽ ജലക്കൂട്ടായ്മകൾ ഉണ്ടാക്കി മികച്ച പ്രവർത്തനങ്ങൾക്ക് വിവിധ തലങ്ങളിൽ അവാർഡുകൾ നൽകണമെന്നും ജല സാക്ഷരത, കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ തുടങ്ങണമെന്നും സമിതി ശിപാർശ ചെയ്തു.

സംസ്ഥാനത്തെ എല്ലാ ഭൂവിഭാഗങ്ങൾക്കും ഒരേ പോലെ ജലവിതരണം ഉറപ്പാക്കണം, നമ്മുടെ പുഴകളും തണ്ണീർത്തടങ്ങളും ചൂഷണത്തിനും ശോഷണത്തിനും അപചയത്തിനും വിധേയമായിക്കൊണ്ടിരിക്കുന്നതിന്റെ കാരണങ്ങൾ പഠിച്ച് പരിഹാര മാർഗ്ഗം തേടുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം, ഇതിനായി പുത്തൻ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തണം തുടങ്ങിയ ശിപാർശകളും സമിതി നല്കിയിട്ടുണ്ട്. കേരളത്തിലെ പല പ്രധാന നദികളുടെയും സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുത്തുന്ന കുളവാഴ നീക്കം ചെയ്യുന്നതിനും ഇത്തരത്തിൽ നീക്കം ചെയ്യുന്ന കുളവാഴകൾ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും ജലം ശുദ്ധീകരിക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ മുൻകൈ എടുക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

ജലസേചന വകുപ്പ് ആരംഭിച്ചിട്ടുള്ള കേരള വാട്ടർ റിസോഴ്സ് ഇൻഫർമേഷൻ സിസ്റ്റം (KWRIS) എന്ന വെബ്സൈറ്റിലെ വിവരങ്ങൾ മലയാളത്തിൽ കൂടി ലഭ്യമാക്കണം, ദുരന്ത നിവാരണ ആക്ട് 2005 ലെ വ്യവസ്ഥകൾ കാലികമായ രീതിയിൽ പരിഷ്ക്കരിക്കണം, സാധാരണക്കാർക്ക് മനസ്സിലാക്കുന്നതിനായി നിയമത്തിന്റെ മലയാള പരിഭാഷ തയ്യാറാക്കണം, അനധികൃത മണൽ ഖനനം തടയുന്നതിനായി ആഭ്യന്തര തദ്ദേശ സ്വയംഭരണ വകുപ്പുകൾ നടപടി സ്വീകരിക്കണം, പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിൽ നിയമ ഭേദഗതിക്കായി നടപടി സ്വീകരിക്കണം, നദികളുടെയും പുഴകളുടെയും സംരക്ഷണത്തിനായി ഗവേഷണ സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം, നദികളിൽ നിന്നും ജലസാമ്പിൾ പരിശോധനയ്ക്കായി ശേഖരിക്കേണ്ടത് തദ്ദേശീയരായ സാക്ഷികളുടെ സാന്നിധ്യത്തിലായിരിക്കണം തുടങ്ങിയ ശിപാർശകളും സമിതി നൽകി.

കടമ്പ്രയാറും ചിത്രപ്പുഴയുടെ കൈവഴിയും മാലിന്യമുക്തമാക്കാനായി ആധുനിക രീതിയിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പുനർനിർമ്മിക്കണം, മാലിന്യ പ്ലാന്റിൽ അടിക്കടിയുണ്ടാകുന്ന അഗ്നിബാധ നിയന്ത്രിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കണം, കടമ്പ്രയാർ, ചിത്രപ്പുഴയുടെ കൈവഴി എന്നിവയാൽ ചുറ്റപ്പെട്ട ബ്രഹ്മപുരം ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റ് പുനർനിർമ്മിക്കണം, പ്ലാന്റിലെ മുഴുവൻ മാലിന്യങ്ങളും സംസ്ക്കരിക്കുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട വകുപ്പ് അടിയന്തരമായി സ്വീകരിക്കണമെന്നുള്ള നിർദ്ദേശങ്ങളും സമിതി റിപ്പോർട്ടിലുണ്ട്.

തൃക്കാക്കര മുനിസിപ്പാലിറ്റി പരിധിയിൽ ഗ്രീൻസോണിൽ നിരവധി അപ്പാർട്ടുമെന്റുകൾ നിർമ്മിക്കുന്നതിനായി അനുമതി നൽകിയതിൽ അന്വേഷണം നടത്തണം, സംസ്ഥാനത്തെ നദികളുടേയും പുഴകളുടേയും അതിർത്തി കൃത്യമായി നിർണ്ണയിച്ചതിനുശേഷം മാത്രമേ അവയോട് ചേർന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകാവൂ, സംസ്ഥാനത്തെ എല്ലാ പുഴകളുടെയും തീരത്തോട് ചേർന്ന് ബഫർ സോൺ തിരിച്ച് തീര സംരക്ഷണ പ്രവർത്തനങ്ങൾ നടത്തണം, അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും, കയ്യേറ്റങ്ങളും കർശനമായി തടയണം തുടങ്ങിയ ശിപാർശകളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂവാറ്റുപുഴയാറിന്റെ തീരപ്രദേശങ്ങളിൽ മേവള്ളൂർ ഭാഗത്ത് മണൽതിട്ട രൂപംകൊള്ളുന്നതും വെള്ളൂർ പഞ്ചായത്തിന്റെ പാറയ്ക്കൽ ഭാഗത്ത് കര ഇടിയുന്നതും ആശങ്കാജനകമാണെന്ന് സമിതി വിലയിരുത്തി. മൂവാറ്റുപുഴയാറിന്റെ തീരങ്ങൾ സംരക്ഷിക്കുന്നതിനായി ആവശ്യമായ നടപടികൾ ബന്ധപ്പെട്ട വകുപ്പ് കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്തു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്ധകാരത്തോടിന്റെ വശങ്ങളിലുള്ള കയ്യേറ്റങ്ങൾ അടിയന്തരമായി ഒഴിപ്പിക്കാനുള്ള നടപടികൾ റവന്യൂ വകുപ്പുമായി ചേർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

മൂവാറ്റുപുഴയാറിന്റെ കൈവഴികളുടേയും ശാഖകളുടേയും സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന കലുങ്കുകൾ, പാലങ്ങൾ എന്നിവ അടിയന്തരമായി പുനർനിർമ്മിക്കണമെന്നും സംസ്ഥാനമൊട്ടാകെ വാട്ടർ സ്ട്രക്ച്ചറുകളുടെ ഒരു പെർഫോർമൻസ് ഓഡിറ്റ് നടത്തണമെന്നും സമിതി നിർദ്ദേശിച്ചു. പൊടോതുരുത്ത് പ്രദേശത്തെ ജനപ്രതിനിധികളുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പ് ചന്ദ്രഗിരിപ്പുഴയുടെ കൈവഴികളുടെ സർവ്വേ നടത്തി കൈവഴികളിലെ നീരൊഴുക്ക് പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. നദികളോട് ചേർന്നുള്ള കുന്നുകൾ നിലനിർത്തുന്നതിനുള്ള നിയമനിർമ്മാണം നടത്തണം, ജല ശുദ്ധീകരണ പദ്ധതികൾ ആരംഭിക്കണം, നാഷണൽ വാട്ടർ മിഷൻ ക്യാംപെയ്നായ 'ക്യാച്ച് ദ റെയ്ൻ' സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ എന്നിവ വ്യാപകമായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തണം, സംസ്ഥാനത്തെ നദികളിലും പുഴകളിലും വിവിധ നിർമ്മിതികളിലും അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും മണലും മറ്റ് മാലിന്യങ്ങളും സമയബന്ധിതമായി നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം തുടങ്ങിയ നിർദ്ദേശങ്ങളും സമിതി റിപ്പോർട്ടിലുണ്ട്.

2018 ലെയും 2019 ലെയും പ്രളയത്തിൽ നദീതീരങ്ങളിൽ അടിഞ്ഞുകൂടിയ അവശിഷ്ടങ്ങൾ നദീ പുനരുജ്ജീവന പദ്ധതി പ്രകാരം നീക്കം ചെയ്യുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കണമെന്നും നദികൾ സംരക്ഷിക്കുന്നതിനായി സംസ്ഥാനത്ത് ഒരു റിവർ ബെയ്സിൻ പ്ലാൻ രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്തു. സംസ്ഥാനത്തെ എല്ലാ ഫാക്ടറികൾക്കും വ്യവസായശാലകൾക്കും കമ്പനികൾക്കും നിശ്ചിത കാലയളവിനുള്ളിൽ ഓഫ് സൈറ്റ് പ്ലാൻ തയ്യാറാക്കാനുള്ള നിർദ്ദേശം നൽകണമെന്നും സമിതി ആവശ്യപ്പെട്ടു.

സാമാജികരായ പി.കെ.ബഷീർ, എൽദോസ് പി.കുന്നപ്പിള്ളിൽ, ജോബ് മൈക്കിൾ, ലിന്റോ ജോസഫ്, ടി.ഐ. മധുസൂദനൻ, കെ.ഡി.പ്രസേനൻ, യു.പ്രതിഭ, സജീവ് ജോസഫ് എന്നിവരാണ് സമിതി അംഗങ്ങൾ.



മുൻ സാമാജികർ മനസ്സ് തുറക്കുന്നു........

# നിയമസഭാ സമിതി റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യപ്പെടണം: കെ.പി. രാജേന്ദ്രൻ



ഇന്ത്യൻ നാട്ടുരാജ്യങ്ങളിൽ ആദ്യമായി ഒരു നിയമനിർമ്മാണ സഭ രൂപീകൃതമാകുന്നത് 1888 ആഗസ്റ്റ് 23 ന് തിരുവിതാംകൂറിലാണ്. ഒരു നൂറ്റാണ്ടിലേറെക്കാലത്തെ മഹത്തായ ചരിത്രമുള്ള കേരള നിയമനിർമ്മാണ സഭയിൽ തുടർച്ചയായി 15 വർഷം ഒരംഗമായി പ്രവർത്തിക്കാൻ കഴിഞ്ഞത് എന്റെ പൊതു ജീവിതത്തിലെ വിലപ്പെട്ട അനുഭവമായി കരുതുന്നു. ഭരണ, പ്രതിപക്ഷ നിരയിലെ അംഗമെന്ന നിലയിൽ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിയമസഭാ കക്ഷി നേതാവായും വി.എസ്.അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ അഞ്ച് വർഷം റവന്യൂ വകുപ്പുമന്ത്രിയായുമെല്ലാം പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിച്ചു.

അച്ഛൻ കെ.പി. പ്രഭാകരൻ ഒരു നിയമസഭാംഗമായിരുന്നതുകൊണ്ട് നിയമസഭയെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും എനിക്ക് പൊതു ധാരണയുണ്ടായിരുന്നു. സി.പി.ഐ. നേതാവ് പി.കെ.വാസുദേവൻ നായരുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ അച്ഛൻ മന്ത്രിയുമായിരുന്നു. നിയമസഭയുടെ പ്രവർത്തനങ്ങൾ വിദ്യാർഥിയായിരിക്കുമ്പോൾ തന്നെ ഞാൻ ശ്രദ്ധിച്ചിരുന്നു. നിയമസഭാ സമ്മേളനം നടക്കുമ്പോൾ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്ന അംഗങ്ങളുടെ പ്രസംഗങ്ങൾ, നിയമനിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ എല്ലാം സശ്രദ്ധം വായിക്കാൻ ഞാൻ ശ്രമിച്ചിരുന്നു.

1996 ൽ പത്താം കേരള നിയമസഭയിൽ ചേർപ്പ് നിയോജക മണ്ഡലത്തിനെ പ്രതിനിധീകരിച്ചാണ് ഞാൻ ആദ്യമായി നിയമസഭാംഗമാകുന്നത്. മുഖ്യമന്ത്രി ഇ.കെ.നായനാർ, പ്രതിപക്ഷനേതാവ് എ.കെ. ആന്റണി, സ്പീക്കർ എം. വിജയകുമാർ, പ്രഗത്ഭരായ മന്ത്രിമാർ, വിവിധ പാർട്ടികളുടെ പ്രശസ്തരും ബഹുമാന്യരുമായ മുതിർന്ന അംഗങ്ങൾ എന്നിവരുടെയെല്ലാം സാന്നിധ്യത്താൽ സമ്പന്നമായിരുന്നു പത്താം നിയമസഭ.

സെക്രട്ടേറിയറ്റിലെ നോർത്ത് ബ്ലോക്കിലെ സഭാ ഹാളിൽ ഒരു വർഷത്തോളമുള്ള സമ്മേളനങ്ങളിൽ പങ്കെടുക്കുവാൻ കഴിഞ്ഞത് നല്ല അനുഭവമായിരുന്നു. സഭയിലെ സീനിയർ അംഗവും പ്രഗത്ഭനായ പാർലമെന്റേറിയനുമായിരുന്ന പി.രവീന്ദ്രനായിരുന്നു എന്റെ തൊട്ടടുത്ത സീറ്റിൽ ഉണ്ടായിരുന്നത്. നിയമസഭാ നടപടിക്രമങ്ങൾ പഠിക്കാനും, സഭയിൽ പരമാവധി സമയം ചെലവഴിക്കാനും സഭാനടപടികൾ താൽപര്യത്തോടെ ശ്രദ്ധിക്കാനും ഞാൻ ശ്രമിച്ചിരുന്നു. സ്വകാര്യ ബില്ലുകൾ അവതരിപ്പിക്കാൻ എനിക്ക് പ്രചോദനവും പ്രോത്സാഹനവും പകർന്നതും സഭയിലെ മുതിർന്ന അംഗങ്ങളായിരുന്നു.

2001 ൽ പതിനൊന്നാം നിയമസഭയിലേക്കും ചേർപ്പ് മണ്ഡലത്തിൽ നിന്ന് തന്നെയാണ് ഞാൻ തെരഞ്ഞെടുക്കപ്പെട്ടത്. ആ സഭയിലെ അംഗമായിരുന്നപ്പോൾ പ്രതിപക്ഷത്തായിരുന്ന സി.പി.ഐ.യുടെ നിയമസഭാകക്ഷി നേതാവ് എന്ന വലിയ ഉത്തരവാദിത്വം കൂടി എനിക്ക് വഹിക്കാൻ കഴിഞ്ഞു. അംഗസംഖ്യയിൽ കുറവായിരുന്നെങ്കിലും ഞങ്ങൾ ശക്തമായ ഒരു പ്രതിപക്ഷ ടീം തന്നെയായിരുന്നു. നിയമസഭയെ ഏറ്റവും ക്രിയാത്മകമായി പ്രയോജനപ്പെടുത്താൻ നല്ല ഗൃഹപാഠം ഞങ്ങൾ ചെയ്തിരുന്നു. പ്രതിപക്ഷത്തായിരുന്ന ആ അഞ്ചുവർഷവും നിയമസഭാ സമ്മേളനങ്ങൾ സജീവമാക്കാനും, ജനകീയ പ്രശ്നങ്ങൾ സഭയിൽ ശക്തമായി ഉന്നയിക്കാനും, അവയെല്ലാം ബഹുജന വിഷയങ്ങളാക്കി ഉയർത്തിക്കൊണ്ടുവരാനും ഞങ്ങൾക്ക് കഴിഞ്ഞു.

പതിനൊന്നാം നിയമസഭയുടെ കാലത്ത് സഭാ സമ്മേളനം നടന്നുകൊണ്ടിരിക്കവെ, 2003 ഫെബ്രുവരി 19 ന് മുത്തങ്ങയിൽ ആദിവാസികൾക്ക് നേരെ വെടിവയ്പ് ഉണ്ടായി. ഞങ്ങൾ വിഷയം നിയമസഭയിൽ അടിയന്തര പ്രമേയമായി അവതരിപ്പിക്കുകയും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു. അടിയന്തര പ്രമേയത്തിന്മേൽ ചർച്ച അനുവദിക്കാതെ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം വാക്കൗട്ട് നടത്തുകയുണ്ടായി. അന്ന് തന്നെ ഞങ്ങൾ പ്രതിപക്ഷ നേതാവായിരുന്ന വി.എസ്. ന്റെ നേതൃത്വത്തിൽ വയനാട്ടിലെത്തി. തുടർന്നുള്ള ദിവസങ്ങളിൽ നിയമസഭയിൽ ഈ വിഷയത്തിൽ ഞങ്ങൾ അക്ഷരാർഥത്തിൽ പോരാടുകയായിരുന്നു. ഞങ്ങൾ നാല് പ്രതിപക്ഷ അംഗങ്ങൾ സെക്രട്ടേറിയറ്റിന് മുന്നിൽ അനിശ്ചിതകാല നിരാഹാരസമരം ആരംഭിച്ചു. പി.കെ. ശ്രീമതി ടീച്ചറും നീലലോഹിതദാസൻ നാടാരും കോവൂർ കുഞ്ഞുമോനും ഞാനും ഒന്നിച്ച് രണ്ടാഴ്ചയോളം നിരാഹാര സമരം അനുഷ്ഠിച്ചു.

പത്താം നിയമസഭയിലും പതിനൊന്നാം നിയമസഭയിലും അംഗമായിരിക്കെ 51 സ്വകാര്യ ബില്ലുകൾ അവതരിപ്പിക്കാനും അതീവ പ്രാധാന്യമുള്ള പതിനാറോളം സമകാലിക പ്രശ്നങ്ങളിൽ സഭയുടെ ശ്രദ്ധ ക്ഷണിക്കാനും സബ്മിഷനുകളിലൂടെ 91 വിഷയങ്ങൾ ഉന്നയിക്കാനും എനിക്ക് കഴിഞ്ഞു. രണ്ട് സമ്മേളനങ്ങളിലുമായി 2369 ചോദ്യങ്ങൾ ഞാൻ സഭയിൽ ഉന്നയിച്ചു.

മൂന്നാം തവണ ഞാൻ വീണ്ടും നിയമസഭയിൽ അംഗമാകുന്നത് 2006 ൽ കൊടുങ്ങല്ലൂർ മണ്ഡലത്തെ പ്രതിനിധീകരിച്ചാണ്. സ്വതന്ത്ര ഇന്ത്യയിലെ ആദ്യ കമ്മ്യൂണിസ്റ്റ് നിയമസഭാംഗമായിരുന്ന ഇ.ഗോപാലകൃഷ്ണ മേനോൻ പ്രതിനിധാനം ചെയ്തിരുന്ന മണ്ഡലമായിരുന്നു കൊടുങ്ങല്ലൂർ. തികച്ചും വ്യത്യസ്തമായ അനുഭവങ്ങൾ നിറഞ്ഞതായിരുന്നു 2006 മുതൽ 2011 വരെയുള്ള ആ അഞ്ച് വർഷക്കാലം. വി.എസിന്റെ നേതൃത്വത്തിലുള്ള സംസ്ഥാന മന്ത്രിസഭയിൽ റവന്യൂ വകുപ്പ് മന്ത്രിയായി പ്രവർത്തിക്കാനായിരുന്നു ഈ മൂന്നാമൂഴത്തിൽ എന്റെ നിയോഗം. ഇക്കാലയളവിലാണ് കർഷക കടാശ്വാസ കമ്മീഷൻ ബിൽ നിയമസഭയിൽ ഞാൻ പൈലറ്റ് ചെയ്തത്. ഇന്ത്യയിലാദ്യമായിട്ടായിരുന്നു അത്തരമൊരു നിയമം. അതുപോലെ ഞാൻ അവതരിപ്പിച്ച് സഭ പാസ്സാക്കിയ മറ്റൊരു സുപ്രധാന ബില്ലായിരുന്നു നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം. ഇതും ഇന്ത്യയിൽ ആദ്യത്തേതായിരുന്നു.

നിയമസഭാ സെലക്ട് കമ്മിറ്റി വിശദമായ തെളിവെടുപ്പും പഠനങ്ങളും ചർച്ചകളും നടത്തിയാണ് ഈ രണ്ടു നിയമങ്ങളും പാസ്സാക്കിയത്. ഈ രണ്ട് സെലക്ട് കമ്മിറ്റികളുടേയും ചെയർമാനായി പ്രവർത്തിക്കാൻ കഴിഞ്ഞതും തെളിവെടുപ്പിന്റെ ഭാഗമായി വിവിധ സംസ്ഥാനങ്ങളിലുൾപ്പെടെ നടത്തിയ പര്യടനങ്ങളും സംസ്ഥാനത്ത് നടത്തിയ ചർച്ചകളും എല്ലാം വിലപ്പെട്ട അനുഭവങ്ങളും പാഠങ്ങളുമായിരുന്നു. നിയമസഭാ സ്പീക്കറായിരുന്ന കെ. രാധാകൃഷ്ണന്റെയും നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാരുടേയും പിന്തുണയും സഹായവും എടുത്തു പറയേണ്ടതാണ്. ഇതെല്ലാം മന്ത്രിയെന്ന നിലയിൽ എന്റെ പ്രവർത്തനങ്ങളേയും കർത്തവ്യ നിർവ്വഹണത്തേയും ഏറെ സഹായിച്ചു.

പാർലമെന്ററി ജനാധിപത്യത്തിൽ നിയമനിർമ്മാണ സഭയുടെ പ്രവർത്തനങ്ങൾ പൂർണ്ണത കൈവരിക്കുന്നത് നിയമസഭാ സമിതികളിലൂടെയാണ്. ഭരണ നിർവ്വഹണ സംവിധാനത്തിന്റെ (എക്സിക്യൂട്ടീവിന്റെ) ഉത്തരവാദിത്വങ്ങൾ ജനപ്രതിനിധി സഭ വിലയിരുത്തുന്നത് നിയമസഭാ കമ്മിറ്റികളിൽ നടക്കുന്ന പരിശോധനകളിലൂടെയാണ്. ഓരോ കമ്മിറ്റിയുടെയും പ്രവർത്തനം എത്രമാത്രം ഫലപ്രദമാണെന്ന് മനസ്സിലാക്കുന്നത് അവ സമർപ്പിക്കുന്ന റിപ്പോർട്ടുകളിലൂടെയാണ്. ഓരോ വിഷയവും കൂടുതൽ പഠിക്കാനും ഫലപ്രദമായി ആ വിഷയങ്ങളിൽ ഇടപെടാനും ഈ കമ്മിറ്റികൾ സഹായകമായിരുന്നു. എന്നാൽ കമ്മിറ്റി റിപ്പോർട്ടുകൾ നിയമസഭയിൽ ചർച്ച ചെയ്യപ്പെടുന്നില്ല എന്ന വിമർശനം എനിക്കുണ്ട്. ഈ വിഷയം ഞാൻ സഭയിൽ ഒരു സബ്മിഷനായി ഉന്നയിക്കുകയും ചെയ്തിരുന്നു.

രണ്ട് കമ്മിറ്റികളിൽ പ്രവർത്തിച്ചതിനെ സംബന്ധിച്ച് പ്രത്യേകം പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കോടിയേരി ബാലകൃഷ്ണൻ ചെയർമാനായ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിൽ പ്രവർത്തിക്കാൻ കഴിഞ്ഞതാണ് അതിലൊന്ന്. മുതിർന്ന നേതാക്കളായ ആർ. ബാലകൃഷ്ണ പിള്ള, പി.പി. ജോർജ്ജ്, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ തുടങ്ങിയവർ അംഗങ്ങളായ ആ കമ്മിറ്റിയുടെ പ്രവർത്തനം ഏറ്റവും മികച്ചതായിരുന്നു. മറ്റൊരു കമ്മിറ്റി എ.വി.താമരാക്ഷൻ ചെയർമാനായ പരിസ്ഥിതി കമ്മിറ്റിയാണ്. കെ.സി. വേണുഗോപാൽ, എളമരം കരീം, ഡോ.എം.കെ. മുനീർ, ആന്റണി രാജു, രാജു എബ്രഹാം, പി.ജെ. ജോയി, ഇ.എം. അഗസ്തി തുടങ്ങിയവരെല്ലാമടങ്ങിയ ആ സമിതിയുടെ പ്രവർത്തനം നല്ലൊരു ടീം വർക്കായിരുന്നു. പ്രധാനപ്പെട്ട ഒട്ടേറെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാനും ഞങ്ങൾക്ക് കഴിഞ്ഞു.

തെളിവെടുപ്പുകളുമായി ബന്ധപ്പെട്ട് വിവിധ സംസ്ഥാനങ്ങളിലേക്കും മറ്റും സംഘടിപ്പിക്കുന്ന നിയമസഭാ കമ്മിറ്റികളുടെ യാത്രാ പരിപാടികളും അംഗങ്ങൾക്ക് പ്രയോജനപ്രദമാണ്. ആ യാത്രകളെല്ലാം വലിയ അനുഭവങ്ങൾ പ്രദാനം ചെയ്യും. നമ്മുടെ രാജ്യത്തെ വൈവിധ്യമാർന്ന സാമൂഹ്യ, സാംസ്കാരിക പൈതൃകത്തെ തൊട്ടറിയാനും ഉൾക്കൊള്ളാനും പൊതു പ്രവർത്തകർക്ക് ഇത് പ്രയോജനപ്പെടും. കഴിയുന്നിടത്തോളം ഇത്തരം യാത്രാ പരിപാടികളിൽ പങ്കെടുക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. അത്തരമൊരു യാത്രയിൽ മേഘാലയ ഗവർണ്ണറായിരുന്ന എം.എം.ജേക്കബ്ബ് സാറിന്റെ അതിഥിയായി ഞങ്ങൾ രാജ്ഭവനിൽ ഒരു ദിവസം താമസിച്ചതും ഈയവസരത്തിൽ ഓർക്കുന്നു.

ഇന്ത്യൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ആദരണീയനായ കെ.ആർ. നാരായണൻ മത്സരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഇലക്ഷൻ ഏജന്റായി പ്രവർത്തിക്കാൻ കഴിഞ്ഞത് ഞാൻ അഭിമാനത്തോടെ ഓർക്കുന്നു. മുഖ്യമന്ത്രി ഇ.കെ.നായനാരാണ് സഭയിലെ പുതുമുഖമായ എന്നെ ആ ചുമതല ഏൽപ്പിച്ചത്. മറ്റു രണ്ട് ഏജന്റുമാർ മുതിർന്ന നേതാക്കളായ പി.പി. തങ്കച്ചനും ടി.കെ. ഹംസയുമായിരുന്നു. അംഗങ്ങൾക്കിടയിൽ പരസ്പര സ്നേഹവും സൗഹൃദവും ഊട്ടിയുറപ്പിക്കാനും അംഗങ്ങളെയും അവരുടെ കുടുംബാംഗങ്ങളെയുമൊക്കെ പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിക്കാറുള്ള കലാ കായിക മത്സരങ്ങളിലും മറ്റ് സാംസ്കാരിക പരിപാടികളിലുമെല്ലാം ഞാൻ സജീവ പങ്കാളിയായിരുന്നു. നിയമസഭാ വാർഷികത്തിനോടനുബന്ധിച്ച് നടത്തിയ ഒരു നാടകത്തിൽ അഭിനയിച്ചതും ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുന്നു.

നിയമസഭാ ലൈബ്രറി പരമാവധി ഉപയോഗപ്പെടുത്താൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ഒരു ടേമിൽ നിയമസഭാ ലൈബ്രറി കമ്മിറ്റിയിൽ അംഗമാകാനുള്ള അവസരവും എനിക്ക് ലഭിച്ചു. കേരള നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച അന്താരാഷ്ട്ര പുസ്തകോത്സവം അത്ഭുതപൂർവ്വമായ ഒരു അനുഭവമായിരുന്നു. അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ രണ്ടാം പതിപ്പ് അക്ഷരാർഥത്തിൽ വായനയെ ഉപാസിക്കുന്നവർക്കും വായനയുടെ ലോകത്തേക്ക് പുതുതായി എത്തുന്ന കുട്ടികൾക്കും അക്ഷര വസന്തം തന്നെയായിരുന്നു കാഴ്ച വച്ചത്. ഈ പുസ്തകോത്സവം ഇത്രയും മിഴിവോടെ സംഘടിപ്പിച്ച നിയമസഭാ സ്പീക്കർ എല്ലാ അനുമോദനങ്ങളും അർഹിക്കുന്നു.

കേരള നിയമസഭയുടെ വലിയൊരു സവിശേഷതയാണ് അവശ്യ സന്ദർഭങ്ങളിൽ ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ അംഗങ്ങൾ ഒറ്റക്കെട്ടായി നിൽക്കുന്നത്. 2004 ഡിസംബറിലെ സുനാമി ദുരന്ത സമയത്ത് സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഞങ്ങൾ ഒറ്റക്കെട്ടായി മുഖ്യമന്ത്രിയോടൊപ്പം നിന്നു. ഞാൻ പ്രതിനിധീകരിച്ചിരുന്ന ചേർപ്പ് മണ്ഡലത്തിൽ മുപ്പത് കിലോമീറ്റർ ദൂരം ആയിരങ്ങളെ അണി

നിരത്തി മനുഷ്യച്ചങ്ങല സംഘടിപ്പിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഏഴര ലക്ഷം രൂപയോളം സമാഹരിച്ചു കൊടുക്കാൻ കഴിഞ്ഞത് ചാരിതാർത്ഥ്യത്തോടെ ഓർക്കുന്നു. പിന്നീട് റവന്യൂ വകുപ്പ് മന്ത്രിയായപ്പോൾ സുനാമി പുനരധിവാസത്തിന്റെ ചുമതലയുള്ള മന്ത്രിയായും പ്രവർത്തിക്കാൻ എനിക്ക് കഴിഞ്ഞു. പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിലും പൂർത്തിയാക്കുന്നതിലും എല്ലാ നിയമസഭാംഗങ്ങളുടെയും പിന്തുണ ലഭിച്ചതുകൊണ്ടാണ് ഏറ്റവും നന്നായി സുനാമി പുനരധിവാസ പ്രവർത്തനങ്ങൾ നമുക്ക് നടത്താൻ കഴിഞ്ഞത്.

സഭക്കുള്ളിൽ ഭിന്നതയുടെയും രൂക്ഷതയുടെയും തീ പാറുന്ന വിമർശനങ്ങളും തർക്കങ്ങളും ഉയർത്തുന്ന എതിരാളികൾ പക്ഷേ, സഭ വിട്ടിറങ്ങിയാൽ ഊഷ്മളമായ ചങ്ങാത്തം പുലർത്തുന്നത് കാണാം. ജനാധിപത്യത്തിന്റെ അടിസ്ഥാനം സഹിഷ്ണുതയാണ്. എതിരാളികളെ കേൾക്കാനും അവരുടെ അഭിപ്രായങ്ങൾ ഉൾക്കൊള്ളാനുമുള്ള നമ്മുടെ ജനപ്രതിനിധികളുടെ ഉന്നതമായ ജനാധിപത്യബോധമാണ് ഇതിന് പിന്നിലെന്ന കാര്യത്തിൽ സംശയം വേണ്ട.

നമ്മുടെ രാജ്യത്തെ സഹിഷ്ണുതയും മതേതര സമീപനവും ബഹുസ്വരതയും ജനാധിപത്യബോധവുമെല്ലാം എക്കാലവും പ്രകീർത്തിക്കപ്പെട്ടിട്ടുണ്ട്. എന്നാലിന്ന് അവയെല്ലാം നിരവധി വെല്ലുവിളികൾ നേരിടുന്നു. ഈ വെല്ലുവിളികളെ നേരിടണമെങ്കിൽ ജനാധിപത്യ സ്ഥാപനങ്ങൾ ശക്തിപ്രാപിക്കണം. എങ്കിലേ ജനാധിപത്യത്തോടുള്ള ജനങ്ങളുടെ വിശ്വാസം സ്ഥായിയായി നിലനിർത്താൻ കഴിയൂ. അതിന് വേണ്ട മാതൃകാപരമായ പ്രവർത്തനം തുടർന്നും നടത്താൻ കേരള നിയമസഭക്ക് കഴിയട്ടെ എന്നാശംസിക്കുന്നു.

**കെ.പി.രാജേന്ദ്രൻ**

സി.പി.ഐ. പ്രതിനിധിയായി പത്ത്, പതിനൊന്ന് നിയമസഭകളിൽ ചേർപ്പ് നിയോജക മണ്ഡലത്തിൽ നിന്നും പന്ത്രണ്ടാം കേരള നിയമസഭയിൽ കൊടുങ്ങല്ലൂർ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടു. 2006 മെയ്18 മുതൽ 2011 മെയ് 14 വരെ റവന്യൂവും ഭൂപരിഷ്കരണവും വകുപ്പ്മന്ത്രിയായിരുന്നു. സി.പി.ഐ. നിയമസഭാ കക്ഷി നേതാവ്, സംസ്ഥാന എക്സിക്യൂട്ടീവ് അംഗം, ജനറൽ കൗൺസിൽ അംഗം, കേരള കാർഷിക സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, കെ.ടി.ഡി.സി. ഡയറക്ടർ ബോർഡ് അംഗം, അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗം, സൈനിക് ബോർഡ് അംഗം, എ.ഐ.റ്റി.യു.സി. കേന്ദ്ര കമ്മിറ്റി അംഗം, സംസ്ഥാന സെക്രട്ടറി, ദേശീയ പ്രവർത്തക സമിതി അംഗം, എ.ഐ.എസ്.എഫ്. സംസ്ഥാന ജനറൽ സെക്രട്ടറി, കാലിക്കറ്റ് സർവ്വകലാശാല സെനറ്റ് വിദ്യാർത്ഥി പ്രതിനിധി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. അഖിലേശ്വരം മാസ്റ്റർ അവാർഡ്, മികച്ച സേവനത്തിനുള്ള ഡോ. അംബേദ്കർ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

## നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...



### ഞാനറിഞ്ഞ ടി. പത്മനാഭൻ

എ.എം.മുഹമ്മദ്

സാഹിത്യ പ്രവർത്തക സഹകരണ സംഘം : കോട്ടയം, 2023.

O32,3wPAD R3

(മലയാളത്തിന്റെ പ്രിയ കഥാകാരൻ ടി.പത്മനാഭനോടൊപ്പം പിന്നിട്ട വഴികളും അനുഭവങ്ങളും ഓർമ്മകളും പങ്കുവയ്ക്കുന്നു.)



### കേരള യഹൂദരുടെ സാംസ്കാരിക ചരിത്രം

ഡോ. പി. കെ. പീതാംബരൻ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് : തിരുവനന്തപുരം, 2019.

Y73(Q5):1.212 32Q9;1

(കേരള സംസ്ഥാന രൂപീകരണത്തിൽ യഹൂദന്മാരുടെ പങ്ക് ചരിത്രപരമായ തെളിവുകളോടെ അവതരിപ്പിക്കുന്നു.)



### 1. The First 100

A Selection of Editorials,

1878 – 1978 Vol-I

Kasturi & Sons Ltd: Chennai 2022

4m2,M78 N78<M78 L8



### 2. The Second 100

A Selection of Editorials,

1978 – 2016 Vol-II

Kasturi & Sons Ltd : Chennai, 2022.

4m2,M78 N78<P16 L8

(These books contain the important editorials of the Hindu News paper for 140 years )



### ആഗോളമൂലധനവും ദക്ഷിണേന്ത്യയിലെ തോട്ടംതൊഴിലാളികളും

കെ. രവിരാമൻ

വിവ. രാജേന്ദ്രൻ ചെറുപൊയ്ക,

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് : തിരുവനന്തപുരം, 2022.

X8(J).21 32R2;1



### കണ്ടുനിൽക്കാതെ കരംപിടിച്ചവർ

അഡ്വ. സി. കെ. ജോസഫ്

ഡോൺ ബുക്സ് : കോട്ടയം, 2021.

L4:423-52.212 32R1

(കോവിഡ് 19 പ്രതിരോധത്തിന് കേരളം സ്വീകരിച്ച നടപടികൾ, മഹാമാരികളുടെ ചരിത്രം, വാക്സിനുകളുടെ ചരിത്രം, രോഗത്തിന്റെ സ്വഭാവം എന്നിങ്ങനെ വിവിധ വിഷയങ്ങളെ സംബന്ധിച്ച ശാസ്ത്രീയമായ വിവരങ്ങൾ അടങ്ങിയ ഗ്രന്ഥം.)



### 23 Grams of Salt

Retracing Gandhi's March to Dandi

Anuj Ambalal

Trimothy Hyman : London, 2020

ZG R0

(This book is the pictorial narration of the Dandi March of Mahatmaji to break the Draconian Salt Law. )



### കൊളുന്ത്

ഒരു പെൺസമരത്തിന്റെ ആത്മഭാഷണം

ടി. പി. ഗായത്രി

ഒലിവ് : കോഴിക്കോട്, 2022.

Y15-49wGOM 32R2

(മൂന്നാറിലെ പെൺജീവിതത്തിന്റെ ആത്മചരിത്രം.)



### കരിമ്പുലി റോ റോ പിങ്ക് പോലീസ്....

**പിന്നെ കഞ്ചാവ് തോട്ടത്തിലെ എന്റെ ജീവിതവും....**

ജി. ആർ. ഇന്ദുഗോപൻ

ഡി.സി. ബുക്സ് : കോട്ടയം, 2023

O32,3 IND R3

(ജി. ആർ. ഇന്ദുഗോപന്റെ ഏറ്റവും പുതിയ കഥകളും പ്രദീപ് പനങ്ങാടുമായി നടത്തിയ അഭിമുഖവും.)



### EMINENT WOMEN FREEDOM FIGHTERS OF INDIA

**Profiles in courage and conviction**

Dr. K. L. Johar

Sneh Prakashan : Noida, 2022.

Y15(V2:51)W R2

(This book is an eye-opener to the heroic and stellar role played by the women in the freedom movement. )



### ആലേഖനങ്ങളിലെ കേരളചരിത്രം (2-ാം പതിപ്പ് )

ഡോ.എം.ജി.ശശിഭൂഷൺ

ഡി.സി. ബുക്സ് : കോട്ടയം, 2023

V212:7 32R3

(കേരളത്തിലെ ചുവർചിത്രങ്ങളെയും ദാരുശില്പങ്ങളെയും വിഗ്രഹങ്ങളെയും കുറിച്ച് ചരിത്ര സൂചനകൾ നൽകുന്ന ഗ്രന്ഥം.)



### അമർത്യസെന്നിന്റെ മാനവിക വികസനശാസ്ത്രം ഒരു ആമുഖ പഠനം

എം. എ. ഉമ്മൻ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് : തിരുവനന്തപുരം, 2018.

X:1(X:89zB) 32Q8

(വികസനം മനുഷ്യനന്മയ്ക്കാകണമെന്ന കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യാത്ത പ്രൊഫ. അമർത്യസെന്നിന്റെ സാമ്പത്തിക ശാസ്ത്ര സിദ്ധാന്തങ്ങൾ വളരെ ലളിതരൂപത്തിൽ പ്രതിപാദിച്ചിരിക്കുന്ന ഗ്രന്ഥം.)



### SILENT VICTIMS

EMERGING ISSUE OF ENVIORNMENT

K.Satheesh Babu

Pink Books : Calicut, 2013.

G:55 Q3

(This book analyses the effect of surplus pollution on men and environment, through spontaneous operation of self-adjustment mechanism of nature. )




# കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ

റ്റി. മനോഹരൻ നായർ
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

## 1991 ലെ കേരള വനിതാ കമ്മീഷൻ ആക്ട് (1995 ലെ 12 ാമത് നിയമം)

### ചോദ്യവും ഉത്തരവും

ചോദ്യം : 'അങ്ങേക്ക് വിഷമം തോന്നരുത്, ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ, സ്ത്രീകൾ അനുസരണയുള്ളവരായി ജീവിക്കണമെന്നുള്ളതുകൂടി ഈ ബില്ലിനകത്ത് ചേർക്കാമോ?'

*ഉത്തരം: 'അങ്ങേക്ക് അങ്ങനെയാണ് അനുഭവമെങ്കിൽ ഞാൻ ദുഃഖിക്കുകയാണ്. ഞാൻ ഇക്കാര്യത്തിൽ ദുഃഖിക്കുന്നു. രണ്ടായിരം സംവത്സരങ്ങളായി പുരുഷന്മാർ സ്ത്രീകളോട് ഇത്തരം ചോദ്യങ്ങൾ ചോദിക്കുവാൻ തുടങ്ങിയിട്ട്. നിങ്ങൾ അനുസരണയുള്ളവരാണോ, ഞങ്ങൾ നിങ്ങൾക്ക് ചെലവിന് തന്നാൽ നിങ്ങൾ ഞങ്ങൾ പറയുന്നതുപോലെ കേട്ടു ജീവിക്കുമോ? ഞങ്ങൾ സ്ത്രീകൾ ചെയ്യുന്ന ജോലിക്ക് ഈ നാട്ടിൽ വിലയില്ല. ഞങ്ങൾ അനുഭവിക്കുന്ന ദുഃഖങ്ങളെ സംബന്ധിച്ച് ആരും പറയാറില്ല. ഞങ്ങളിൽ എത്ര പീഡനങ്ങൾ ഏൽപ്പിച്ചാലും സന്തോഷിക്കുന്ന കുറേ ആളുകളെങ്കിലുമുണ്ട്. നിയമനടപടികളിൽക്കൂടി കിട്ടേണ്ട അവകാശങ്ങളും ഭരണഘടനയിലും സമൂഹത്തിലും അംഗീകരിക്കപ്പെട്ടിട്ടുള്ള അവകാശങ്ങളുമെല്ലാം ഇന്ന് നിഷേധിക്കപ്പെടുകയാണ്.'*

1990 ഡിസംബർ മാസം 20ാം തീയതി, 1990 ലെ കേരള വനിതാ കമ്മീഷൻ ബിൽ അവതരിപ്പിച്ചുകൊണ്ട് അന്നത്തെ വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി കെ.ആർ. ഗൗരി അമ്മ നടത്തിയ പ്രസംഗത്തിനിടെയാണ് അന്നത്തെ സ്പീക്കർ വർക്കല രാധാകൃഷ്ണൻ മേൽപ്പറഞ്ഞ ചോദ്യം ഉന്നയിച്ചതും മന്ത്രി മറുപടി പറഞ്ഞതും. തുടർന്ന് ടി.എം. ജേക്കബ്, എല്ലാ പുരുഷന്മാരും അങ്ങനെയല്ല എന്ന് ചൂണ്ടികാണിച്ചപ്പോൾ ഗൗരി അമ്മ പറഞ്ഞത് ഇപ്രകാരമായിരുന്നു.

'ശ്രീ. ടി. എം. ജേക്കബിന്റെ കുടുംബ ജീവിതം സംബന്ധിച്ച് ഞാൻ തിരക്കിയിട്ടില്ല, അതുകൊണ്ട് എനിക്കറിയില്ല.. ഇതാണ് നിത്യാനുഭവം, അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. മെറ്റേർണിറ്റി നിയമം ഈ നാട്ടിൽ നടപ്പിലാക്കിയില്ലേ? ആ നിയമം സ്ത്രീകൾക്ക് ജോലി നിഷേധിക്കാനാണ് ഇന്ന് ഉപയോഗിക്കുന്നത്. സ്ത്രീ രാത്രി ജോലിക്ക് പോകാൻ പാടില്ലെന്ന് വ്യവസ്ഥ വന്നതിന്റെ പേരിൽ ഷിഫ്റ്റിൽ സ്ത്രീയെ പകൽ മാത്രമേ എടുക്കാൻ പറ്റൂ, രാത്രിയും ഷിഫ്റ്റ് ഉണ്ട്. അതുകൊണ്ട് സ്ത്രീക്ക് ആ ജോലിക്ക് അപേക്ഷിക്കാൻ വിലക്ക് - അവരെ തെരഞ്ഞെടുക്കുന്നില്ല.

അതുപോലെ സമൂഹത്തിൽ കുറ്റകൃത്യങ്ങൾ ചെയ്യുന്നത് സ്ത്രീയും പുരുഷനുമാണ്. പക്ഷേ, ഒരു പുരുഷനേയും വേശ്യൻ എന്നു പറഞ്ഞിട്ടില്ല. വേശ്യയെന്നു പറഞ്ഞാൽ സ്ത്രീയാണ്. സമൂഹത്തിൽ സ്ത്രീ അനുഭവിക്കുന്ന ദുഃഖം ഏതു വിധത്തിലുള്ളതാണെന്ന് ആലോചിച്ചുനോക്കണം. നമ്മൾ ഡൈവോഴ്സ് ആക്ട് പാസ്സാക്കിയിട്ടില്ലേ? ഒരു കുട്ടി ഉണ്ടായിക്കഴിഞ്ഞാൽ സ്ത്രീയുടെ ദുഃഖം പുരുഷന് മനസ്സിലാക്കാൻ കഴിയുമോ? കുട്ടിയുടെ സംരക്ഷണം, കുട്ടിയെ വളർത്തേണ്ടത്, അച്ഛനും അമ്മയും യോജിച്ചുനിന്നു വളർത്തിയാൽ കുട്ടിയുടെ ഭാവി വരേണ്ടത് - അതിനെക്കുറിച്ചെല്ലാം ഒരു സ്ത്രീക്ക് അറിയുന്നതുപോലെ പുരുഷന് അറിയുകയില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്.

പതിനാലു വയസ്സായ ഒരു സ്ത്രീയുടെ മോഹം സ്നേഹിക്കുന്ന പുരുഷനോടൊപ്പം സുഖമായി ജീവിക്കുക എന്നതാണ്. ആ സായൂജ്യത്തിനുവേണ്ടി എല്ലാം സഹിക്കുന്ന സ്ത്രീ ഒടുവിൽ ചിലപ്പോൾ ചെന്നെത്തുന്നത് വേശ്യാലയത്തിലാണ്. ജീവിക്കാൻ വേണ്ടി മാംസം വിൽക്കേണ്ടി വരുന്നു. അനേകം സ്ത്രീകൾ മാംസം വിറ്റ് ജീവിക്കേണ്ട സ്ഥിതിവിശേഷമുണ്ടാകുന്നു. എന്നെ ഇതൊക്കെ പറയുന്നതിന് പ്രകോപിപ്പിച്ചത് ശ്രീ. ടി.എം. ജേക്കബ് ആണ്. ഞാൻ ഇത് ഒരു പുരുഷ വിദ്വേഷിയായിട്ടല്ല പറയുന്നത്. നമ്മുടെ സമൂഹം ചിന്തിക്കുന്നത് അങ്ങനെയാണ്.

മി. സ്പീക്കർ: സ്ത്രീകൾ പുരുഷന്മാരെയും പാവ കളിപ്പിക്കുന്നുണ്ട്.

ശ്രീമതി കെ.ആർ. ഗൗരി അമ്മ: സർ, എങ്കിൽ ഇതുപോലെയുള്ള ഒരു കമ്മീഷൻ ആവശ്യമില്ലായിരുന്നു. പുരുഷന്മാരെ സ്ത്രീകളാണ് പാവ കളിപ്പിക്കുന്നതെങ്കിൽ ഈ ഒരു കമ്മീഷൻ വേണ്ടിവരില്ലായിരുന്നു. അതുപോലെ ശ്രീ. ടി. എം. ജേക്കബിന് പറയാൻ കഴിയുമോ, സ്ത്രീയെയാണോ അതോ കാശിനെയാണോ ഇന്ന് കല്യാണം കഴിക്കുന്നത്? ഇന്ന് സ്നേഹത്തിന് വിലയുണ്ടോ? ഇന്ന് അറേഞ്ച്ഡ് മാര്യേജ് ആണ് അധികവും. അങ്ങനെയല്ലാത്തത് വളരെ കുറവാണ്. എന്താണ് അറേഞ്ച്ഡ് മാര്യേജ്? സാധാരണ ഒരു സ്ത്രീയെ കാണാൻ പോകും. പെൺകുട്ടി നല്ലത്, കുട്ടിയുടെ കുടുംബം നല്ലത്, ആ കുട്ടിയുടെ ബന്ധുക്കളും മറ്റും നല്ലത്, പെൺകുട്ടി പെരുമാറാൻ നല്ലത്, വീട്ടിൽ വന്നാൽ അമ്മായിയമ്മയും മറ്റുള്ളവരുമായി കലഹിക്കുകയില്ല. ഇതൊക്കെ നോക്കിയിട്ട് ഒടുവിൽ ചോദിക്കുന്നത്, ശരി കുട്ടിയെ പിടിച്ചു. കല്യാണത്തിന് ആഗ്രഹിക്കുന്നു. എന്നാൽ നിങ്ങൾ ഞങ്ങൾക്കെന്തു തരും? ഇത് ഇന്നോ ഇന്നലെയോ തുടങ്ങിയതാണോ? സ്ത്രീധനം നിരോധിച്ചിട്ടില്ലേ? അത് ഇന്ന് കൂടിവരികയല്ലേ ചെയ്യുന്നത്. സ്ത്രീകൾ ഒരു വിൽപ്പനച്ചരക്കായി മാറുകയാണ്. ഒരു ദിവസം ശ്രീമതി നബീസാ ഉമ്മാൾ പ്രസംഗിക്കുന്നത് കേട്ടു. നല്ല ഒരു പട്ടിക്കുഞ്ഞിനെ കാശുകൊടുത്തു വാങ്ങിക്കും, ഒരു സ്ത്രീയെ ഒരു വീട്ടിൽനിന്ന് മറ്റൊരു വീട്ടിലേക്ക് കൊണ്ടുവരണമെങ്കിൽ അങ്ങോട്ട് കാശു കൊടുക്കണമെന്ന്. അതാണ് സ്ഥിതി. അങ്ങനെയല്ലാത്തവർ കാണും. ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, സമൂഹത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ദുഷ്കരമായ ചിന്താഗതികൾ, സ്ത്രീകളോട് കാണിക്കുന്ന അൺഫെയർ നടപടികൾ, സ്ത്രീകൾക്ക് കിട്ടേണ്ട അവകാശങ്ങൾക്ക് എതിരായിട്ട് നിൽക്കുന്നു. അതുപോലെ സ്ത്രീകളെ പ്രൊട്ടക്ട് ചെയ്യുന്നതിനുള്ള നിയമം ലംഘിക്കപ്പെടുന്നവർ ആരുമാകട്ടെ, അവർ ശിക്ഷാർഹരാണ്. നിയമം നടപ്പിലാക്കണം. അതിനുള്ള നിയമനിർമ്മാണം ഉണ്ടാകണം.

ഞാൻ പറയുന്നത് ഈ ബിൽ ഇന്നത്തെ കാലഘട്ടത്തിന് ആവശ്യമാണ് എന്നാണ്. കേരളം ഉൾപ്പെടെയുള്ള ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലേയും ജനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തെയും ഇന്ത്യയുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി വലിയൊരു വിഭാഗത്തെ ഈ രാജ്യത്തു നിന്ന് രാഷ്ട്രീയമായോ സാമൂഹ്യമായോ ഉള്ള അടിമത്തത്തിനോ അതുപോലെ ചൂഷണങ്ങൾക്കോ വിധേയമാക്കി മാറ്റി നിർത്താതെ അവരെക്കൂടി രാഷ്ട്ര പുനർനിർമ്മാണത്തിൽ പങ്കെടുപ്പിക്കുന്നതിനു വേണ്ടിയിട്ടുള്ള നടപടിക്രമങ്ങൾ ആവിഷ്കരിക്കുന്നതിന് വേണ്ടിയുള്ള ഒരു നിയമനിർമ്മാണമാണിത്. അതിൽ തെറ്റുകൾ കാണും, കുറ്റങ്ങൾ കാണും. ഈ ബിൽ കുറെക്കൂടി നന്നാക്കേണ്ടതുണ്ടാകും. ഉദ്ദേശ്യ ശുദ്ധിയോടുകൂടി ഈ സമൂഹത്തിന്റെ ഇതുവരെയുള്ള യാതനകളും പീഡനങ്ങളും ഒക്കെ മനസ്സിൽ വച്ചുകൊണ്ട് എഴുതി തയ്യാറാക്കിയ നിയമമാണ്. ഇത് കൂടുതൽ നന്നാക്കുന്നതിനും വിട്ടുപോയത് കൂട്ടിച്ചേർക്കാനും വേണ്ടിയുള്ള നടപടിക്രമം എന്നുള്ള നിലയിലാണ് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കാൻ ഞാൻ നിർദ്ദേശിച്ചത്. എല്ലാവർക്കും ഈ ബിൽ നന്നാക്കുന്നതിന് വേണ്ടിയുള്ള അഭിപ്രായങ്ങളുണ്ടാകണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.' (1990 ഡിസംബർ 20 ലെ നിയമസഭാ പ്രൊസീഡിംഗ്സിൽനിന്ന്).

## ഇനി നിയമത്തെപ്പറ്റി രണ്ടു വാക്ക്.

നമ്മുടെ ഭരണഘടനയിലും മറ്റ് നിയമങ്ങളിലും സ്ത്രീകളുടെ സംരക്ഷണത്തിന് നിയമപരിരക്ഷ ഉറപ്പാക്കുവാൻ ലക്ഷ്യമിടുന്നുണ്ടെങ്കിലും സമൂഹത്തിന്റെ വിവിധ തുറകളിൽ സ്ത്രീകൾക്ക് നേരെ വർദ്ധിച്ചുവരുന്ന പീഡനങ്ങളും വിവേചനങ്ങളും തടയാൻ ഫലപ്രദമായ നിവാരണ മാർഗം കണ്ടെത്താൻ കാലാകാലങ്ങളിൽ സ്ത്രീ സംഘടനകളും സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതാ സംഘടനകളും നിയമജ്ഞരും സാമൂഹ്യപ്രവർത്തകരും സ്ത്രീകളുടെ പുരോഗതിയിൽ താൽപര്യമുള്ള മറ്റു വ്യക്തികളും അടങ്ങുന്ന ഒരു കമ്മിറ്റി 18.5.1989 ൽ സർക്കാർ വിളിച്ചു കൂട്ടുകയും നിയമനിർമ്മാണം ആവശ്യമായ മേഖലകൾ പരിശോധിച്ച് കരട് രേഖ തയ്യാറാക്കാൻ അന്നത്തെ വനിതാ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെയും സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയെയും ചുമതലപ്പെടുത്തുകയും ചെയ്തു. സമൂഹത്തിൽ സ്ത്രീപുരുഷ തുല്യത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ സ്ത്രീകൾക്ക് നേരെയുള്ള അടിമത്ത മനോഭാവവും ചൂഷണവും അവസാനിപ്പിക്കുന്നതിനുള്ള ഒരു നടപടിക്രമം ആവിഷ്കരിക്കുന്നതിന് സ്ത്രീകളുടെ ഉന്നമനത്തിനായി നിയമനടപടികൾ എടുക്കുന്നതിനും വേണ്ടിയുള്ള ഒരു നിയമം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് 1990 ലെ കേരള വനിതാ കമ്മീഷൻ ബിൽ തയ്യാറാക്കിയത്.

ഐക്യരാഷ്ട്രസഭ 1975 അന്തർദേശീയ വനിതാ വർഷമായും തുടർന്ന് അന്തർദേശീയ വനിതാ ദശകമായും ആചരിച്ചതും 1990 ആഗസ്റ്റ് 3ന് നിലവിൽ വന്ന നാഷണൽ കമ്മീഷൻ ഫോർ വുമൺ ആക്ടും ഈ നിയമം രൂപപ്പെടുത്തുന്നതിന് പ്രേരകമായിട്ടുണ്ട്. സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി ഒരു ചെയർപേഴ്സണും ആറിൽ കൂടുതലല്ലാത്ത അംഗങ്ങളും ഉൾപ്പെടുന്ന ഒരു വനിതാ കമ്മീഷൻ രൂപീകരിക്കേണ്ടതാണെന്ന് നിയമത്തിന്റെ അഞ്ചാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. അതിൽ ഒരംഗം പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട വനിതയായിരിക്കണമെന്നും നിഷ്കർഷിച്ചിരിക്കുന്നു. കമ്മീഷനിലെ ചെയർപേഴ്സൺ ഉന്നതമായ വ്യക്തിത്വത്തിന് ഉടമയും സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് അറിവും പരിചയവും ഉള്ള വ്യക്തിയും ആയിരിക്കണമെന്നും കമ്മീഷനിലെ അംഗങ്ങൾ സ്ത്രീകളുടെ കാര്യങ്ങൾക്കായി അർപ്പണബുദ്ധിയോടുകൂടി പ്രവർത്തിക്കുന്നവരും സ്ത്രീകൾ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രാവീണ്യം തെളിയിച്ചിട്ടുള്ള ആളുകൾ ആയിരിക്കണമെന്നും തുടർന്ന് വ്യവസ്ഥ ചെയ്യുന്നു. സ്ത്രീകൾക്ക് നേരെയുള്ള നീതിരഹിതമായ നടപടി എന്നാൽ ലിംഗപരമായ വിവേചനമോ, മൗലികാവകാശ നിഷേധമോ വ്യക്തിസ്വാതന്ത്ര്യ ഹനനമോ ഏതെങ്കിലും രീതിയിലുള്ള ശാരീരികവും മാനസികവുമായ പീഡനമോ അതുമല്ലെങ്കിൽ ലൈംഗികമായ അതിക്രമമോ ആയിരിക്കുമെന്ന് നിയമത്തിൽ നിർവ്വചിച്ചിട്ടുണ്ട്.

സ്ത്രീകൾക്ക് നേരെയുള്ള നീതിരഹിതമായ നടപടികൾ സംബന്ധിച്ച്

അന്വേഷണം നടത്തി അത് തടയുന്നതിന് വേണ്ട ശിപാർശകൾ സർക്കാരിന് സമർപ്പിക്കുക, സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങളിൽ സ്ത്രീകളുടെ അവകാശങ്ങളെ ബാധിക്കുന്ന പോരായ്മകൾ ഉണ്ടെങ്കിൽ അത് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക, പൊതുമേഖലയിലെയും സർക്കാർ സർവീസിലെയും നിയമനങ്ങളിൽ സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് നടപടികൾ ശിപാർശ ചെയ്യുക, സ്ത്രീകൾക്ക് നേരെ അതിക്രമം നടക്കുന്നതായി പരാതി ലഭിച്ചിട്ടുള്ള ഏതൊരു സ്ഥലത്തും അന്വേഷണം നടത്തുന്നതിനും അത് തടയാൻ വേണ്ട നടപടി സംബന്ധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും സ്ത്രീകളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഏതൊരു ഉദ്യോഗസ്ഥനെതിരെയും ശിക്ഷാനടപടിക്ക് ശിപാർശ ചെയ്യുന്നതിനും സ്ത്രീകളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ നടപ്പാക്കാൻ ശിപാർശ ചെയ്യുന്നതിനും കമ്മീഷന് അധികാരം ഉണ്ടായിരിക്കുമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. നീതിരഹിതമായ നടപടി ഉണ്ടായതായി ഒരു സ്ത്രീയിൽ നിന്നോ വനിതാ സംഘടനയിൽനിന്നോ പരാതി ലഭിക്കുകയോ അല്ലെങ്കിൽ സർക്കാരിൽ നിന്നും അപേക്ഷ ലഭിക്കുകയോ ചെയ്താൽ കമ്മീഷന് അതിനെക്കുറിച്ച് അന്വേഷണം നടത്താവുന്നതാണെന്ന് പതിനേഴാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുന്ന ഇത്തരം സംഭവങ്ങളിൽ സ്വമേധയാ നടപടി സ്വീകരിക്കാനും ഈ വകുപ്പ് കമ്മീഷന് അധികാരം നൽകുന്നുണ്ട്.

വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവും ജനോപകാരപ്രദവുമായി മാറ്റുന്നതിനായി പി.കെ. കുഞ്ഞാലിക്കുട്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയായിരിക്കെ (2001-2006) 2002 ലും പി.കെ. ശ്രീമതി ടീച്ചർ ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയായിരിക്കെ (2006-2011) 2007 ലും ആയി രണ്ടുപ്രാവശ്യം മൂലനിയമത്തിൽ ചില ഭേദഗതികൾ വരുത്തുകയുണ്ടായി.

## ബിൽ പാസ്സാവുന്നു

1991 ഏപ്രിൽ 4ാം തീയതി അതായത് എട്ടാം കേരള നിയമസഭയുടെ അവസാന സമ്മേളന ദിനത്തിൽ 1990 ലെ കേരള വനിതാ കമ്മീഷൻ ബില്ലിലെ മൂന്നാം വായനയിൽ ബിൽ പൈലറ്റ് ചെയ്തിരുന്ന വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി കെ. ആർ. ഗൗരി അമ്മ നടത്തിയ ഹൃദയസ്പർശിയായ പ്രസംഗത്തിന്റെ അവസാനഭാഗം ഇങ്ങനെയായിരുന്നു. അതിൽ എല്ലാം അടങ്ങുന്നു.

"നമ്മൾ ഇന്ന് പിരിയുകയാണ്. ഒന്നിച്ചു പ്രവർത്തിച്ചവർക്കും ഒന്നിച്ചു നിന്നവർക്കും ഭിന്നാഭിപ്രായം കാണും. പക്ഷേ, ഓരോരുത്തരും അവരവരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തോന്നുന്നതുപോലെ പ്രവർത്തിച്ചവരാണ്. അതിന് അപ്പുറത്തിരിക്കുന്ന ആരോടും അവർ എടുത്ത നിലപാട് സംബന്ധിച്ച് യാതൊരു അഭിപ്രായ വ്യത്യാസവും ഞങ്ങൾക്കില്ല. അങ്ങനെ യാതൊരു നടപടിയുമില്ല. ഈ നിയമസഭയിലെ പ്രതിപക്ഷത്തിരിക്കുന്നവരെ ഭരണപക്ഷത്ത് മാറ്റിയാലും ഇത് സ്വാഭാവികമാണ്. ഞാൻ 1952 മുതൽ ഈ നിയമസഭയിൽ അംഗമാണ്. കേരള നിയമസഭയുടെ ചരിത്രത്തിലും തിരു-കൊച്ചി നിയമസഭയുടെ ചരിത്രത്തിലും, പഴയകാലത്തെ നിയമസഭയെയും ഇന്നത്തെ നിയമസഭയെയും ഒന്ന് തട്ടിച്ചു നോക്കിയാൽ കാലാന്തരത്തിൽ നിയമസഭകളിൽ വന്നിട്ടുള്ള മാറ്റം നമുക്കറിയാം. ഇതൊരു സാമൂഹ്യ മാറ്റത്തിനുള്ള നിയമമാണ്. നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും രാജ്യത്തിലും നമ്മുടെ കഴിവും പ്രവർത്തന ശേഷിയും ബലപ്പെടുത്താൻ സാധിക്കുന്നതാണ്. പകുതിയോളം ജനവിഭാഗങ്ങളെ തള്ളിക്കളഞ്ഞുകൊണ്ട് ഒരൊറ്റ രാജ്യത്തിനും മുന്നോട്ടുപോകാൻ സാധിക്കയില്ല. ഞങ്ങളുടെ പ്രവർത്തനവും ശേഷിയും ഇവിടുത്തെ വികസന പ്രവർത്തനങ്ങൾക്കു വേണ്ടി വിനിയോഗിക്കും. ഈ രാജ്യത്ത് ഇന്ന് വന്നിരിക്കുന്ന ചുറ്റുപാടുകളിൽ, കലുഷിതമായിട്ടുള്ള രാഷ്ട്രീയത്തിൽ അമ്മയും ഭാര്യയും മകളും എന്നുള്ള നിലയിൽ അവർക്ക് കിട്ടേണ്ട അംഗീകാരവും അവകാശവും നേടിയെടുക്കുന്നതിനുവേണ്ടി അവരെ സഹായിക്കുന്നതിനായി കൊണ്ടുവന്നിരിക്കുന്ന ഒരു നിയമമാണിത്. ഈ നിയമം പാസ്സാക്കിത്തരണമെന്ന് ഞാൻ നിങ്ങളോട് അപേക്ഷിക്കുകയാണ്. നിങ്ങളുടെയെല്ലാം സഹകരണത്തിന് ഒരിക്കൽ കൂടി നന്ദി പറയുന്നു . പ്രത്യേകിച്ചും ശ്രീ. ടി.എം. ജേക്കബിനോടും നന്ദി രേഖപ്പെടുത്തുകയാണ്."

1990 ലെ കേരള വനിതാ കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു. ബിൽ സഭ പാസ്സാക്കി.

## ബില്ലിൽ ഒപ്പിടുന്നതിലെ കാലതാമസം... അന്നും...

1990 ഡിസംബർ മാസം ഇരുപതാം തീയതി സഭയിൽ അവതരിപ്പിച്ച് വിശദമായ ചർച്ചയ്ക്കുശേഷം ബിൽ പൈലറ്റ് ചെയ്ത വനിതാ മന്ത്രിയുൾപ്പെടെ ആ സഭയിൽ അംഗങ്ങളായിരുന്ന എട്ട് വനിതാ എം.എൽ.എ.മാരും പന്ത്രണ്ട് പുരുഷ എം.എൽ.എ.മാരും അംഗങ്ങളായിട്ടുള്ള ഒരു സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചതാണ് 1990ലെ കേരള വനിതാ കമ്മീഷൻ ബിൽ. 1991 മാർച്ച് 26ാം തീയതിയാണ് സെലക്ട് കമ്മിറ്റി, ബിൽ സംബന്ധിച്ച റിപ്പോർട്ട് സഭയിൽ സമർപ്പിച്ചത്. തുടർന്ന് 1991 ഏപ്രിൽ 3, 4 തീയതികളിലായി സഭയുടെ വിശദമായ പരിഗണനയ്ക്കുശേഷം ഏപ്രിൽ നാലാം തീയതി സഭ ബിൽ പാസ്സാക്കുകയുണ്ടായി. ഗവർണ്ണറുടെ അംഗീകാരത്തിനായി അയയ്ക്കപ്പെട്ട ബിൽ, ഗവർണ്ണർ രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചു. നീണ്ട നാലര വർഷത്തെ കാത്തിരിപ്പിനുശേഷം 1995 ആഗസ്റ്റ് 22ാം തീയതി മാത്രമാണ് രാഷ്ട്രപതി ബില്ലിന് അംഗീകാരം നൽകിയത്. ഇത്തരത്തിൽ തികച്ചും സാമൂഹ്യ പ്രാധാന്യമുള്ള ഒരു വിഷയത്തിന്മേൽ നിർമ്മിക്കപ്പെട്ട ഒരു നിയമത്തിന് അന്തിമ അനുമതി നൽകുന്ന കാര്യത്തിൽ അക്ഷന്തവ്യമായ കാലതാമസം വരുത്തിയ സംഭവം സമകാലീന സംഭവങ്ങളുമായി കൂട്ടിവായിക്കുമ്പോൾ, നമ്മുടെ ഭരണഘടനാ സ്ഥാനങ്ങൾ വഹിക്കുന്നവരുടെ ഉദാസീനതയിലേക്കും അലംഭാവത്തിലേക്കും നിരുത്തരവാദപരമായ സമീപനത്തിലേക്കുമാണ് വിരൽ ചൂണ്ടുന്നത് എന്ന് കാണാവുന്നതാണ്.

(തുടരും.. )

# ജമ്മു-കാശ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കിയ കേന്ദ്ര സർക്കാർ നടപടി അംഗീകരിച്ച് സുപ്രീം കോടതി

ഭാരതത്തിന്റെ അവിഭാജ്യ ഘടകവും ഭാരതീയരുടെ വികാരവുമാണ് ജമ്മു-കാശ്മീർ. നമ്മുടെ നയതന്ത്ര ചർച്ചകളിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്നതും കാശ്മീരിനെ കുറിച്ചാണ്. ജമ്മു കാശ്മീരിന് പ്രത്യേക പദവി നൽകിയിരുന്ന ഭരണഘടനാ അനുച്ഛേദം 370, 35(എ) എന്നിവ 2019 ആഗസ്റ്റ് 5ന് റദ്ദാക്കിയ കേന്ദ്രസർക്കാരിന്റെ തീരുമാനം അംഗീകരിച്ച് 2023 ഡിസംബർ 11 ന് സുപ്രീം കോടതി വിധി പുറപ്പെടുവിച്ചു. ജമ്മു കാശ്മീരിന്റെ പ്രത്യേക പദവി താൽക്കാലികമാണെന്നും അതില്ലാതാക്കാൻ രാഷ്ട്രപതിക്ക് അധികാരമുണ്ടെന്നുമുള്ള കേന്ദ്ര സർക്കാർ വാദങ്ങൾ സുപ്രീം കോടതി അംഗീകരിക്കുകയായിരുന്നു. ഇന്ത്യയിൽ ലയിച്ചതോടെ ജമ്മു-കാശ്മീരിന്റെ ആഭ്യന്തര പരമാധികാരം നഷ്ടമായെന്ന് നിരീക്ഷിച്ച കോടതി, ലഡാക്കിനെ വേർപെടുത്തി പ്രത്യേക കേന്ദ്രഭരണ പ്രദേശമാക്കിയ നടപടി ശരിവച്ചു. ജമ്മു-കാശ്മീരിന് വേണ്ടിയുള്ള ഭരണഘടനാ നിർമ്മാണ സഭ 1957 ൽ ഇല്ലാതായതോടെ 370 ാം വകുപ്പിന് സ്ഥിരസ്വഭാവമായെന്ന ഹർജിക്കാരുടെ വാദം സുപ്രീം കോടതി തള്ളി.

ഇന്ത്യൻ നാട്ടുരാജ്യങ്ങളിൽ ഒന്നായിരുന്ന ജമ്മു-കാശ്മീർ, 15 ാം നൂറ്റാണ്ട് വരെ വ്യത്യസ്ത രാജവംശങ്ങൾ ഭരിക്കുകയും പിന്നീട് മുഗൾ ഭരണാധികാരി അക്ബറിന്റെ ഭരണത്തിൻ കീഴിലാവുകയുമായിരുന്നു. 1756 മുതൽ അഫ്ഗാൻ അധീനതയിലായിരുന്ന ഈ പ്രദേശം 1819 ൽ സിഖ് ആധിപത്യത്തിലായി. 1846 ൽ മഹാരാജ രഞ്ജിത് സിംഗ് ഈ പ്രദേശം ഗുലാബ് സിംഗ് രാജാവിന് കൈമാറി. സ്വാതന്ത്ര്യാനന്തരം നാട്ടുരാജ്യങ്ങളുടെ സംയോജന കാലത്ത് സ്വതന്ത്രമായി നിന്നിരുന്ന കശ്മീരിനെ പിടിച്ചടക്കാൻ പാക്കിസ്ഥാൻ സൈനിക മുന്നേറ്റം നടത്തിയപ്പോൾ അന്നത്തെ കാശ്മീർ ഭരണാധികാരി മഹാരാജ ഹരി സിങ് ഇന്ത്യയുടെ സഹായം തേടുകയും നിയമ നിർമ്മാണം, വിദേശകാര്യം, പ്രതിരോധം എന്നിവയൊഴിച്ചുള്ള വിഷയങ്ങളിൽ തീരുമാനമെടുക്കാനുള്ള അധികാരം കാശ്മീരിന് തന്നെയായിരിക്കും എന്ന ഉപാധികളോടെ ഇന്ത്യൻ യൂണിയനിൽ ലയിക്കാൻ തീരുമാനിക്കുകയുമായിരുന്നു. അതിനെത്തുടർന്ന് ഇന്ത്യൻ സൈന്യം കശ്മീരിൽ പ്രവേശിച്ച് പാകിസ്ഥാനുമായി യുദ്ധത്തിലേർപ്പെട്ടു. യുദ്ധാനന്തരം ഇരു രാജ്യങ്ങളും തമ്മിൽ നടന്ന സന്ധിസംഭാഷണങ്ങളുടെ ഫലമായി ഇന്ത്യ പിടിച്ചെടുത്ത പ്രദേശങ്ങളെല്ലാം പാകിസ്ഥാൻ തിരികെ നൽകിയെങ്കിലും പാകിസ്ഥാൻ പിടിച്ചെടുത്ത കാശ്മീരിന്റെ ഭാഗങ്ങൾ ഭാരതത്തിന് ലഭിക്കുകയുണ്ടായില്ല. ഈ പ്രദേശങ്ങൾ പാക് അധിനിവേശ കാശ്മീർ എന്നറിയപ്പെടുന്നു. 1952 നവംബർ 17 ന് ജമ്മു കാശ്മീരിനെ ഇന്ത്യയിലെ ഒരു സംസ്ഥാനമായി പ്രഖ്യാപിച്ചാണ് പ്രത്യേക പദവി നൽകാൻ തീരുമാനിച്ചത്. ഭരണഘടനയുടെ 21 ാം ഭാഗത്തിൽ താൽക്കാലിക വ്യവസ്ഥയായാണ് അനുച്ഛേദം 370 ഉൾപ്പെടുത്തിയത്.

2019 ആഗസ്റ്റ് 5 വരെ ഇന്ത്യൻ യൂണിയനിൽ പ്രത്യേക പദവിയുള്ള സംസ്ഥാനമായിരുന്നു ജമ്മു-കാശ്മീർ. ജമ്മു-കാശ്മീരിന് പ്രത്യേക പദവി നൽകുന്ന ഭരണഘടനയുടെ 370 ാം അനുച്ഛേദം, ജമ്മു-കശ്മീരിൽ മറ്റ് ഇന്ത്യാക്കാർക്ക് ഭൂമി വാങ്ങാൻ അനുവാദം നിഷേധിക്കുന്ന 35(എ) അനുച്ഛേദം എന്നിവ റദ്ദാക്കി രാഷ്ട്രപതി രാംനാഥ് കോവിന്ദ് ഉത്തരവിറക്കി. ജമ്മു-കാശ്മീരിന്റെ പ്രത്യേക പദവി ഒഴിവാക്കി പകരം ജമ്മു-കാശ്മീർ, ലഡാക്ക് എന്നിങ്ങനെ രണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങളായി വിഭജിച്ചു.

പ്രത്യേക പദവിയിലൂടെ ഒരു പ്രത്യേക ഭരണഘടനയും പതാകയുമുള്ള ഇന്ത്യയിലെ ഏക സംസ്ഥാനമായിരുന്നു ജമ്മു-കാശ്മീർ. ജമ്മു-കാശ്മീർ സംസ്ഥാനവുമായി ബന്ധപ്പെട്ട പരിമിതമായ കാര്യങ്ങളിൽ പാർലമെന്റിനും കേന്ദ്ര സർക്കാരിനും അധികാരമുണ്ടായിരുന്നെങ്കിലും ഫെഡറൽ സംവിധാനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നടപടി സ്വീകരിക്കുന്നത് സംസ്ഥാന ഗവൺമെന്റായിരുന്നു. പ്രതിരോധം, വിദേശകാര്യം, വാർത്താ വിനിമയം, ധനകാര്യം എന്നിവയിലൊഴികെ രാജ്യത്തെ നിയമങ്ങൾ ജമ്മു കാശ്മീരിന് ബാധകമാക്കണമെങ്കിൽ സംസ്ഥാന സർക്കാരിന്റെ അനുമതി ആവശ്യമായിരുന്നു. പൗരത്വം, ഭൂവുടമസ്ഥാവകാശം, മൗലികാവകാശങ്ങൾ എന്നിവയിലെല്ലാം മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായിരുന്നു ജമ്മു-കാശ്മീർ. സംസ്ഥാനത്ത് സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ കേന്ദ്രത്തിന് അവകാശമുണ്ടായിരുന്നില്ല.



### കോടതി വിധിയുടെ നാൾവഴി

2019 ആഗസ്റ്റ് 5 ന് സംസ്ഥാനത്തിന് പ്രത്യേക പദവി നൽകുന്നതിനുള്ള ഭരണഘടനയിലെ അനുച്ഛേദം 370 റദ്ദാക്കാനുള്ള തീരുമാനം കേന്ദ്ര സർക്കാർ പാസ്സാക്കി. ആഗസ്റ്റ് 6 ന് ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് സുപ്രീം കോടതിയിൽ ആദ്യ ഹർജി സമർപ്പിക്കപ്പെട്ടു. ആഗസ്റ്റ് 24 ന് വാർത്താവിനിമയ നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള കേന്ദ്രത്തിന്റെയും ജമ്മു-കാശ്മീർ ഭരണകൂടത്തിന്റെയും തീരുമാനത്തിനെതിരെ പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ സുപ്രീം കോടതിയെ സമീപിച്ചു. ആഗസ്റ്റ് 28 ന് മാധ്യമപ്രവർത്തകർക്ക് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ നീക്കണമെന്നാവശ്യപ്പെട്ട് സുപ്രീം കോടതി കേന്ദ്രത്തിനും കാശ്മീർ ഭരണകൂടത്തിനും നോട്ടീസ് നൽകുകയും വിഷയം അഞ്ചംഗ ഭരണഘടനാ ബെഞ്ചിന് കൈമാറുകയും ചെയ്തു. സെപ്റ്റംബർ 19 ന് സുപ്രീം കോടതി അഞ്ചംഗ ഭരണഘടനാ ബെഞ്ച് രൂപീകരിച്ചു. 2022 ഏപ്രിൽ 25 ന് ഹർജിക്കാരിലൊരാൾ വിഷയത്തിൽ അടിയന്തര വാദം കേൾക്കണമെന്ന് ആവശ്യപ്പെട്ടതിനെ തുടർന്ന് ആഗസ്റ്റ് 2 മുതൽ സുപ്രീം കോടതി തുടർച്ചയായി വാദം കേൾക്കുകയും 16 ദിവസത്തെ വാദത്തിന് ശേഷം ഡിസംബർ 11 ന് ഭരണഘടനയുടെ 370 ാം അനുച്ഛേദം റദ്ദാക്കിയ കേന്ദ്ര സർക്കാർ നടപടി കോടതി ശരിവയ്ക്കുകയും ചെയ്തു. ജമ്മു-കാശ്മീർ രണ്ട് കേന്ദ്ര ഭരണപ്രദേശങ്ങളാക്കിയത് സ്ഥിരമായിട്ടല്ലെന്നും സംസ്ഥാന പദവി പുനഃസ്ഥാപിക്കുമെന്നും കേന്ദ്ര സർക്കാർ അറിയിച്ചതായി പരമോന്നത കോടതി ചൂണ്ടിക്കാട്ടി. അതേസമയം ലഡാക്കിനെ കേന്ദ്ര ഭരണപ്രദേശമാക്കിയ നടപടി കോടതി ശരിവച്ചു.

നിയമസഭാ പ്രസംഗങ്ങളിലൂടെ

# ജനാധിപത്യത്തിൽ വനിതകളുടെ പൗരാവകാശത്തിന് പരിരക്ഷയുണ്ടാകണം



**2013 ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ അന്നത്തെ ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ 2013 ഫെബ്രുവരി 14 ന് സഭയിൽ അവതരിപ്പിച്ച് നടത്തിയ പ്രസംഗത്തിൽ നിന്ന്**



"സർ, കേരളത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ ഒരു നിയമ നിർമ്മാണമാണ് ഇതെന്ന് ഞാൻ ഇവിടെ പ്രാഥമികമായി ഓർമ്മിപ്പിക്കുകയാണ്. ഈ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു അഷ്വറൻസ് കൂടിയാണ് ഇത്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിനകത്ത് ഒരു ഭാഗമുണ്ടായിരുന്നു. അതിൽ അദ്ദേഹം പറയുന്നത് 'My Government is committed to ensure a legislation to provide greater safety to women will be enacted soon'. ഗവർണ്ണർ നടത്തിയ നയപ്രഖ്യാപനം ആ സമ്മേളന കാലഘട്ടത്തിൽത്തന്നെ അവതരിപ്പിക്കാൻ പറ്റിയെന്നുള്ളത് തികഞ്ഞ ആത്മാഭിമാനത്തോട് കൂടി ഞാൻ അനുസ്മരിക്കുകയാണ്. ഗവൺമെന്റ് ജനങ്ങൾക്ക് കൊടുത്ത വാഗ്ദാനം നിറവേറ്റുന്നതിനുവേണ്ടി വളരെ വേഗത്തിൽ അതിന്റെ നടപടികളിലേയ്ക്ക് പോകുകയാണ്. ഇവിടെ പൊതുവായ ചില കാഴ്ചപ്പാടുകളുണ്ട്. ഒന്ന്, നമ്മുടെ സഹോദരിമാർക്ക് ജീവിക്കാനുള്ള അവകാശം, അന്തസ്സ്, സുരക്ഷ, അവരെ അക്രമങ്ങളിൽ നിന്നും ചൂഷണത്തിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള നടപടി, സ്വതന്ത്ര വ്യക്തിയെന്നുള്ള നിലയിൽ ലഭിക്കേണ്ട അംഗീകാരം, ബഹുമാനം, സ്വതന്ത്ര വ്യക്തിത്വം വളർത്തിയെടുക്കാനുള്ള അവസരം ഇതൊക്കെ ലഭിച്ചേ മതിയാവൂ. ലൈംഗിക കാര്യങ്ങളിലും വ്യക്തി ബന്ധങ്ങളിലും സ്വതന്ത്രമായൊരു തീരുമാനമെടുക്കാനുള്ള അവകാശം അവർക്കുണ്ടാകണം. എല്ലാ തരത്തിലുള്ള അതിക്രമങ്ങളിൽ നിന്നുമുള്ള സംരക്ഷണം നൽകണം. അതിക്രമങ്ങൾക്ക് വിധേയരാകുന്ന ഓരോ സ്ത്രീക്കും സമാശ്വാസ സഹായവും സാന്ത്വനവും ലഭിക്കുന്നതിനുള്ള സാഹചര്യമുണ്ടാകണം. ജനാധിപത്യത്തിൽ വനിതകളുടെ പൗരാവകാശം അംഗീകരിച്ച് കൊടുക്കണം. തുല്യതയും വിവേചനരഹിതവുമായ ഒരു സൊസൈറ്റിയിൽ നമ്മുടെ സഹോദരിമാർക്ക് ജീവിക്കാൻ കഴിയണം. സുരക്ഷിതമായ അഭയസ്ഥാനം ഉണ്ടാകണം. പ്രത്യേക പരിരക്ഷകൾ ലഭിക്കുന്നതിനുള്ള നടപടിയുണ്ടാകണം. ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്ക് പ്രത്യേകമായ പരിരക്ഷയുണ്ടാകണം. ഇതൊക്കെ ഈ ബില്ലിനകത്ത് ഗവൺമെന്റ് വിഭാവനം ചെയ്യുന്ന കാര്യങ്ങളാണ്. അതുകൊണ്ട് ഈ നിയമം കേരളത്തിലെ ജനങ്ങളുടെ പൊതുചിന്തയുടെ പ്രതിഫലനമായി ഉൾക്കൊള്ളാൻ കഴിയണം. അതിന് കഴിയത്തക്കവിധത്തിലുള്ള ചർച്ചകൾ വേണമെന്ന് തന്നെയാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. Indian Penal Code നകത്തും Information Technology Act, 2000 നകത്തും Indecent Representation of Women Prohibition Act, 1986 നകത്തും ഈ നിയമത്തിലെ ചില ഭാഗങ്ങൾ പലയിടത്തായി ചിന്നിച്ചിതറി കിടക്കുകയാണ്. അതിനൊരു കോ-ഓർഡിനേറ്റഡ് ഫോം ഉണ്ടാകണം. ആ കോ-ഓർഡിനേറ്റഡ് ഫോം ഉണ്ടാകുകയും ഈ ആധുനിക കാലത്ത് അവർ ഏൽക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും തരണം ചെയ്യുന്നതിനുള്ള നിയമപരമായ ശാക്തീകരണവുമാണ് സ്പെഷ്യൽ ലാ കൊണ്ട് ഉദ്ദേശിക്കുന്നത്. ബോധപൂർവ്വമായി സ്ത്രീകളോട് അപമര്യാദയായി പെരുമാറുന്ന ആളുകളെ ജനസമൂഹത്തിന് ഉൾക്കൊള്ളാൻ കഴിയില്ല. ലൈംഗികമായ പ്രീതിക്കുവേണ്ടി അവരെ പ്രലോഭിപ്പിക്കുക, ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിച്ച് അവരെ അപമാനിക്കുന്നതിന് ശ്രമിക്കുക, അശ്ലീലവസ്തുക്കൾ കാണിച്ച് സഹോദരിമാരെ വിഷമിപ്പിക്കുക, അവരെ അപമാനിക്കാൻ ശ്രമിക്കുക തുടങ്ങിയവ.

അതുകൊണ്ടാണ് ഒരു നിയമം ഉടലെടുക്കണമെന്ന് പറയുന്നത്. അവിടെയാണ് നമ്മുടെ ഉത്തരവാദിത്വം. നമ്മുടെ വർഗ്ഗത്തിലെ ആരെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ ഇതിനോട് ഉൾക്കൊള്ളാൻ കഴിയാത്ത ഇതേ വർഗ്ഗത്തിൽപ്പെട്ടവരുണ്ടെന്ന് നമുക്ക് ബോദ്ധ്യപ്പെടുത്തണ്ടേ? അതാണ് ഈ ബിൽ കൊണ്ടുവരാൻ ഉദ്ദേശിച്ചതിന്റെ ഒരു പ്രധാനപ്പെട്ട കാര്യം. മൊബൈൽ ഫോണുകളുടെ ഉപയോഗം വർദ്ധിച്ചു. ഷോർട്ട് മെസേജ് കൊടുക്കുക, ഫോൺ കോളുകളിലൂടെ അപമാനിക്കുക, വീഡിയോ ഗ്രാഫിക്സ് നടത്തുക, ശബ്ദം രേഖപ്പെടുത്തുക, ചിത്രമെടുക്കുക, ഇന്റർനെറ്റ്, മൊബൈൽ ഫോൺ, വോയിസ് ക്ലിപ്പിംഗ് ഇതൊക്കെ അടുത്ത കുറേ വർഷങ്ങളായി ഉണ്ടായിരിക്കുന്ന പ്രത്യേകതകളാണ്. ശ്രീ.കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതു പോലെ നിയമങ്ങളുണ്ട്. പക്ഷെ ഇതു പോലുള്ള പുതിയ ഡിവൈസസ് വന്നാൽ അതുകൊണ്ടുണ്ടാകുന്ന അതിക്രമങ്ങൾ നേരിടത്തക്ക വിധത്തിലുള്ള ശക്തമായ ഒരു നിയമം നമുക്ക് ഉണ്ടാകുന്നില്ലെന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്ന മറ്റൊരു പ്രധാനപ്പെട്ട കാര്യം, പബ്ലിക് സർവ്വീസ് വാഹനങ്ങളുണ്ട്. ആ വാഹനങ്ങളിൽ വാടക വാഹനമുണ്ടാകാം, മോട്ടോർ ക്യാബ് ഉണ്ടാകാം, ടാക്സി ക്യാബ് ഉണ്ടാകാം, കോൺട്രാക്ട് ക്യാരേജ് ഉണ്ടാകാം, സ്റ്റേജ് ക്യാരേജ് ഉണ്ടാകാം, ട്രെയിനും വിമാനവും പോലും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനുവേണ്ടിയുള്ള ശ്രമത്തിലാണ് ഗവൺമെന്റ് നിൽക്കുന്നത്. ഇപ്പോൾ സ്ത്രീ എന്ന് പറയുമ്പോൾ, അടുത്ത കാലത്തായി ചില ഗാർഹിക പീഡനങ്ങളെ കുറിച്ചൊക്കെ കേൾക്കുമ്പോൾ കൊച്ചു കുഞ്ഞുങ്ങളാണ് അതിന് ഇരയാകുന്നത്. അതുകൊണ്ട് വനിത എന്നു പറയുമ്പോൾ ഏത് പ്രായം വരെയുള്ള സ്ത്രീയെയാണ് എന്നുള്ളതിനെക്കുറിച്ചും വിപുലമായ ഒരു കാഴ്ചപ്പാടുണ്ടാക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

മൂന്നരക്കോടി ജനങ്ങൾ ജീവിക്കുന്ന ഒരു സംസ്ഥാനത്ത് ഒറ്റപ്പെട്ട ഏതെങ്കിലും സംഭവമുണ്ടായെന്ന് വരാം. പക്ഷേ നിയമം നിയമത്തിന്റെ വഴിക്ക് കൃത്യമായി കൊണ്ടുപോകണം. എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ അത് നികത്തുന്നതിനുവേണ്ടി പുതിയ നിയമനിർമ്മാണം വേണം. ഈ നിയമനിർമ്മാണങ്ങളെല്ലാം നടത്തിയാലും അതിനകത്ത് ഒറ്റപ്പെട്ട അനുഭവങ്ങൾ ഒന്നുമുണ്ടാകില്ലെന്ന് ഈ സഭയിൽ ആർക്കെങ്കിലും ഉറപ്പു പറയാൻ പറ്റുമോ? അപ്പോഴാണ് നമ്മൾ ശക്തമായ രൂപത്തിലുള്ള നടപടിയെടുക്കേണ്ടി വരുന്നത്. എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അത് സബ്ജക്ട് കമ്മിറ്റിയിൽ ഡിസ്കസ് ചെയ്ത് തീർക്കാനും സാധിക്കും. പക്ഷെ അതിനെല്ലാം പണിഷ്മെന്റും ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സർ, സമയക്കുറവു മൂലം ഞാൻ കൂടുതലായി തർക്കിക്കുന്നില്ല. മാത്രമല്ല ഇതു പോലൊരു ബില്ലിനെ സംബന്ധിച്ച് ആരും കൂടുതൽ തർക്കത്തിന് വരുമെന്നും ഞാൻ പ്രതീക്ഷിക്കുന്നില്ല. ഈ ബില്ലിന് എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ അത് സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാം. ജനറലായി ഈ ബില്ലിൽ വനിതകൾക്ക് പൂർണ്ണമായ സംരക്ഷണം കൊടുക്കുന്നതിനു വേണ്ടിയുള്ള കാര്യങ്ങളാണ് ഉള്ളടക്കം ചെയ്തിട്ടുള്ളത്. നമ്മുടെ പൊതുസ്ഥാപനങ്ങൾ, പ്രത്യേകിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകുന്ന കുട്ടികൾ, സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾ എന്നിവർക്ക് സുരക്ഷിതത്വം ഇല്ലാത്ത സാഹചര്യമുണ്ടായിയെന്ന് പരാതി കൊടുത്തിട്ടും ആ പരാതി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലേക്ക് അയയ്ക്കാതിരിക്കുകയോ, യുക്തമായ രീതിയിൽ നടപടിയെടുക്കുന്നതിന് ശ്രമിക്കാതിരിക്കുകയോ ചെയ്താൽ അങ്ങനെയുള്ള സ്ഥാപന ഉടമകളുടെ ഉത്തരവാദിത്വം ഉയർത്തുന്നതിനായി അവരെക്കൂടി ശിക്ഷാനടപടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാ ആളുകളും ഒരുപോലെ ഇത് അംഗീകരിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഇതിനെക്കുറിച്ചുള്ള ചർച്ച വരുമ്പോൾ ധാരാളം പുതിയ നിർദ്ദേശങ്ങളുണ്ടാകും. നേരത്തെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ ചില സംഘടനകൾ ഈ ബില്ലിന് സമാന്തരമായി ചില നിർദ്ദേശങ്ങൾ തന്നിട്ടുണ്ട്. അത് ഇന്ന് രാവിലെയാണ് എന്റെ കൈയിൽ കിട്ടിയത്. ഇവിടെ ഏതെങ്കിലും അമെന്റ്മെന്റായിട്ട് വരുന്ന പ്രൊവിഷനുണ്ടെങ്കിൽ അപ്പോൾ അത് ഓപ്പണാക്കാം. ഗവൺമെന്റിന് ഓപ്പൺ മൈൻഡാണുള്ളത്. അതല്ലാതെ അടഞ്ഞ മനസ്സോടുകൂടി ഒരു അമെന്റ്മെന്റും സ്വീകരിക്കാതെ ഞങ്ങൾ ഇതെല്ലാം പാസ്സാക്കിയെടുക്കുമെന്ന ധാരണ വേണ്ട. ഈ ബില്ലിൽ ഇപ്പോഴുള്ളതിനേക്കാൾ മെച്ചപ്പെട്ട നിർദ്ദേശങ്ങളുണ്ടെങ്കിൽ, അത് നിയമപരമായി നിൽക്കുന്നതാണെങ്കിൽ, പരിശോധിക്കാം. ആരുടെ നിർദ്ദേശവും അംഗീകരിക്കുന്നതിൽ ഒരു തടസ്സവുമില്ല. അതുകൊണ്ടാണ് ഇതൊരു ഓർഡിനൻസിലൂടെ കൊണ്ടുവരാതെ സഭയിൽ ചർച്ച ചെയ്യാൻ തീരുമാനിച്ചത്. സഭയുടെ ഇരുഭാഗത്തുമുള്ള ആളുകളുടെ അഭിപ്രായം അറിയണം. സഭയ്ക്ക് പുറത്തുള്ളവർക്ക് ആരിലൂടെയെങ്കിലും ഈ വിവരം ഇവിടെ അറിയിക്കണമെങ്കിൽ അവർക്കും അതിനുള്ള സാധ്യത ലഭിക്കുകയാണ്. അതുകൊണ്ട് ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് നല്ല നിർദ്ദേശങ്ങൾ നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്."

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

സഭാ നായകരുടെ ജീവിത രേഖയിലൂടെ ....



# ചാക്കീരി അഹമ്മദ് കുട്ടി
# സരസനായ സഭാധ്യക്ഷൻ



കേരളത്തിൽ മുസ്ലീം ലീഗ് പ്രസ്ഥാനത്തെ വളർത്തുന്നതിൽ സുപ്രധാന പങ്ക് വഹിക്കുകയും പ്രസ്ഥാനത്തിന് കേരളത്തിൽ വേരോട്ടം ലഭിക്കുന്നതിന് മുൻപ് ധീരതയോടെ പാർട്ടിയെ നയിക്കുകയും അണികളെ ചേർത്ത് നിർത്തുകയും ചെയ്ത നേതാവായിരുന്ന മുൻ വിദ്യാഭ്യാസ മന്ത്രിയും നിയമസഭാ സ്പീക്കറുമായിരുന്ന ചാക്കീരി അഹമ്മദ് കുട്ടി. മാപ്പിള കവി ചാക്കീരി മൊയ്തീൻ കുട്ടിയുടെയും പള്ളിയാലി വിരിയാത്തിന്റേയും മകനായി മലപ്പുറം ജില്ലയിലെ വേങ്ങരയ്ക്കടുത്തുള്ള ചെറൂരിൽ 1915 ലാണ് ചാക്കീരി അഹമ്മദ് കുട്ടി ജനിച്ചത്. മഞ്ചേരിയിലും തിരൂരിലുമായിരുന്നു സ്കൂൾ വിദ്യാഭ്യാസം. 1929 ൽ പിതാവിന്റെ നിര്യാണത്തെത്തുടർന്ന് അദ്ദേഹത്തിന് പഠനം ഉപേക്ഷിക്കേണ്ടതായി വന്നു.

പതിനേഴാം വയസ്സിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിലൂടെ പൊതുപ്രവർത്തനം തുടങ്ങിയ ചാക്കീരി അഹമ്മദ് കുട്ടി, ഏറനാട് താലൂക്ക് ബോർഡിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബിന്റെ നേതൃത്വത്തിൽ ആകൃഷ്ടനായി ദേശീയ പ്രസ്ഥാനത്തിൽ പങ്കെടുക്കുകയുമായിരുന്നു. 1938 ൽ വേങ്ങര ടൗൺ കോൺഗ്രസ് കമ്മിറ്റിയുടെ പ്രസിഡന്റ് എന്ന നിലയിൽ ഹിച്ച്കോക്ക് മെമ്മോറിയൽ നീക്കം ചെയ്യാനുള്ള പ്രക്ഷോഭം നയിച്ച ചാക്കീരി 1939 ൽ കോൺഗ്രസിൽ നിന്ന് രാജിവച്ച് മുസ്ലീം ലീഗിൽ ചേർന്നു. സംസ്ഥാനത്ത് മുസ്ലീം ലീഗിന് ശക്തമായ അടിത്തറ പാകുന്നതിന് പ്രധാന പങ്ക് വഹിച്ച അദ്ദേഹം ലീഗിന്റെ വർക്കിംഗ് കമ്മിറ്റിയിലും സംസ്ഥാന കമ്മിറ്റിയിലും അംഗമായിരുന്നു. വേങ്ങര പഞ്ചായത്ത് പ്രസിഡന്റായി ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്.

1952 ൽ ഇന്ത്യയിൽ ആദ്യ പൊതുതെരഞ്ഞെടുപ്പ് നടന്നപ്പോൾ കോട്ടക്കൽ നിയോജക മണ്ഡലത്തിൽ നിന്ന് മദ്രാസ് ലെജിസ്ലേറ്റീവ് അസംബ്ലിയിലേക്ക് ചാക്കീരി അഹമ്മദ് കുട്ടി തെരഞ്ഞെടുക്കപ്പെട്ടു. 1952 ലെ തെരഞ്ഞെടുപ്പിൽ മദ്രാസ് ലെജിസ്ലേറ്റീവ് അസംബ്ലിയിലേക്ക് മുസ്ലീം ലീഗിൽ നിന്ന് അഞ്ച് പേരാണ് തെരഞ്ഞെടുക്കപ്പെട്ടത്. ചാക്കീരി അഹമ്മദ് കുട്ടിയെ കൂടാതെ ദ്വയാംഗ മണ്ഡലമായ മലപ്പുറത്ത് നിന്ന് കെ.എം. സീതി സാഹിബും എം. ചടയനും പെരുന്തൽമണ്ണയിൽ നിന്ന് മുഹമ്മദ് ഷാഫി സാഹിബും തിരൂരിൽ നിന്ന് ഉപ്പി സാഹിബുമായിരുന്നു തെരഞ്ഞെടുക്കപ്പെട്ടവർ. കേരള സംസ്ഥാന രൂപീകരണത്തിനു ശേഷം 1957 ൽ നടന്ന ആദ്യ തെരഞ്ഞെടുപ്പിൽ കുറ്റിപ്പുറം നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് ചാക്കീരി നിയമസഭാംഗമായി. വിമോചന സമരത്തെത്തുടർന്ന് ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ പിരിച്ച് വിടുകയും രണ്ടാം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുപ്പ് നടക്കുകയും ചെയ്തപ്പോൾ ചാക്കീരി പ്രതിനിധാനം ചെയ്തിരുന്ന കുറ്റിപ്പുറം നിയോജക മണ്ഡലത്തിൽ നിന്ന് മത്സരിക്കാൻ പാർട്ടി നിയോഗിച്ചത് കെ.എം.സീതി സാഹിബിനെയായിരുന്നു. ഇതോടെ ചാക്കീരി മത്സരരംഗത്ത് നിന്ന് വിട്ടു നിന്നു. ഈ സമയം ലീഗുമായി ബന്ധപ്പെട്ട സുപ്രധാന രാഷ്ട്രീയ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിൽ അദ്ദേഹം എന്നും മുൻപന്തിയിലുണ്ടായിരുന്നു. 1968 ൽ പഞ്ചായത്തും സാമൂഹ്യ വികസനവും വകുപ്പ് മന്ത്രിയായിരുന്ന മുസ്ലീം ലീഗ് നിയമസഭാ കക്ഷി നേതാവ് എം.പി.എം.അഹമ്മദ് കുരിക്കളുടെ നിര്യാണത്തെത്തുടർന്ന് 1969 ജൂൺ 10 ന് നടന്ന ഉപതെരഞ്ഞെടുപ്പിൽ മലപ്പുറം നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ച് മൂന്നാം കേരള നിയമസഭയിലേക്ക് ചാക്കീരി മത്സരിച്ച് വിജയിച്ചു. നാലാം കേരള നിയമസഭയിലും അഞ്ചാം കേരള നിയമസഭയിലും കുറ്റിപ്പുറം നിയോജകമണ്ഡലത്തിൽ നിന്ന് വീണ്ടും നിയമസഭാംഗമായി.

ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ പ്രഥമ അധ്യക്ഷനും ലോക്സഭാംഗവുമായിരുന്ന കായിദെ മില്ലത്ത് മുഹമ്മദ് ഇസ്മെയിൽ സാഹിബിന്റെ മരണത്തെത്തുടർന്ന് 1972 ൽ മഞ്ചേരി പാർലമെന്റ് മണ്ഡലത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ കായിദെ മില്ലത്ത് മുഹമ്മദ് ഇസ്മെയിൽ സാഹിബിന്റെ പിൻഗാമിയായി പാർട്ടി നിശ്ചയിച്ചത് അന്നത്തെ അച്യുതമേനോൻ മന്ത്രിസഭയിൽ വിദ്യാഭ്യാസ മന്ത്രിയായിരുന്ന സി.എച്ച്.മുഹമ്മദ് കോയയെയായിരുന്നു. തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി സി.എച്ച്. രാജി വച്ച ഒഴിവിലേക്ക് വിദ്യാഭ്യാസ മന്ത്രിയായി പാർട്ടി നിശ്ചയിച്ചത് ചാക്കീരി അഹമ്മദ് കുട്ടിയെയായിരുന്നു. 1973 മാർച്ച് 2 ന് കേരളത്തിന്റെ വിദ്യാഭ്യാസ മന്ത്രിയായി അദ്ദേഹം ചുമതലയേറ്റു. 1977 മാർച്ച് 25 വരെ മന്ത്രി പദവിയിൽ തുടർന്നു. 1977 ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ കുറ്റിപ്പുറം മണ്ഡലത്തിൽ നിന്ന് ജനവിധി തേടിയ ചാക്കീരി തെരഞ്ഞെടുപ്പിൽ വിജയിക്കുകയും 1977 മാർച്ച് 28 ന് കേരള നിയമസഭാ സ്പീക്കറായി ചുമതലയേൽക്കുകയും ചെയ്തു. 1980 ഫെബ്രുവരി 14 വരെ അദ്ദേഹം സ്പീക്കർ പദവി അലങ്കരിച്ചു.

ഭരണരംഗത്ത് ചാക്കീരി പ്രകടിപ്പിച്ച ആത്മാർത്ഥതയും വിനയവുമാണ് ഒരു പാർലമെന്റേറിയൻ എന്ന നിലയിൽ വിജയിക്കാൻ കാരണമായത്. പ്രായോഗിക പരിജ്ഞാനം കൊണ്ട് കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് മാറ്റം കൊണ്ടുവരാൻ അദ്ദേഹത്തിന് കഴിഞ്ഞു. കേരളത്തിൽ സ്കൂൾ യുവജനോത്സവം ഒരു ഉത്സവമാക്കി മാറ്റുന്നതിന് തുടക്കം കുറിച്ചത് ചാക്കീരി അഹമ്മദ് കുട്ടിയാണ്. കേരളത്തിലെ പിന്നാക്കപ്രദേശങ്ങളിൽ മുന്നൂറോളം സ്കൂളുകൾ അനുവദിച്ചത് അദ്ദേഹത്തിന്റെ ജനപ്രിയ നടപടികളിൽ ഒന്നാണ്. അറബിക് കോളേജ് അധ്യാപകർക്ക് നേരിട്ട് നിയമനം നൽകുന്ന സമ്പ്രദായം നടപ്പിൽ വരുത്തിയതും വിവിധ വകുപ്പുകൾ സംയോജിപ്പിച്ചുകൊണ്ട് സാമൂഹ്യക്ഷേമ വകുപ്പ് രൂപീകരിച്ചതും ചാക്കീരിയുടെ ഭരണ നേട്ടങ്ങളാണ്. ഇപ്പോൾ മുപ്പതിനായിരത്തിലധികം അംഗൻവാടികളുള്ള ഐ.സി.ഡി.എസ്. പ്രോജക്ട് 1975 ൽ സംസ്ഥാനത്ത് നടപ്പാക്കിയത് ചാക്കീരി അഹമ്മദ് കുട്ടിയായിരുന്നു. കാലിക്കറ്റ് സർവ്വകലാശാലയുടെ വികസനത്തിലും വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

സഭയ്ക്കകത്ത് വലിയ വിമർശനങ്ങളുയരുമ്പോഴും കർശനമായ റൂളിംഗ് നൽകാതെ അനുനയം കൊണ്ടും ഫലിതോക്തി കൊണ്ടും അംഗങ്ങളെ തന്റെ അനുശാസനത്തിൽ കൊണ്ടുവരാൻ കഴിഞ്ഞ ഒരു സ്പീക്കറായിരുന്ന ചാക്കീരി അഹമ്മദ് കുട്ടി. ഇന്ത്യയിലാദ്യമായി കേരള നിയമസഭയിൽ സബ്ജക്ട് കമ്മിറ്റികൾ രൂപീകരിക്കുന്നതിലേക്ക് നയിച്ച പ്രാരംഭനടപടികൾ അദ്ദേഹം സ്പീക്കറായിരിക്കെയാണ് ആരംഭിച്ചത്. പുതിയ നിയമസഭാ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചതും അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്. നിയമസഭാ സ്പീക്കറായിരിക്കെ ഒട്ടാവയിൽ നടന്ന കോമൺവെൽത്ത് പാർലമെന്ററി സമ്മേളനത്തിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ട്.

സ്പീക്കർ എന്ന നിലയിൽ നിർഭയനായും നിഷ്പക്ഷനായും നിയമസഭാ നടപടികൾ നടത്തിക്കൊണ്ടു പോകാൻ മദ്രാസ് നിയമസഭയിലെയും കേരള നിയമസഭയിലെയും ദീർഘനാളത്തെ പ്രവർത്തനം ചാക്കീരി അഹമ്മദ് കുട്ടിയെ സഹായിച്ചിട്ടുണ്ട്. പാർലമെന്ററി പ്രവർത്തനങ്ങളിലുള്ള പ്രാവീണ്യത്തേക്കാൾ സാമാന്യബുദ്ധിയും അനുനയവും നർമ്മബോധവുമാണ് അദ്ദേഹത്തെ വിജയിപ്പിച്ചത്. ഫലിതങ്ങൾ കൊണ്ട് ആളുകളെ സന്തോഷിപ്പിക്കുന്നതിനും വിമർശനം കൊണ്ട് നേർവഴിക്ക് നയിക്കുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞു. ഫുട്ബോൾ, ചെസ്സ്, കോൽക്കളി, മാപ്പിളപ്പാട്ട് എന്നിവയിൽ തൽപരനായിരുന്നു ചാക്കീരി. കാളപൂട്ട്, നായാട്ട് എന്നിവയിലും അദ്ദേഹം താൽപര്യം പ്രകടിപ്പിച്ചിരുന്നു.

സ്വാതന്ത്ര്യലബ്ധിക്ക് ശേഷമുണ്ടായ ഹൈദരാബാദ് ആക്ഷൻ കാലത്ത് മുസ്ലീം ലീഗിന്റെ വളർച്ചയ്ക്ക് നിസ്തുലമായ പങ്ക് വഹിച്ച വ്യക്തിയായിരുന്നു ചാക്കീരി അഹമ്മദ് കുട്ടി. അര നൂറ്റാണ്ടു കാലം മുസ്ലീം ലീഗിന്റെ നേതൃസ്ഥാനത്ത് പ്രകാശിച്ചു നിന്ന ചാക്കീരി 1980 ന് ശേഷം സജീവ രാഷ്ട്രീയത്തിൽ നിന്ന് വിട്ടു നിന്നെങ്കിലും പിൽക്കാലത്ത് ജനതാദളിൽ ചേരുകയുണ്ടായി. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാനുള്ള വി.പി. സിംഗിന്റെ നീക്കമാണ് ചാക്കീരിയെ ജനതാദളിലേക്ക് ആകർഷിച്ചത്.

1992 ഒക്ടോബർ 1 ന് അന്തരിച്ച ചാക്കീരി അഹമ്മദ് കുട്ടിക്ക് 1993 ജനുവരി 25 ന് നിയമസഭ ചരമോപചാരം അർപ്പിച്ചു.

# റേഡിയോ: ബഹുജനമാധ്യമങ്ങളിൽ ഒന്നാമൻ

## ഫെബ്രുവരി 13: ലോക റേഡിയോ ദിനം



ലോകഗതിയെ മാറ്റിമറിച്ച പലവിധ കണ്ടുപിടുത്തങ്ങൾ നടന്ന പത്തൊൻപതാം നൂറ്റാണ്ടിൽ വിപ്ലവകരമായ ഒരു മാറ്റത്തിന് വഴിയൊരുക്കിയ കണ്ടുപിടുത്തമായിരുന്നു റേഡിയോ. 1874 ഏപ്രിൽ 25 ന് ഇറ്റലിക്കാരനായ മാർക്കോണിയാണ് റേഡിയോ കണ്ടുപിടിച്ചത്. സാംസ്കാരിക പുരോഗതിക്ക് ശാസ്ത്രം മനുഷ്യന് നൽകിയ വലിയ സംഭാവനയായിരുന്നു അത്. റേഡിയോയുടെ കണ്ടുപിടുത്തത്തിന് 1909 ൽ മാർക്കോണിക്ക് നോബൽ സമ്മാനം ലഭിച്ചിരുന്നു. ഇന്ത്യൻ ശാസ്ത്രജ്ഞനായ ജഗദീഷ് ചന്ദ്രബോസ് ഉൾപ്പെടെയുള്ളവർ റേഡിയോ കണ്ടുപിടിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചവരാണ്. 1899 ൽ ഇംഗ്ലീഷ് ചാനലിന് കുറുകേ റേഡിയോ സിഗ്നലുകൾ അയയ്ക്കാൻ കഴിഞ്ഞതും പിന്നീട് സിഗ്നലുകൾക്ക് പുറമേ സംഗീതവും സന്ദേശവും അയയ്ക്കാൻ സാധിച്ചതും റേഡിയോയുടെ പ്രചാരണത്തിന് വഴിയൊരുക്കി. 1920 ൽ ഇംഗ്ലണ്ടിലെ ചെംസ്ഫോർഡിൽ മാർക്കോണി കമ്പനി പരീക്ഷണനിലയം സ്ഥാപിച്ചതോടെയാണ് ലോകത്ത് റേഡിയോ പ്രക്ഷേപണം ആരംഭിക്കുന്നത്. തുടർന്ന് വാണിജ്യാടിസ്ഥാനത്തിൽ ലൈസൻസോടുകൂടിയ ആദ്യത്തെ റേഡിയോ സ്റ്റേഷൻ 1920 ൽ അമേരിക്കയിലെ പിറ്റ്സ്ബർഗിൽ പ്രവർത്തനമാരംഭിച്ചു. 1922 ൽ ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിങ് കമ്പനി ആരംഭിച്ചതോടെയാണ് ക്രമമായ റേഡിയോ പരിപാടി ലോകത്ത് പ്രക്ഷേപണം ചെയ്യാൻ തുടങ്ങിയത്.

1920 മുതൽ 1950 വരെയുള്ള കാലഘട്ടം റേഡിയോ പ്രക്ഷേപണത്തിന്റെ സുവർണ്ണ കാലഘട്ടമായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. 1920 കളിൽ ലോകത്തിലെ പല രാജ്യങ്ങളിലും റേഡിയോ പ്രക്ഷേപണം ആരംഭിച്ചെങ്കിലും ഇന്ത്യയിൽ ക്രമമായ പ്രക്ഷേപണം തുടങ്ങുന്നത് 1927 ഓടെയാണ്. ടെലിവിഷന്റെ വരവോടെ റേഡിയോയുടെ പ്രീതിക്ക് മങ്ങലേറ്റെങ്കിലും എഫ്.എം.റേഡിയോ നിലയങ്ങളുടെ വ്യാപകമായ കടന്നുവരവ് വീണ്ടും റേഡിയോയുടെ ജനപ്രീതി വർദ്ധിപ്പിച്ചു. 1923 ൽ ബോംബെയിലെ റേഡിയോ ക്ലബ് പരിപാടികൾ പ്രക്ഷേപണം ചെയ്യാൻ തുടങ്ങുകയും 1924 ജൂലൈയിൽ ഇന്ത്യൻ ബ്രോഡ്കാസ്റ്റിംഗ് കമ്പനിയുടെ (IBC) ബോംബെ നിലയം ഉദ്ഘാടനം ചെയ്തതോടെയുമാണ് ഇന്ത്യൻ റേഡിയോയുടെ ചരിത്രം ആരംഭിക്കുന്നത്. 1927 ൽ ഐ.ബി.സി. യുടെ കൽക്കട്ട നിലയത്തിന്റെ ഉദ്ഘാടനം നടന്നു.

1930 ഏപ്രിൽ 1 ന് ഇന്ത്യൻ സ്റ്റേറ്റ് ബ്രോഡ് കാസ്റ്റിംഗ് സർവ്വീസ് റേഡിയോ പ്രക്ഷേപണം പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു. 1936 ജനുവരി 1 ന് ഡൽഹി റേഡിയോ നിലയം ആരംഭിച്ചു. 1936 ജനുവരി 19 നാണ് ആദ്യ വാർത്താ പ്രക്ഷേപണം ആരംഭിക്കുന്നത്. 1936 ജൂൺ 8 ന് ഇന്ത്യൻ സ്റ്റേറ്റ് ബ്രോഡ്കാസ്റ്റിങ് സർവ്വീസസിനെ ഓൾ ഇന്ത്യാ റേഡിയോ (AIR) എന്ന് പുനർനാമകരണം ചെയ്യുകയും 1937 ൽ എ.ഐ.ആറിനെ വാർത്താവിനിമയ വകുപ്പിന്റെ കീഴിൽ കൊണ്ടുവരികയും ചെയ്തു. 1941 ൽ ഇതിനെ വാർത്താ വിതരണ പ്രക്ഷേപണ വിഭാഗത്തിന്റെ കീഴിലാക്കി. 1947 ൽ ഇന്ത്യ സ്വതന്ത്രമായപ്പോൾ ഡൽഹി, മുംബൈ, കൽക്കത്ത, മദ്രാസ്, തിരുച്ചിറപ്പിള്ളി, ലക്നൗ എന്നീ നിലയങ്ങളിൽ നിന്ന് റേഡിയോ പ്രക്ഷേപണം തുടർന്നു. 1957 ഒക്ടോബർ 2 നാണ് വിവിധ് ഭാരതി പ്രവർത്തനമാരംഭിച്ചത്. 1976 ഏപ്രിൽ 1 ന് ടെലിവിഷൻ പരിപാടികളെ എ.ഐ.ആറിൽ നിന്ന് വേർപെടുത്തി ദൂരദർശൻ എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു. 1977 ൽ മദ്രാസിൽ നിന്ന് ആദ്യ എഫ്.എം. പ്രക്ഷേപണം തുടങ്ങി. 1985 ആഗസ്റ്റ് 15 ന് ഒരു മണിക്കൂർ ഇടവിട്ടുള്ള വാർത്താ പ്രക്ഷേപണം ആരംഭിച്ചു. 1994 ഏപ്രിൽ 1 ന് സ്കൈ റേഡിയോ നിലവിൽ വന്നു. 1996 മേയ് 2 ന് ഇന്റർനെറ്റിലൂടെ റേഡിയോ പരിപാടികൾ ലഭ്യമാക്കി. 1998 ഫെബ്രുവരി മുതൽ ആകാശവാണിയുടെ വാർത്തകൾ ഇന്റർനെറ്റിൽ തത്സമയം ലഭിച്ചു തുടങ്ങി.

ഇന്ത്യയിലെ ഔദ്യോഗിക റേഡിയോ പ്രക്ഷേപകരായ ആകാശവാണി (All India Radio) പ്രസാർ ഭാരതിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ലോകത്തിലെ തന്നെ ഏറ്റവും വലിയ റേഡിയോ ശൃംഖലയാണ് ഇന്ത്യയുടേത്. ഇന്ത്യൻ പാർലമെന്റിനടുത്തുള്ള ആകാശവാണി ഭവനാണ് ആകാശവാണിയുടെ മുഖ്യ കാര്യാലയം. ഇന്ത്യയിലെ 24 ഭാഷകളിലും ആകാശവാണി പരിപാടികൾ പ്രക്ഷേപണം ചെയ്യുന്നു.

ലോകരാജ്യങ്ങളിൽ എഫ്.എം. റേഡിയോ വളരെ മുൻപ് തന്നെ പ്രചാരം നേടിയെങ്കിലും ഇന്ത്യയിൽ ഇതിന്റെ വളർച്ച വളരെ സാവകാശമായിരുന്നു. 1977 ൽ മദ്രാസിൽ നിന്നായിരുന്നു ഇന്ത്യയിൽ എഫ്.എം. റേഡിയോ പ്രക്ഷേപണം ആരംഭിക്കുന്നത്. 1993 മുതൽ ആകാശവാണിയുടെ എഫ്.എം. നിലയങ്ങളിൽ നിന്ന് വാണിജ്യാടിസ്ഥാനത്തിൽ പരിപാടികൾ പ്രക്ഷേപണം ചെയ്യാൻ സ്വകാര്യ സംരഭകർക്ക് അനുമതി നൽകി. 2007 ൽ ഉദാരമായ വ്യവസ്ഥകളോടെ എഫ്.എം. നിലയങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസുകൾ വിതരണം ചെയ്തു. നിലവിൽ ഇന്ത്യയിൽ ഏകദേശം 100 ൽ പരം നഗരങ്ങളിലായി മുന്നൂറോളം സ്വകാര്യ എഫ്.എം. ചാനലുകൾ പ്രക്ഷേപണം ചെയ്യുന്നു. വാർത്തകളും വാർത്താധിഷ്ഠിത പരിപാടികളും പ്രക്ഷേപണം ചെയ്യാനുള്ള അനുവാദം സ്വകാര്യ എഫ്.എം. നിലയങ്ങൾക്കില്ല.

ആകാശവാണിക്കും ദൂരദർശനും കുത്തക സംപ്രേഷണം ഉണ്ടായിരുന്ന സാഹചര്യത്തിൽ ഇവയ്ക്ക് സ്വയംഭരണാവകാശം നൽകുന്നതിനായുള്ള പ്രസാർ ഭാരതി ബിൽ 1978 ൽ എൽ.കെ. അദ്വാനി പാർലമെന്റിൽ അവതരിപ്പിച്ചെങ്കിലും ബിൽ പാസാവുന്നതിന് മുൻപ് സർക്കാരിന് ഒഴിയേണ്ടി വന്നു. തുടർന്ന് 1990 ൽ വി.പി.സിങ് സർക്കാർ പ്രസാർ ഭാരതി ബിൽ പാർലമെന്റിൽ അവതരിപ്പിച്ച് പാസാക്കി. പക്ഷേ 1997 സെപ്റ്റംബറിൽ മാത്രമാണ് പ്രസാർ ഭാരതി ആക്ട് പ്രാബല്യത്തിൽ വന്നത്. ന്യൂ ഡൽഹിയാണ് പ്രസാർ ഭാരതിയുടെ ആസ്ഥാനം. ഇതിനായി പതിമൂന്നംഗ ഭരണസമിതിയും നിലവിലുണ്ട്.

1937 സെപ്റ്റംബർ 30 നാണ് ആദ്യമായി റേഡിയോ സ്റ്റേഷൻ തിരുവനന്തപുരത്ത് ആരംഭിക്കാനുള്ള അനുമതി ലഭിച്ചത്. 1943 മാർച്ച് 12 ന് തിരുവിതാംകൂർ മഹാരാജാവ് ശ്രീചിത്തിര തിരുനാളാണ് കേരളത്തിലെ ആദ്യ റേഡിയോ സ്റ്റേഷൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തത്. ഇതിനായി കുളത്തൂരിൽ 5 KW മീഡിയം വേവ് ട്രാൻസ്മിറ്റർ സ്ഥാപിച്ചു. ആദ്യ നാളുകളിൽ വെള്ളിയാഴ്ചകളിൽ രണ്ട് മണിക്കൂർ സമയത്തേക്ക് മാത്രമായിരുന്നു പ്രക്ഷേപണം. പിന്നീട് ആഴ്ചയിൽ നാല് ദിവസങ്ങളായി പ്രക്ഷേപണ സമയം വർദ്ധിപ്പിച്ചു. 1950 ഏപ്രിൽ 1 ന് ട്രാവൻകൂർ ബ്രോഡ്കാസ്റ്റിംഗ് സ്റ്റേഷൻ ആൾ ഇന്ത്യാ റേഡിയോയുടെ ഭാഗമായി. 1952 ൽ എ.ഐ.ആറിന്റെ കേരളത്തിലെ പ്രവർത്തനം തിരുവനന്തപുരത്തെ ഭക്തിവിലാസം കൊട്ടാരത്തിലേക്ക് മാറ്റി. 1971 ജൂലൈയിൽ ആലപ്പുഴയിൽ 100 KW ശേഷിയുള്ള ട്രാൻസ്മിറ്റർ സ്ഥാപിച്ചതോടെ തിരുവനന്തപുരത്ത് നിന്നുള്ള പരിപാടികൾ മധ്യകേരളത്തിൽ റിലേ ചെയ്യാൻ കഴിഞ്ഞു. ആലപ്പുഴയിലെ പ്രസരണി ശക്തമായതിനാൽ കാസർഗോഡ് വരെ വ്യക്തമായി പരിപാടികൾ കേൾക്കാൻ ഇതിലൂടെ സാധിച്ചു. 1994 നവംബറിൽ 50 KW ഷോർട്ട് വേവ് പ്രസരണി സ്ഥാപിച്ചതോടെ മലയാളം പരിപാടികൾ ഇന്ത്യ മുഴുവനും ലഭിച്ചുതുടങ്ങി. ഇപ്പോൾ ഗൾഫ് രാജ്യങ്ങളിലും ആകാശവാണിയുടെ കേരളത്തിൽ നിന്നുള്ള പരിപാടികൾ ലഭിക്കുന്നു.

എല്ലാ വിഭാഗം ജനങ്ങളേയും ഒരേ പോലെ സ്വാധീനിക്കാൻ കഴിഞ്ഞ ഒരു ബഹുജനമാധ്യമമാണ് റേഡിയോ. സ്വതന്ത്ര ഭാരതത്തിൽ പതിനാല് റേഡിയോ സ്റ്റേഷനുകളാണ് തുടക്കത്തിൽ ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ എല്ലാ ഇന്ത്യാക്കാരിലും എത്തിച്ചേർന്ന ലോകത്തിലെ വലിയൊരു ശ്രാവ്യ മാധ്യമ ശൃംഖലയായി മാറിയിട്ടുണ്ട് ആകാശവാണി. 'ബഹുജന ഹിതായ ബഹുജന സുഖായ' എന്ന ആപ്തവാക്യത്തിൽ അധിഷ്ഠിതമായി ഒരു ക്ഷേമരാഷ്ട്രമായി ഇന്ത്യയെ കെട്ടിപ്പടുക്കുന്നതിൽ എന്നും മുൻപന്തിയിലായിരുന്നു നമ്മുടെ ആകാശവാണി. വിനോദത്തിനോടൊപ്പം സാംസ്കാരിക, വിദ്യാഭ്യാസ, കാർഷിക പരിപാടികളും ഒട്ടനവധി വൈവിദ്ധ്യമാർന്ന പരിപാടികളും ആകാശവാണി പ്രക്ഷേപണം ചെയ്യുന്നു. സ്ത്രീകൾക്കായുള്ള മഹിളാലയവും കുട്ടികൾക്കായുള്ള ബാലലോകവും യുവതീയുവാക്കൾക്കായുള്ള യുവവാണിയും നാടകാസ്വാദർക്കായുള്ള റേഡിയോ നാടകവും ചലച്ചിത്രഗാന പ്രേമികൾക്കായുള്ള രഞ്ജിനിയും കൃഷിക്കാർക്കായി വയലും വീടും തുടങ്ങിയ പരിപാടികൾ ശ്രോതാക്കൾക്ക് വിജ്ഞാനവും വിനോദവും പ്രദാനം ചെയ്യുന്നു.

റേഡിയോ എന്ന വാർത്താവിനിമയ ഉപാധിയെ ലോകമെങ്ങും പ്രചരിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ എല്ലാ വർഷവും ഫെബ്രുവരി 13 ലോക റേഡിയോ ദിനമായി ആചരിക്കുന്നു. 1946 ഫെബ്രുവരി 13 ന് ഐക്യരാഷ്ട്രസഭ റേഡിയോ പ്രക്ഷേപണം ആരംഭിച്ചതിന്റെ ഓർമ്മയ്ക്കായാണ് ഫെബ്രുവരി 13 റേഡിയോ ദിനമായി ആചരിക്കുന്നത്. 2013 ൽ നടന്ന ഐക്യ രാഷ്ട്ര സഭയുടെ സമ്മേളനത്തിലാണ് ഇത് സംബന്ധിച്ച തീരുമാനമെടുത്തത്.

# ടി.കെ. നായർ എന്ന 'അദ്ഭുത മനുഷ്യൻ'

പ്രധാനമന്ത്രി പദവി ഒഴിഞ്ഞ് കാൽ നൂറ്റാണ്ട് തികയും മുൻപ് ആ പദവി അലങ്കരിച്ചയാൾ മരിച്ചത് ജന്മനാട്ടിലെ വാടക വീട്ടിൽ! തന്നെ കാണാൻ എത്തുന്നവരെ അദ്ദേഹം സ്വീകരിച്ചിരുന്നത് ശർക്കര ചായ നൽകി! റേഷൻ വിഹിതമായി കിട്ടിയിരുന്ന പഞ്ചസാര പരിമിതമായതിനാലായിരുന്നു ശർക്കര ചായ നൽകിയത്. മുൻ പ്രധാനമന്ത്രിയുടെ അവസ്ഥ മനസ്സിലാക്കിയ സുഹൃത്തുകൾ പിന്നീട് അദ്ദേഹത്തെ കാണാൻ ചെല്ലുന്നത് പഞ്ചസാര പൊതിയുമായി. പഴയ കൊച്ചി രാജ്യത്തെ നിയമ സമാധാന വകുപ്പ് മന്ത്രി, പ്രോഗ്രസ്സീവ് പാർട്ടി നേതാവ്, ഒരു വർഷത്തോളം കൊച്ചി പ്രധാനമന്ത്രി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ച ടി.കെ.നായർ എന്ന തൊഴൂർ കൃഷ്ണൻ നായർക്കായിരുന്നു കഠിനമായ ജീവിതാനുഭവങ്ങളിലൂടെ അവസാന നാളുകളിൽ കടന്ന് പോകേണ്ടി വന്നത്.

തിരുവില്വാമല കൂട്ടാല നാരായണൻ നായരുടെയും തൊഴൂർ മാധവി അമ്മയുടെയും മകനായി 1896 മേയ് 22 നായിരുന്നു കൃഷ്ണൻ നായരുടെ ജനനം. കുടുംബസ്വത്തായി ലഭിച്ച സ്വത്തുവകകളും സ്വന്തം നിലയിൽ തുടങ്ങിയ സിനിമാ തിയേറ്ററും അടക്കം നിരവധി സംരംഭങ്ങളുണ്ടായിരുന്ന ടി.കെ.നായർ രാഷ്ട്രീയ പ്രവർത്തനത്തിനും നാടിന്റെ വികസന ക്ഷേമപ്രവർത്തനങ്ങൾക്കുമായി കൈവശമുണ്ടായിരുന്ന സ്വത്ത് വകകളെല്ലാം നഷ്ടപ്പെടുത്തി. ഇന്ത്യയിലെ ആദ്യ ഗവർണ്ണർ ജനറൽ മൗണ്ട് ബാറ്റൻ പ്രഭു കൊച്ചി രാജ്യം സന്ദർശിച്ചപ്പോൾ പത്നി ലേഡി മൗണ്ട് ബാറ്റന് പ്രധാനമന്ത്രിയെ പരിചയപ്പെടുത്തിയത് 'അദ്ഭുത മനുഷ്യൻ' എന്നായിരുന്നു. സ്വന്തം നാടിന് വേണ്ടി എല്ലാം നഷ്ടപ്പെടുത്തിയ ടി.കെ. നായർ അക്ഷരാർഥത്തിൽ അദ്ഭുത മനുഷ്യൻ തന്നെയായിരുന്നു.

1925 ൽ നിലവിൽ വന്ന കൊച്ചി നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പുകളിൽ ആദ്യത്തേത് ഒഴികെയുള്ളവയിലെല്ലാം ചേലക്കര മണ്ഡലത്തിൽ നിന്നും വിജയിച്ചത് ടി.കെ.നായരായിരുന്നു. കൊച്ചിയിൽ ഉത്തരവാദ ഭരണത്തിനായുള്ള പ്രക്ഷോഭം ശക്തിയാർജ്ജിച്ചതിന്റെ ഫലമായും 1947 ജൂലൈയിൽ കൊച്ചിയിൽ ഉത്തരവാദ ഭരണം ഏർപ്പെടുത്തണമെന്ന ഇടക്കാല പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ നിർദ്ദേശപ്രകാരവും ദിവാന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന നിയമ സമാധാനം, ധനകാര്യം എന്നീ വകുപ്പുകൾ ജനകീയ മന്ത്രിമാർക്ക് വിട്ടുകൊടുത്തു കൊണ്ടുള്ള വിളംബരം 1947 ആഗസ്റ്റ് 14 ന് കൊച്ചി രാജാവ് പുറപ്പെടുവിച്ചു. നിയമസമാധാന വകുപ്പ് തന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആയിരിക്കുമെന്നും വിശ്വസ്തനായ ഒരാൾക്ക് മാത്രമേ വകുപ്പ് വിട്ടുനൽകുകയുള്ളൂ എന്നുമുള്ള നിലപാട് രാജാവ് കൈക്കൊണ്ടു. തുടർന്ന് പനമ്പിള്ളി ഗോവിന്ദമേനോൻ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത മന്ത്രിസഭയിൽ നിയമസമാധാന വകുപ്പിന്റെ ചുമതല ടി.കെ.നായർക്കായിരുന്നു. 1947 ഒക്ടോബറിൽ രാജേന്ദ്ര മൈതാനത്ത് നടന്ന ലാത്തിചാർജ് സംബന്ധിച്ച് അന്വേഷണം വേണമെന്ന പനമ്പിള്ളിയുടെ ആവശ്യത്തെ നിയമമന്ത്രി ടി.കെ.നായർ നിരാകരിച്ചത് വിവാദമായതോടെ പനമ്പിള്ളിയും മറ്റ് മന്ത്രിമാരും രാജിവയ്ക്കുകയും 1947 ഒക്ടോബർ 27 ന് ടി.കെ.നായർ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുകയും ചെയ്തു.

കൊച്ചി നിയമസഭയിലേക്ക് 1948 ൽ നടന്ന തെരഞ്ഞെടുപ്പിൽ പ്രജാമണ്ഡലത്തിന്റെ നാൽപ്പത്തിമൂന്ന് അംഗങ്ങളും പീപ്പിൾസ് കോൺഗ്രസിന്റെ നാല് അംഗങ്ങളും വിജയിച്ചു. പീപ്പിൾസ് കോൺഗ്രസിന്റെ വിജയിച്ച അംഗങ്ങളിൽ ഒരാൾ ടി.കെ.നായരായിരുന്നു. കൊച്ചിയിൽ ക്ഷേത്ര പ്രവേശന വിളംബരം നടന്നത് ടി.കെ.നായർ മന്ത്രിസഭയുടെ കാലത്തായിരുന്നു. മന്ത്രിയായിരിക്കെ മണ്ഡലത്തിൽ നിരവധി വികസന ക്ഷേമപ്രവർത്തനങ്ങൾ അദ്ദേഹം നടപ്പിലാക്കി. തിരുവില്വാമലയിലെ ശ്രീവില്വാദ്രിനാഥ ക്ഷേത്രത്തോട് ചേർന്നുള്ള വില്വമലയിൽ കൂറ്റൻ ശുദ്ധജല ടാങ്കും അനുബന്ധ ജലവിതരണ പൈപ്പുകളും സ്ഥാപിച്ചത് അദ്ദേഹമായിരുന്നു. കുടിവെള്ളം കിട്ടാക്കനിയായിരുന്ന പ്രദേശവാസികൾക്ക് അന്ന് അത് വലിയ അനുഗ്രഹമായി. വലിയൊരു ജനകീയ പ്രശ്നത്തിന് പരിഹാരം കണ്ടെത്തിയ ടി.കെ.നായരുടെ നടപടി ഏറെ അംഗീകരിക്കപ്പെട്ടു. അടുത്ത തെരഞ്ഞെടുപ്പിൽ അദ്ദേഹത്തിന്റെ പ്രചാരണഗാനത്തിൽ പോലും അത് പ്രതിഫലിക്കപ്പെട്ടു.

"ഓടുന്ന ഭാരതവെള്ളം
'മലപ്പുറ'ത്തോട്ട-
മാറാക്കിയ ധന്യശീലൻ!!
പച്ച മരതകപ്പെട്ടി നിറയ്ക്കുവാൻ
കച്ച കെട്ടീടുവിൻ നാട്ടുകാരേ..."

തെരഞ്ഞെടുപ്പിൽ ഓരോ സ്ഥാനാർത്ഥിക്കുമുള്ള വോട്ട് ഓരോ നിറത്തിലുള്ള പെട്ടിയിൽ നിക്ഷേപിച്ചിരുന്ന അക്കാലത്ത് ടി.കെ.നായരുടെ പെട്ടിയുടെ നിറം പച്ചയായിരുന്നു. തെരഞ്ഞെടുപ്പിൽ ടി.കെ.നായർ പ്രതിനിധാനം ചെയ്ത പീപ്പിൾസ് കോൺഗ്രസ് പരാജയപ്പെട്ടെങ്കിലും ചേലക്കരയിൽ അദ്ദേഹം വൻ വിജയം നേടി. എന്നാൽ പാർട്ടിയുടെ പരാജയത്തെത്തുടർന്ന് 1948 സെപ്റ്റംബർ 19 ന് അദ്ദേഹം പ്രധാനമന്ത്രി പദം രാജി വയ്ക്കുകയായിരുന്നു.

മന്ത്രിപദം ഒഴിഞ്ഞ ശേഷമാണ് കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി അത്ര പന്തിയല്ലെന്ന് അദ്ദേഹം മനസ്സിലാക്കുന്നത്. പൊതുപ്രവർത്തനം ഉണ്ടാക്കിയ ബാധ്യതകൾ തീർക്കാൻ ഓട്ടുകമ്പനിയും ഭൂസ്വത്തിന്റെ വലിയൊരു ഭാഗവും വിൽക്കേണ്ടി വന്നു. തെരഞ്ഞെടുപ്പ് ചെലവുകൾക്കായി തന്റെ സുഹൃത്തിന് എഴുതി നൽകിയ പ്രോ നോട്ട് ഉപയോഗപ്പെടുത്തി അയാൾ അവശേഷിക്കുന്ന ഭൂസ്വത്തും ജപ്തി ചെയ്തു. ജനസേവനത്തിനായി വിൽക്കാൻ ഭൂമി കൈവശമില്ലാത്തതിനാൽ ഇനി മത്സര രംഗത്തേക്കില്ലെന്നായിരുന്നു പിന്നീട് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ പ്രോത്സാഹിപ്പിച്ച സുഹൃത്തുക്കൾക്ക് ടി.കെ.നായർ നൽകിയ മറുപടി.

ഭാര്യ അമ്മുക്കുട്ടിയുടെ ചികിത്സക്കായി പണം ആവശ്യമായി വന്നപ്പോഴും തന്റെ പഴയ പദവിയാതൊരുവിധ സൗജന്യത്തിനോ ആനുകൂല്യത്തിനോ അദ്ദേഹം ഉപയോഗിച്ചില്ല. ഭാര്യയുടെ മരണശേഷം 1964 ൽ തൃശ്ശൂരിലെ വാടക വീട്ടിലേക്ക് താമസം മാറ്റിയെങ്കിലും രണ്ട് വർഷങ്ങൾക്ക് ശേഷം സ്വന്തം നാട്ടിലേക്ക് തന്നെ മടങ്ങുകയായിരുന്നു അദ്ദേഹം. നാട്ടിലെ വാടക വീട്ടിൽ താമസം തുടങ്ങിയ അദ്ദേഹം മരണം വരെ അവിടെ തുടർന്നു.



കൊച്ചി സന്ദർശനവേളയിൽ മൗണ്ട് ബാറ്റൺ പ്രഭുവും ഭാര്യയും ടി.കെ. നായർക്കൊപ്പം

തന്റെ അധികാരം വിനിയോഗിച്ച് ജോലി വാങ്ങി നൽകണമെന്നാവശ്യപ്പെട്ടെത്തിയ ബന്ധുവിനോട് 'അർഹതയുണ്ടെങ്കിൽ കിട്ടും' എന്ന് പറയാൻ ആർജ്ജവം കാണിച്ച ജനപ്രതിനിധിയായിരുന്നു അദ്ദേഹം. മകളുടെയും മരുമകന്റെയും മരണശേഷം മകളുടെ മകനായിരുന്നു അദ്ദേഹത്തിന്റെ സന്തത സഹചാരി. ചെറുമകന് ജോലി നൽകാൻ തയ്യാറാണെന്നും ടി.കെ. നായരുടെ ശിപാർശ കത്ത് മാത്രം മതിയെന്നും ആവശ്യപ്പെട്ട് സമീപിച്ചവരെ 'അരുതാത്തത് ചെയ്യാൻ നിർബന്ധിക്കരുത്' എന്ന് പറഞ്ഞ് മടക്കിയയ്ക്കുകയായിരുന്നു അദ്ദേഹം.

ശാന്തസ്വഭാവക്കാരനെങ്കിലും നിയമസഭയ്ക്കകത്ത് വളരെ കാർക്കശ്യമുള്ള ജനപ്രതിനിധിയായിരുന്നു ടി.കെ. നായർ. കൊച്ചിൻ മുനിസിപ്പൽ ബില്ലിന്മേലുള്ള ചർച്ചാവേളയിൽ ദിവാൻ ഷൺമുഖം ചെട്ടിക്കെതിരെ ശക്തമായ ഭാഷയിൽ പ്രതിഷേധിച്ച ടി.കെ.നായരിൽ ദർശിക്കാൻ കഴിയുക ആദർശധീരനും നിസ്വാർത്ഥനുമായ ഒരു സഭാംഗത്തെയാണ്. സഭയുടെ അധികാരങ്ങൾ ദിവാൻ കവർന്നെടുക്കുകയാണെന്നും തെറ്റ് പറ്റിയാൽ അത് തുറന്നു സമ്മതിക്കാനുള്ള ആർജ്ജവം ഭരണാധികാരികൾക്കുണ്ടാവണമെന്നും പറഞ്ഞ അദ്ദേഹം ദിവാനെതിരെ ആഞ്ഞടിക്കുകയായിരുന്നു.

സ്വന്തം നാടിന്റെ ക്ഷേമത്തിനായി കൈവശമുണ്ടായിരുന്നതെല്ലാം നഷ്ടപ്പെടുത്തിയ ആദർശധീരനെ 'അദ്ഭുത മനുഷ്യൻ' എന്ന് മൗണ്ട് ബാറ്റൻ പ്രഭു വിശേഷിപ്പിച്ചതിൽ അദ്ഭുതപ്പെടാനില്ലെന്ന് ടി.കെ.നായരുടെ ജീവചരിത്രം നമുക്ക് മനസ്സിലാക്കിത്തരുന്നു.

*തയ്യാറാക്കിയത് :*
*രാഖി കെ.വി.*
*സെക്ഷൻ ഓഫീസർ*

സഭാ നേതാവിന്റെ പേജ്



പിണറായി വിജയൻ
മുഖ്യമന്ത്രി

# നവകേരളം യാഥാർത്ഥ്യത്തിലേക്ക്

കേരളത്തിന്റെ വടക്കേയറ്റമായ മഞ്ചേശ്വരം മുതൽ തെക്കേ അറ്റത്തെ പാറശ്ശാല വരെ നടത്തിയ നവകേരള സദസ്സുകൾ പൂർത്തിയായിരിക്കുകയാണ്. ഈ ജനകീയ സംവാദ പരിപാടി ജനാധിപത്യ ഭരണനിർവ്വഹണ ചരിത്രത്തിലെ അത്യപൂർവ്വമായ അധ്യായമായി മാറിയിരിക്കുന്നു. ഈ യാത്രയിൽ ജനങ്ങളെ കാണാനും പൂർത്തിയാക്കിയതും പുരോഗമിക്കുന്നതുമായ വികസന പദ്ധതികൾ നേരിട്ട് വിലയിരുത്താനും ശ്രമിച്ചിട്ടുണ്ട്.

പൈവളിഗെയിൽ ഉദ്ഘാടന വേദിയിലേക്ക് പോകുമ്പോൾ വാഹനം നിർത്തി ഞങ്ങൾ ദേശീയപാതാ വികസനത്തിന്റെ പൂർത്തീകരണ രംഗങ്ങൾ കാണുകയുണ്ടായി. കേരളത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയിൽ വൻകുതിപ്പ് സൃഷ്ടിക്കാൻ ഈ പാത ഉപകരിക്കും. മുടങ്ങിക്കിടന്നിരുന്ന ഈ പദ്ധതി സാധ്യമായത് 2016 ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഇടപെടൽ കാരണമാണ്. രാജ്യത്ത് മറ്റൊരിടത്തും ഇല്ലാത്തവിധം സ്ഥലം ഏറ്റെടുക്കുമ്പോൾ നൽകേണ്ട നഷ്ടപരിഹാര തുകയിൽ 25 ശതമാനം സംസ്ഥാനം വഹിക്കേണ്ടി വന്നു. ഇതുവരെ കിഫ്ബി വഴി 5,580.74 കോടി രൂപ സംസ്ഥാനം ചെലവഴിച്ചിട്ടുണ്ട്. 2025 ഓടെ പദ്ധതി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ദേശീയപാത വികസനം നമ്മുടെ നേട്ടങ്ങളുടെ ഒരു ഭാഗം മാത്രമാണ്. പുതുവൈപ്പിനിലെ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ എൽ. പി. ജി. ഇമ്പോർട്ട് ടെർമിനലിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. സിറ്റി ഗ്യാസ് പദ്ധതിയുടെ ഭാഗമായി വീടുകളിലേക്ക് കണക്ഷൻ എത്തിക്കുന്ന നടപടി വിവിധ ജില്ലകളിൽ പുരോഗമിക്കുന്നതോടൊപ്പം സി. എൻ. ജി. സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളും അതിവേഗം നടക്കുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ക്രെയിനുകൾ സ്ഥാപിക്കുന്നതിനായി ആദ്യ കപ്പലുകൾ എത്തിച്ചേർന്നിട്ടുണ്ട്. 2024 ൽ തുറമുഖം കമ്മീഷൻ ചെയ്യാൻ സാധിക്കും. വിഴിഞ്ഞം പദ്ധതി പൂർത്തീകരണത്തിന്റെ ഭാഗമായി വിപുലമായ തലസ്ഥാന മേഖലാ വികസന പരിപാടിക്ക് തുടക്കം കുറിക്കാൻ പോവുകയാണ്. ഔട്ടർ റിംഗ് റോഡ് ഇതിന്റെ ഭാഗമാണ്. വിഴിഞ്ഞം മുതൽ നാവായിക്കുളം വരെ ആറുവരിപ്പാതയും ഇരുവശങ്ങളിലുമായി നോളഡ്ജ് ഹബ്ബുകൾ, വ്യവസായ പാർക്കുകൾ, വിനോദ കേന്ദ്രങ്ങൾ, ടൗൺഷിപ്പുകൾ എന്നിവയുമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്.

വടക്കേ മലബാറിലെ ബൃഹദ് പദ്ധതിയായ മുഴപ്പിലങ്ങാട് ബീച്ചിന്റെ ഒന്നും രണ്ടും ഘട്ടങ്ങൾ 2024 ൽ ഉദ്ഘാടനം ചെയ്യാൻ കഴിയും. വിജ്ഞാനാധിഷ്ഠിത സമൂഹം രൂപപ്പെടുത്താനുള്ള ചുവടുവയ്പ്പിന് കരുത്തേകി ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക്  ടെക്നോപാർക്ക് ഫേസ് നാലിൽ തുടക്കം കുറിച്ചു. ഈ പദ്ധതിക്കായി അനുവദിച്ചത് 200 കോടി രൂപയാണ്. ഡിജിറ്റൽ സർവകലാശാലയോട് ചേർന്ന് ടെക്നോസിറ്റിയിലെ 14 ഏക്കറിൽ ഏകദേശം 1,515 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ഡിജിറ്റൽ സയൻസ് പാർക്ക്  ദീർഘവീക്ഷണത്തിന്റെ മറ്റൊരു ഉദാഹരണമാണ്. രണ്ടു വർഷത്തിനുള്ളിൽ 2,50,000 ചതുരശ്രയടി വിസ്തീർണ്ണമുള്ള രണ്ട് കെട്ടിടങ്ങൾ പൂർത്തിയാവുകയും പാർക്ക് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാവുകയും ചെയ്യും.

കേരളത്തെ ലോകത്തിലെ പ്രധാന എയ്റോസ്പേസ് ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും കേന്ദ്രമാക്കി മാറ്റുന്നതിനും ബഹിരാകാശ, വ്യോമയാന, പ്രതിരോധ മേഖലകളിൽ വ്യവസായങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള കേരള സർക്കാരിന്റെ പ്രധാന സംരംഭങ്ങളിലൊന്നാണ് കേരള സ്പേസ് പാർക്ക്സ് പ്രോജക്റ്റ്, അഥവാ കെ-സ്പേസ്. തിരുവനന്തപുരം ടെക്നോസിറ്റിയിൽ 20 ഏക്കർ സ്ഥലമാണ് സ്പേസ് പാർക്കിന്റെ പ്രധാന ഓഫീസിനായി അനുവദിച്ചിരിക്കുന്നത്.

അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിനായി കണ്ണൂർ ജില്ലയിൽ കല്യാട് വില്ലേജിൽ 311.76 ഏക്കർ സ്ഥലം കണ്ടെത്തുകയും അതിൽ 36.57 ഏക്കർ ഭൂമി ആദ്യഘട്ടം നടപ്പാക്കുന്നതിനു കൈമാറുകയും ചെയ്തു. ഇത് ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ആയുർവേദ വികസനത്തിനും ഗവേഷണത്തിനുമുള്ള കേന്ദ്രമായിരിക്കും.

ഒരു ലക്ഷത്തിലധികം പേർക്ക് തൊഴിൽ ലഭിക്കുന്ന കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിക്കായി പാലക്കാടും എറണാകുളത്തുമായി അഞ്ചിടങ്ങളിൽ ഭൂമി ഏറ്റെടുക്കൽ പുരോഗമിക്കുന്നു. 2,152 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതിൽ ഇതുവരെ 1,240 ഏക്കർ ഏറ്റെടുക്കാൻ കഴിഞ്ഞു. നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആൻഡ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് 3,815.46 കോടി രൂപയുടെ പദ്ധതി വിഹിതത്തിന് 2023 മാർച്ചിൽ അംഗീകാരം നൽകി. അത് നിലവിൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. വ്യവസായ ഇടനാഴി സാക്ഷാത്കരിക്കപ്പെടുന്നതോടെ പാലക്കാട് ജില്ലയിൽ മാത്രം പതിനായിരം കോടി രൂപയുടെ നിക്ഷേപമാണ് ഉണ്ടാകാൻ പോകുന്നത്. 585 കോടി രൂപ നികുതിയിനത്തിൽ സർക്കാരിന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കൊച്ചി - ബാംഗ്ലൂർ ഇടനാഴിയുടെ ഭാഗമായി രാജ്യത്തെ രണ്ടാമത്തേതും ദക്ഷിണേന്ത്യയിലെ ആദ്യത്തേതുമായ ഗിഫ്റ്റ് സിറ്റിയുടെ സ്ഥലമേറ്റെടുക്കുന്നതിനുള്ള പ്രക്രിയ ആരംഭിച്ചു. കിഫ്ബി വഴി 850 കോടി രൂപയാണ് സ്ഥലമേറ്റെടുപ്പിന് ചെലവഴിക്കുന്നത്.

തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്കിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ മേൽനോട്ടത്തിൽ സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പുതിയ കെട്ടിടത്തിന്റെയും 8 ലാബുകളുടെയും ഉദ്ഘാടനം കഴിഞ്ഞു. നിലവിൽ 88 തരം വൈറസുകൾ കണ്ടെത്തുന്നതിനുള്ള സൗകര്യം സ്ഥാപനത്തിലുണ്ട്.

മലയോര മേഖലയിലെ പശ്ചാത്തല വികസനത്തിനായി കാസർഗോഡ് നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം പാറശ്ശാല വരെ 13 ജില്ലകളിലായി 1,251 കിലോമീറ്റർ നീളത്തിൽ 3,500 കോടി രൂപ ചെലവിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. ഇതിൽ 133.66 കിലോമീറ്റർ പൂർത്തിയാക്കി ജനങ്ങൾക്ക് തുറന്നുകൊടുത്തു. 735 കിലോമീറ്ററിന് സാമ്പത്തികാനുമതിയും 482 കിലോമീറ്ററിന് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ പൂവാറിൽ നിന്ന് ആരംഭിച്ച് കാസർഗോഡ് ജില്ലയിലെ തലപ്പാടിക്ക് സമീപം കുഞ്ചത്തൂരിൽ അവസാനിക്കുന്ന തീരദേശപാത തീരദേശമേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ വലിയ കുതിപ്പ് സൃഷ്ടിക്കും. കൊല്ലം, വിഴിഞ്ഞം, വല്ലാർപാടം തുടങ്ങിയ പ്രധാന തുറമുഖങ്ങളെയും മറ്റ് നിരവധി ചെറിയ തുറമുഖങ്ങളെയും ഇത് ബന്ധിപ്പിക്കും. ഹൈവേയുടെ ആകെ നീളം ഏകദേശം 600 കിലോമീറ്ററാണ്. ഈ പദ്ധതിക്ക് 2017 ലെ സംസ്ഥാന ബജറ്റിൽ 6,500 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്.

താമരശ്ശേരിച്ചുരം റോഡിന് ബദലായി നിർമ്മിക്കുന്നതാണ് ആനക്കാംപൊയിൽ കല്ലാടി മേപ്പാടി തുരങ്കപാത. അത് വയനാട്ടുകാരുടെ ദീർഘകാല സ്വപ്നമാണ്. 8.11 കിലോമീറ്റർ ദൂരത്തിൽ രണ്ട് വരിയായാണ് പാത നിർമ്മിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടി അവസാന ഘട്ടത്തിലാണ്. ഒന്നാംഘട്ട ഫോറസ്റ്റ് ക്ലിയറൻസ് വനം മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. പരിസ്ഥിതി ആഘാത പഠനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഏകദേശ നിർമ്മാണ ചെലവ് 2,134 കോടി രൂപയാണ്.

ശബരിമല വിമാനത്താവളത്തിനായി കാഞ്ഞിരപ്പള്ളി താലൂക്കിലെ മണിമല, എരുമേലി സൗത്ത് വില്ലേജുകളിലായി 2,750 ഹെക്ടറോളം ഭൂമി ഏറ്റെടുക്കാനാണ് തീരുമാനിച്ചത്. ഈ പദ്ധതിക്ക് പ്രതിരോധ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഏകദേശ നിർമ്മാണ ചെലവ് 3,411 കോടി രൂപയാണ്. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായുള്ള നടപടിക്രമങ്ങളും തയ്യാറായിവരുന്നു.

കേരളത്തിന്റെ അഭിമാനപദ്ധതികളിലൊന്നായ കെ-ഫോണിന്റെ 7,556 കിലോമീറ്റർ ബാക്ബോൺ സ്ഥാപിക്കാനുള്ളതിൽ 6,546 കിലോമീറ്റർ പൂർത്തിയാക്കി. 22,802 കിലോമീറ്റർ എ. ഡി. എസ്. എസ്. കേബിൾ, ഒ.എഫ്..സി. ആക്സസ് കേബിൾ എന്നിവ സ്ഥാപിക്കാനുള്ളതിൽ 18,615 കിലോമീറ്റർ പൂർത്തീകരിച്ചു. 27,651 ഓഫീസുകളിൽ കണക്ഷൻ നൽകുന്നതിനുള്ള ഉപകരണങ്ങൾ സ്ഥാപിക്കുകയും 18,063 ഓഫീസുകളിൽ ഇന്റർനെറ്റ് സൗകര്യം ഉറപ്പുവരുത്തുകയും ചെയ്തു. 20 ലക്ഷം കുടുംബങ്ങൾക്ക് അതിവേഗ ഇന്റർനെറ്റ് സൗജന്യമായി ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. 3,715 കുടുംബങ്ങൾക്ക് ഇതുവരെ കണക്ഷൻ നൽകി. 6,200 വീടുകളിൽ കേബിൾ എത്തിച്ചു.

അന്താരാഷ്ട്ര ശ്രദ്ധ നേടിയ കൊച്ചി വാട്ടർ മെട്രോ പദ്ധതിയുടെ ചെലവ് 1,136.83 കോടി രൂപയാണ്. 30 ബോട്ടുജെട്ടികളുള്ള ഈ പദ്ധതിയിൽ മെട്രോ സ്റ്റേഷനുകളെയും ബസ് ടെർമിനലുകളെയും ബന്ധിപ്പിച്ചുകൊണ്ട് 78 ബോട്ടുകളാണ് സർവ്വീസ് നടത്തുക. നിലവിൽ 3 റൂട്ടുകളും 12 ബോട്ടുകളും 8 ജെട്ടികളും പ്രവർത്തനസജ്ജമായി. 2023 ഏപ്രിൽ 25 മുതൽ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ച വാട്ടർ മെട്രോയ്ക്ക് ജനങ്ങളിൽ നിന്നും അഭൂതപൂർവ്വമായ വരവേൽപ്പാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. കൊച്ചി വാട്ടർ മെട്രോ സർവ്വീസ് ഇതുവരെ ഉപയോഗിച്ചത് 12.5 ലക്ഷത്തിൽ അധികം ആളുകളാണ്.

കാസർഗോഡിനെയും തിരുവനന്തപുരത്തെയും ബന്ധിപ്പിക്കുന്ന ദേശീയ ജലപാത പൂർത്തീകരിക്കുന്നതിനായി കേരള വാട്ടർവേസ് ഇൻഫ്രാസ്ട്രക്ച്ചർ എന്ന പുതിയ കമ്പനിക്ക് സർക്കാർ രൂപം നൽകി. കോവളം മുതൽ ബേക്കൽ വരെ നീളുന്ന 616 കിലോമീറ്റർ ദൈർഘ്യമുള്ള പശ്ചിമതീര ജലപാതയുടെ നിർമ്മാണം പുരോഗമിക്കുകയാണ്. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കിലോമീറ്റർ പൂർണ്ണതോതിൽ ജലഗതാഗത യോഗ്യമാക്കി. കോവളം മുതൽ കൊല്ലം വരെ നീളുന്ന 76.18 കിലോമീറ്ററിൽ, 60.18 കിലോമീറ്റർ ദൂരം ഗതാഗതയോഗ്യമാക്കുന്ന പ്രവർത്തനവും കോട്ടപ്പുറം മുതൽ ചാവക്കാട് വരെ നീളുന്ന 60 കിലോമീറ്റർ ഭാഗത്തെ തടസ്സം നീക്കലും 2024 മാർച്ചിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. 100 കിലോമീറ്റർ നീളമുള്ള ചാവക്കാട് - കല്ലായി ഭാഗത്ത് പുനരുദ്ധാരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

നവകേരള നിർമ്മിതിക്കായി സർക്കാർ ഏതെല്ലാം രീതിയിൽ ഇടപെടുന്നു എന്ന് വ്യക്തമാക്കാനാണ് ഇതൊക്കെ വിശദീകരിച്ചത്. ഈ പദ്ധതികളുടെയാകെ പൂർത്തീകരണത്തിനും നാടിന്റെ മുന്നോട്ടുപോക്കിനുമായി കൂടുതൽ ഊർജ്ജസ്വലതയോടെ മുന്നേറുന്നതിനുള്ള ജനപിന്തുണയാണ് നവകേരള സദസ്സ് എന്ന ബഹുജന സംവാദ പരിപാടിയിലൂടെ സർക്കാർ തേടിയത്. ആ പിന്തുണയാണ് വമ്പിച്ച പങ്കാളിത്തത്തിലൂടെ കേരള ജനത നൽകിയത്. ഈ യാത്രയുടെ അനുഭവം തുടർന്നുള്ള പ്രവർത്തനത്തിനും മുന്നേറ്റത്തിനും വർദ്ധിച്ച ഊർജ്ജം പകരും.

Printed and Published by Shaji. C. Baby, Secretary - in - charge, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at  Akshara Offset, TC 25/3230 (1), Near Old GPO, Vanchiyoor, Thiruvananthapuram  - 695 035 and Published from Data Resource Development Section, Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram 695 033, Editor- A.N. Shamseer